# **<u>മാരേട്ട് കുടുംബചരിത്രം</u>**

*( പുതുക്കിയ വർഷം - 2024)*

**<u>മാരേട്ട് ശാഖാ തലമുറ</u>**

**<u>I - ഒന്നാം തലമുറ</u>**

**<u>II - രണ്ടാം തലമുറ</u>**

**<u>III - മൂന്നാം തലമുറ</u>**

**<u>IV - നാലാം തലമുറ</u>**

**<u>V - അഞ്ചാം തലമുറ</u>**

**<u>VI - ആറാം തലമുറ</u>**

**<u>VII - ഏഴാം തലമുറ</u>**

**<u>vIII - എട്ടാം തലമുറ</u>**

**<u>IX - ഒൻപതാം തലമുറ</u>** *<u>( ഒൻപതാം തലമുറ നല്ല പങ്ക് അവിവാഹിതരായ ചെറുപ്പക്കാർ ആയതിനാൽ പ്രത്യേകം തിരിച്ചു എഴുതിയിട്ടില്ല)</u>*

**<u>പ്രത്യേക അറിയിപ്പ്</u>**

*(മാരേട്ട് ശാഖാ ചരിത്രത്തിൽ മരണമടഞ്ഞവരിൽ ഒരു നല്ല ശതമാനം കുടുംബാംഗങ്ങളെയും സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് പള്ളി (എംനോർത്ത്) യിലാണ് സംസ്കരിച്ചിരിക്കുന്നത്. മറ്റ് പള്ളികളിലും സ്ഥലങ്ങളിലും സംസ്കരിച്ചിരിക്കുന്നവർ വളരെ ചുരുക്കം മാത്രം ഉള്ളതിനാൽ അവരുടെ പേരുകളോടു ചേർത്തു മാത്രമെ പള്ളിയുടെ പേരും സ്ഥലവും ഖപ്പെടുത്തിയിട്ടുള്ളു. ആവർത്തനം ഒഴിവാക്കുന്നതിനായി മറ്റ് മരണപ്പെട്ട വരെയെല്ലാം സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് പള്ളിയിൽ സംസ്കരിച്ചിരിക്കുന്നു എന്ന് ചേർത്തിട്ടില്ല.)*

വടക്കേത്തലയ്ക്കൽ കുടുംബ പിതാവായ ഇടിച്ചാണ്ടിയുടെ ഇളയമകൻ നൈനാനാണ് മാരേട്ട് ശാഖയുടെ ആദ്യ പിതാവ്.
അദ്ദേഹം കല്ലൂപ്പാറയിൽ അതിപുരാതനവും പ്രശസ്തവുമായ അടങ്ങപ്പുറത്ത്, വലിയ പണിക്കർ, കൊച്ചു പണിക്കർ എന്നിവരുടെ സഹോദരി അച്ചാമ്മയേയാണ് വിവാഹം കഴിച്ചിരുന്നത്. പണിക്കർമ്മാർ സ്ഥാനമാനികളും, പ്രതാപികളുമായിരുന്നു. നൈനാൻ മാവേലിക്കര താലൂക്ക് മുതൽപടിക്കാരനായിരുന്നു എന്നാണ് അറിയപ്പെടുന്നത്. അദ്ദേഹത്തിന് അച്ചാമ്മയിൽ രണ്ട് പുത്രന്മാരും ഒരു പുത്രിയും ജനിച്ചു. കുഞ്ഞുങ്ങളുടെ ജനനത്തിനു ശേഷം നൈനാൻ നന്നെ ചെറുപ്പത്തിൽ മരണമടഞ്ഞു. യൗവ്വനത്തിൽ തന്നെ വിധവയായ അച്ചാമ്മയെ കുട്ടികളുമൊത്ത് സഹോദരന്മാർ അടങ്ങപ്പുറത്തേക്ക് കൂട്ടികൊണ്ടുപോന്നു. ഇപ്പോഴത്തെ പത്തനംതിട്ട ജില്ലയുടെ പടിഞ്ഞാറുഭാഗത്ത് പുറമറ്റം പഞ്ചായത്തിൽ മണിമലയാറിന്റെ തെക്കേത്തീരത്താണ് അടങ്ങപ്പുറത്ത് തറവാടും മാരേട്ട് തറവാടും സ്ഥിതി ചെയ്യുന്നത്. കല്ലൂപ്പാറ, പുറമറ്റം, മല്ലപ്പള്ളി, ആനിക്കാട്, കോട്ടാങ്ങൽ എന്നീ പഞ്ചായത്തുകൾ ഉൾപ്പെട്ട കല്ലൂപ്പാറ ദേശമായിരുന്നു അന്ന്. ഏകദേശം 36 ചതുരശ്ര മൈൽ വിസ്തീർണം വരുന്ന ഈ പ്രദേശം ഇടപ്പള്ളി തമ്പുരാക്കന്മാരുടെ സ്വകാര്യ സ്വത്തായിരുന്നു. അവരുടേതായ പ്രത്യേകം പ്രവർത്തികച്ചേരി (ഇപ്പോഴത്തെ വില്ലേജ് ആഫീസ്) മുഖാന്തരമാണ് കരം പിരിവ് നടത്തിയിരുന്നത്. കല്ലൂപ്പാറയിൽ വളരെ പുരാതനവും പ്രസിദ്ധവുമായ ഒരു ദേവി ക്ഷേത്രവും, ക്ഷേത്രത്തിന് സമീപത്തായി തമ്പുരാക്കന്മാർക്ക് എഴുന്നെള്ളി താമസിക്കാനായി ഒരു വലിയ കൊട്ടാരവും ഉണ്ടായിരുന്നു. ഏകദേശം 1000 കൊല്ലത്തിലേറെ പഴക്കം വരുന്ന കല്ലൂപ്പാറ ഓർത്തഡോക്സ് വലിയപള്ളിയും ക്ഷേത്രത്തോട്

തൊട്ടാണ് സ്ഥിതിചെയ്യുന്നത്.  പുരാതന കാലത്ത് മദ്ധ്യതിരുവിതാംകൂറിലെ ക്രിസ്ത്യാനികൾക്ക് നിരണം പള്ളി മാത്രമായിരുന്നു ഉണ്ടായിരുന്നത്. കല്ലുപാറ ദേശത്തുള്ളവർ മരിച്ചാൽ പോലും വള്ളത്തിൽ നിരണത്തു പള്ളിയിൽ കൊണ്ടു പോയിട്ടാണ് സംസ്കരിച്ചിരുന്നത്. തന്റെ പ്രജകളുടെ ബുദ്ധിമുട്ട് കണ്ട് മനസ്സലിഞ്ഞ് അന്നത്തെ ഇടപ്പള്ളി തമ്പുരാൻ ഒരു ക്രിസ്തീയ ദേവാലയം പണിയുന്നതിന് സ്വയം മുൻകൈ എടുത്തു എന്നും അങ്ങനെയാണ് കല്ലൂപ്പാറ വലിയ പള്ളിയുടെ ആവിർഭാവം എന്നുമാണ് ഐതീഹ്യം. ദേവീ ക്ഷേത്രത്തിന് തൊട്ടുമുൻപിലുള്ള പുരയിടത്തിൽ തന്നെ പള്ളി സ്ഥാപിക്കാൻ ഇടയായതും അക്കാരണത്താലാണ് .  എന്തായാലും ഒരു ഹൈന്ദവ ക്ഷേത്രവും, ക്രിസ്തീയ ദേവാലയവും, ഇത്ര അടുത്ത് സ്ഥിതി ചെയ്യുന്നത് കേരളത്തിൽ മറ്റെവിടെയെങ്കിലും ഉണ്ടോ എന്ന് സംശയമാണ്.

വടക്കേത്തലയ്ക്കൽ നൈനായുടെ ആൺമക്കളായ ഉമ്മുമ്മനും അവിരായും ഏക പുത്രിയായ അച്ചാരും അടങ്ങപ്പുറത്ത് അമ്മാവന്മാരുടെ പരിലാളനയിൽ വളർന്നു. ഇവരിൽ മൂത്ത ആളായ ഉമ്മുമ്മനാണ് മാരേട്ട് കുടുംബസ്ഥാപകൻ.  വിവാഹ ശേഷം ഉമ്മുമ്മന് താമസിക്കുവാൻ വേണ്ടിയാണ് മാരേട്ട് പുരയിടം വാങ്ങിയത്. ഇത് കൊല്ലവർഷം 970-ാമാണ്ട് എന്ന് കണക്കാക്കപ്പെടുന്നു. ഇപ്പോൾ മാരേട്ടുള്ള പഴയവീട് ഉമ്മുമ്മൻ, ഇടപ്പള്ളി മുതൽപിടിയായി സേവനം അനുഷ്ഠിക്കുന്ന കാലത്ത് അന്നത്തെ ഇടപ്പള്ളി തമ്പുരാന്റെ പ്രത്യേക നിർദേശപ്രകാരം ഇണ്ടംതുരുത്തി പണിക്കരുടെ മേൽനോട്ടത്തിൽ പണിയിച്ചുകൊടുത്തതാണ് എന്ന് പറയപ്പെടുന്നു.



*മാരേട്ട് തറവാട്. 300 വര്ഷത്തിനടുത്തു  പഴക്കം  അവകാശപ്പെടുന്നു*

**<u>I-ഉമ്മുമ്മൻ(മുതൽപിടിക്കാരൻ)</u>**

മാരേട്ട് കുടുംബത്തിനുവേണ്ടി വമ്പിച്ച ഭൂസ്വത്തുക്കൾ ആർജിച്ചതും കുടുംബത്തിന്റെ പ്രശസ്തിയ്ക്ക് അടിസ്ഥാനമിട്ടതും ഉമ്മുമ്മനാണ്. ഉമ്മുമ്മനും സഹോദരൻ അവിരായും രൂപസൗഭാഗ്യവും ബുദ്ധിവൈഭവും ഒപ്പം കൈവരിച്ച അപൂർവ്വ ബാലന്മാരായിരുന്നു. അമ്മാവന്മാരുടെ കൂടെ അടങ്ങപ്പുറത്ത് താമസിക്കുന്ന കാലത്താണ് ഒരിക്കൽ ഇടപ്പള്ളി തമ്പുരാൻ ഈ രണ്ട് ബാലന്മാരെയും കാണുന്നതിന് ഇടയായത്. പ്രഥമദൃഷ്ഠ്യാ തന്നെ തമ്പുരാന് അവരിൽ താല്പര്യം തോന്നുകയും കൊട്ടാരത്തിൽ വിളിച്ചു വരുത്തി സംസാരിക്കുകയും ചെയ്തു. അങ്ങനെ ചെറുപ്രായത്തിൽ തന്നെ ഇടപ്പള്ളി തമ്പുരാന്റെ പ്രീതി പാത്രങ്ങളാകാനും ഈ സഹോദരന്മാർക്ക് കഴിഞ്ഞു. പ്രായമായപ്പോൾ തിരുമേനി ഉമ്മുമ്മനെ മുതൽപിടിയായി നിയമിച്ചു. അങ്ങനെ ഇടപ്പള്ളി തമ്പുരാന്റെ പ്രതിനിധിയായി കല്ലൂപ്പാറ ദേശം ഭരിക്കുവാനുള്ള

അപൂർവ അവസരം ഉമ്മുമ്മനിൽ വന്നു ചേർന്നു. ഈ സ്ഥാനവും ബഹുമതിയും അദ്ദേഹത്തെ വളരെയേറെ പ്രശസ്തനാക്കി. ധരാളം വസ്തുവകകളും സ്വർണ്ണപ്പണ്ടങ്ങളും സമ്പാദിച്ചു. അങ്ങനെ കല്ലൂപ്പാറയിലുള്ള പുരാതന ക്രിസ്തീയ കുടുംബങ്ങളുടെ ഇടയിൽ അത്യന്തം ശ്രദ്ധേമായ ഒരു സ്ഥാനം മാരേട്ട് കുടുംബത്തിന് കൈവന്നു. സഹോദരൻ അവിരാ വിവാഹിതനായശേഷം കവുങ്ങുംപ്രയാർ എന്ന സ്ഥലത്ത് ഊര്യപടിക്കൽ  എന്ന പുരയിടം വാങ്ങി അവിടേക്ക് താമസം മാറ്റി. മാരേട്ട് ഉമ്മുമ്മന്റെ  സഹോദരനാണ് ഊര്യപടിക്കൽ ശാഖയുടെ സ്ഥാപകൻ. ഇവരുടെ സഹോദരി അച്ചാരെ കൊട്ടാരക്കര തുലാക്കാരൻ മുതലാളിമാരുടെ കുടുംബത്തിൽ വിവാഹം കഴിച്ചു.
ഉമ്മുമ്മൻ വിവാഹം കഴിച്ചിരുന്നത് പുളിങ്കുന്നിൽ മുന്നൂറ്റിനാല്പതിൽ കൊച്ചുകോര തരകന്റെ മകൾ അന്നാമ്മയെ ആയിരുന്നു. കല്ലൂപ്പാറ ദേശത്ത് ധാരാളം വസ്തുവകകൾ സമ്പാദിച്ച കാരണം മാവേലിക്കരയിലുള്ള ഓഹരി (പുത്തൻപുരയിലെ പഴയ മേടയും വസ്തുക്കളും) ഈ സഹോദരന്മാരുടെ വീതത്തിൽ കിട്ടിയതാണെങ്കിലും പിൽക്കാലത്ത് മാവേലിക്കരക്കാർക്ക് വിട്ടു കൊടുക്കുകയാണുണ്ടായത്. ഉമ്മുമ്മന്റെ കൊച്ചുമകൻ അവിരാച്ചൻറ കാലംവരെ മാവേലിക്കരെ പോയി ഈ മേട കെട്ടി സൂക്ഷിച്ചിരുന്നതായി അവിരാച്ചന്റെ മകൻ ഏ. പീലിപ്പോസ് ജഡ്ജിയുടെ ഡയറിക്കുറിപ്പിൽ കാണുന്നു.
ഉമ്മുമ്മൻ കല്ലൂപ്പാറ വലിയപള്ളിയുടെ പ്രധാന ഭരണക്കാരിൽ ഒരാളായിരുന്നു പള്ളിയുടെ പടിഞ്ഞാറുവശം മുറ്റം ഉൾപ്പെടെയുള്ള സ്ഥലം ഉമ്മുമ്മൻ തന്റെ സ്വന്തം പേരിൽ വാങ്ങി, പള്ളിയുടെ പടിഞ്ഞാറുവശം മതിലും കെട്ടി പള്ളിക്ക് സംഭാവന ചെയ്തതാണ് എന്നും, പീലിപ്പോസ് ജഡ്ജിയുടെ കാലം വരെ ഉമ്മുമ്മന്റെ പേരിൽ കരം തീർന്നിരുന്നു എന്നും ഡയറി ക്കുറിപ്പിലുണ്ട്. ഇദ്ദേഹം 1009 കുംഭമാസം 24-ാം തീയതി 57-ാമത്തെ വയസിൽ നിര്യാതനായി. കല്ലൂപ്പാറ വലിയ പള്ളിയിൽ സംസ്കരിച്ചു.


**<u>രണ്ടാം തലമുറ</u>**

ഒരു മകനും ഒരു മകളും ജനിച്ചശേഷം ഉമ്മുമ്മന്റെ ഭാര്യ ദിവംഗതയായി. അന്ന് ഉമ്മുമ്മന് 30 വയസ് പ്രായമെ ഉണ്ടായിരുന്നുള്ളു. ധനികനും പ്രതാപ ശാലിയുമായിരുന്ന അദ്ദേഹത്തിന് പല വിവാഹാലോചനകളും വന്നെങ്കിലും തന്റെ കുഞ്ഞുങ്ങളുടെ രക്ഷയെ കരുതി അദ്ദേഹം പുനർവിവാഹത്തിന് വഴങ്ങിയില്ല. ഉമ്മുമ്മന്റെ മകന്റെ പേര് നൈനാൻ എന്നും മകളുടെ പേര് അച്ചാമ്മ എന്നുമായിരുന്നു. മകളെ ചമ്പക്കുളത്ത് ഒരു മികച്ച ധനാഢ്യനായിരുന്ന കുന്നിൽ വിചാരിപ്പുകാരനെക്കൊണ്ട് വിവാഹം കഴിപ്പിച്ചു.

**<u>II -നൈനാൻ</u>**

ഇദ്ദേഹം മലങ്കര ഭാസുരൻ വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ പിതൃസഹോദരി അച്ചാമ്മയേയാണ് വിവാഹം കഴിച്ചിരുന്നത്. നൈനാൻ പിതാവിന്റെ പ്രശസ്തിയും ധനവും അഭംഗുരം കാത്തു സൂഷിച്ചു എന്നു മാത്രമല്ല, ചെങ്ങരൂർ, കുന്നന്താനം മുതലായ പ്രദേശങ്ങളിൽ കൂടുതൽ വസ്തുവകകൾ സമ്പാദിക്കുകയും ചെയ്തു. ഭാര്യ അച്ചാമ്മയും കാര്യശേഷിയുള്ള ഒരു സ്ത്രീയായിരുന്നു. ഇദ്ദേഹവും ദീർഘായുഷ്മാനായിരുന്നില്ല. 1020-മാണ്ട് 41-ാമത്തെ വയസ്സിൽ നിര്യാതനായി.

**മൂന്നാം തലമുറ (III)**
നൈനാന് 5 ആൺമക്കൾ ആയിരുന്നു. അതിൽ 5-ാമൻ ശൈശവത്തിൽ തന്നെ മരണമടഞ്ഞു. ശേഷിച്ചവർ, ഉമ്മുമ്മൻ, ഔസേപ്പ്, അവിരാ, കോര(**മൂന്നാം തലമുറക്കാർ)** എന്നിവരായിരുന്നു. ഇവരിൽ കോര ശങ്കരമംഗലത്തുനിന്നും വിവാഹം കഴിച്ചിരുന്നു എങ്കിലും 20-ാമത്തെ വയസിൽ നിര്യാതനായി. ഈ സ്ത്രീയെ മേപ്രാൽ പുതികോട്ട് പുനർവിവാഹം ചെയ്തു. അതിലുള്ള മകനാണ് രജിസ്ട്രേഷൻ ഡയറക്റ്റർ ആയിരുന്ന കുരുവിള വർക്കി. ബാക്കി മൂന്നുപേർ മൂന്നു ശാഖകളായി പിരിയുകയും മുണ്ടോലിൽ, മനയംമണ്ണിൽ, മാരേട്ട് എന്ന് മൂന്നു ഭവനങ്ങളിൽ താമസമാക്കുകയും ചെയ്തു. ഇവരുടെ സന്താന പരമ്പരകളാണ് മാരേട്ടു ശാഖയിലുള്ള വീട്ടുകാർ എല്ലാം തന്നെ.



*മാരേട്ട് കുടുംബാംഗങ്ങളുടെ ഒരു അപൂർവ സംഗമം.( ഒരു പഴയ ചിത്രം)*
*(ഇതിൽ ഉള്ള പലരും ഇന്ന് ജീവിച്ചിരിപ്പില്ല)*

## **മുണ്ടോലിൽ ശാഖ**

**III -ഉമ്മുമ്മൻ**

ഇദ്ദേഹം 1002-ാമാണ്ട് ജനിച്ചു. കോഴഞ്ചേരി പള്ളിപ്പീടികയിൽ അച്ചാമ്മയായിരുന്നു ഭാര്യ. 1030-ാം മാണ്ട് 28-ാമത്തെ വയസിൽ നിര്യാതനായി. ഇദ്ദേഹത്തിന് നൈനാ എന്നൊരു മകനും, ഏലിയാമ്മ, അച്ചാമ്മ എന്ന് രണ്ട് പെൺമക്കളും ഉണ്ടായി. ഇവരിൽ ഏലിയാമ്മയെ മാർത്തോമ്മാ സഭയിലെ വികാരി ജനറൽ ആയിരുന്ന പ്രസിദ്ധനായ ഐപ്പ് തോമ്മാ കത്തനാർ (കോവുരച്ചൻ) വിവാഹം കഴിച്ചു. അച്ചാമ്മയെ മേപ്രാൽ പൂതികോട്ട് വിവാഹം കഴിച്ചു.

**IV - നൈനാ**

ഇദ്ദേഹം കല്ലാശ്ശേരിൽ പീലിപ്പോച്ചന്റെ മകൾ ആച്ചിയമ്മയെയാണ് വിവാഹം കഴിച്ചിരുന്നത്. (ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ യുടെ മാവി). ഇദ്ദേഹത്തിന് ഉമ്മുമ്മൻ, പീലിപ്പോസ്, ഔസേപ്പ് എന്ന് മൂന്ന് ആൺമക്കളും അച്ചാര്, ഏലിയാ,ആച്ചി എന്ന് 3 പെൺമക്കളും ഉണ്ടായിരുന്നു. അച്ചാരെ തിരുവല്ല മണലിൽ മാത്തൂച്ചൻ വിവാഹം കഴിച്ചു. ഏലിയായെ അയിരൂർ

കുറുന്തോട്ടിക്കൽ കൊച്ചുകുഞ്ഞ് മുതലാളി വിവാഹം കഴിച്ചു. ആച്ചിയെ മേപ്രാൽ പൂതികോട്ട് വർക്കിയേച്ചൻ വിവാഹം കഴിച്ചു. നൈനാ ബുദ്ധിമാനും ഒരു നല്ല കർഷകനും ധാരാളം സ്വത്തിന്റെ ഉടമയും ആയിരുന്നു. മരിച്ച് കല്ലൂപ്പാറ വലിയപള്ളിയിൽ സംസ്കരിച്ചു.

**V - നൈനാ ഉമ്മുമ്മാൻ  (പുന്തലത്താഴത്ത് വൈദ്യൻ)**

അസാധാരണ ബുദ്ധിയും കാര്യശേഷിയുമുള്ള ഒരു വ്യക്തിയായിരുന്നു വൈദ്യൻ. ആയൂർവേദ ചികിത്സയിൽ അതിനിപുണനനും, ആയൂർവേദ വിധി പ്രകാരമുള്ള കണ്ണുചികിത്സയിൽ അദ്വിതീയനുമായിരുന്നു. ഡോക്ടർമാർ ഉപേഷിച്ച പല കണ്ണുരോഗികളേയും ഇദ്ദേഹം ചികിത്സിച്ച് സുഖപ്പെടുത്തിയിട്ടുണ്ട്. വളരെ കൈപ്പുണ്യമുള്ള ഒരു വൈദ്യനായിട്ടായിരുന്നു അറിയപ്പെട്ടിരുന്നത്. ഇദ്ദേഹം ഒരു സംസ്കൃത പണ്ഡിതനും കൂടി ആയിരുന്നു. പുതുശ്ശേരി ഇംഗ്ലീഷ് സ്കൂൾ സ്ഥാപകരിലൊരാളായിരുന്നു. തിരുവല്ലാ കൊച്ചു പൈനുംമൂട്ടിൽ മത്തായിച്ചന്റെ മകൾ ആച്ചിയമ്മയായിരുന്നു ഭാര്യ. ഇദ്ദേഹം 80-ാമത്തെ വയസ്സിൽ നിര്യാതനായി. അദ്ദേഹത്തേയും, ഭാര്യയേയും മരണ ശേഷം ചെങ്ങരൂർ ഓർത്തഡോക്സ് പള്ളിയിൽ സംസ്കരിച്ചു. ഇദ്ദേഹത്തിന് എം. ഒ. നൈനാൻ (കുഞ്ഞുഞ്ഞ്) എം. ഒ. മത്തായി (മത്തായിച്ചൻ) എം. ഒ. ഏബ്രഹാം, എം. ഒ. ഉമ്മൻ (ഉമ്മച്ചൻ) എന്ന് നാല് ആൺ മക്കളും, ആച്ചിക്കുഞ്ഞ്, കുഞ്ഞമ്മ, അന്നമ്മ, മറിയാമ്മ, ഏലിക്കുട്ടി എന്ന് 5 പെൺമക്കളും ഉണ്ടായി. ആച്ചിക്കുഞ്ഞിനെ ചെങ്ങന്നൂർ പൂവത്തൂർ കൊച്ചുപാപ്പി വിവാഹം കഴിച്ചു. കുഞ്ഞമ്മയെ കായംകുളത്ത് തരകൻറഞ്ഞ് അലക്സാണ്ടർ വക്കീൽ വിവാഹം കഴിച്ചു. അന്നമ്മയെ അതിരുമ്പുഴ കോട്ടയിൽ ചെറിയാച്ചൻ വിവാഹം കഴിച്ചു. മറിയാമ്മയെ കറുകച്ചാൽ മോടയിൽ കുഞ്ഞൂഞ്ഞ് വിവാഹം കഴിച്ചു. ഏലിക്കുട്ടിയെ ചങ്ങനാശ്ശേരി അതിരുംപുഴ ദേവസ്യാ വിവാഹം കഴിച്ചു.

**VI-എം. ഒ. നൈനാൻ (കുഞ്ഞൂഞ്ഞ്)**

പുത്തലത്താഴത്ത് വൈദ്യന്റെ മൂത്തമകൻ ഇദ്ദേഹം നാഗർകോവിലിൽ പോയി ഇംഗ്ലീഷ് വൈദ്യം (അലോപ്പതി) പഠിച്ച് പ്രാവീണ്യം നേടിയ ഒരു വ്യക്തിയായിരുന്നു. കല്ലൂപ്പാറ ഐരാമ്പള്ളിൽ വടക്കേക്കര കുടുംബാംഗമായ പെണ്ണുകുഞ്ഞിനെയാണ് വിവാഹം കഴിച്ചിരുന്നത്. എം. എൻ. ഏബ്രഹാം (കുഞ്ഞൂഞ്ഞ്), എം. എൻ. ജോർജ്കുട്ടി (തങ്കച്ചൻ) എന്ന് രണ്ട് പുത്രന്മാരും തങ്കമ്മ, കുഞ്ഞമ്മ, ഏലിക്കുട്ടി, പൊന്നമ്മ, കുഞ്ഞുമോൾ എന്ന് 5 പെൺമക്കളും ഉണ്ടായി. തങ്കമ്മയെ ചങ്ങനാശ്ശേരിൽ മാമ്മൂട്ടിൽ പാലക്കുന്നേൽ അപ്പച്ചൻ വിവാഹം കഴിച്ചു. കുഞ്ഞമ്മ ചെറുപ്രായത്തിൽ മരിച്ചു. ഏലിക്കുട്ടിയെ ചങ്ങനാശ്ശേരിൽ പോളയ്ക്കൽ സെബാസ്റ്റ്യൻ വിവാഹം കഴിച്ചു. പൊന്നമ്മയെ പാലാ കടമ്പുകാട്ടിൽ ചാക്കോച്ചൻ വിവാഹം കഴിച്ചു. കുഞ്ഞുമോളെ ചങ്ങനാനാശ്ശേരി എടനാട്ട് തോമസിന്റെ മകൻ മാത്തുക്കുട്ടി വിവാഹം കഴിച്ചു. എം. ഒ. നൈനാൻ 1941-ാമാണ്ട് 40-ാമത്തെ വയസിൽ നിര്യാതനായി. ഈട്ടിക്കപ്പള്ളിയിൽ സംസ്കരിച്ചു. ഇദ്ദേഹത്തിന്റെ ഭാര്യ പെണ്ണുകുഞ്ഞ് 1990 ഡിസംബർ 1-ാം തീയതി മരിച്ചു. ഈട്ടിക്ക പള്ളിയിൽ സംസ്കരിച്ചു.

**VII-എം. എൻ. ഏബ്രഹാം (കുഞ്ഞൂഞ്ഞ്)**

സെൻട്രൽ ഗവർമെന്റ് ഡിഫൻസ് സർവീസിൽ സേവനം അനുഷ്ഠിച്ച് പെൻഷൻ പറ്റി 2022 ജനുവരി 15 നു ഇദ്ദേഹം നിര്യാതനായി. ചങ്ങനാശ്ശേരി ഇടനാട്ട് തോമ്മാച്ചൻ മകൾ ലൂസിയാണ് ഭാര്യ. ലൂസി

2009 നവംബർ 20 നു നിര്യാതയായി. ഇദ്ദേഹത്തിന് റ്റോം എന്ന് ഒരു മകനും, ഷീബ, ഷീല  എന്ന് രണ്ട് പെൺമക്കളും ഉണ്ട്. ഷീബ MA, BEd യെ  ടി.കെ. ജോസഫ് വിവാഹം കഴിച്ചു. ഷീബ ബാംഗ്ലൂരിൽ സ്കൂൾ അദ്ധ്യാപികയും, ജോസഫ് സയന്റിസ്റ്റും ആണ്. ഇവർക്ക് ഡോ. റിൽന ജോസഫ് MBBS,Dch, റീതി ജോസഫ് B Tech ( സോഫ്റ്റ്‌വെയർ എഞ്ചിനീയർ), റോണി ജോസഫ് B Tech  ( സോഫ്റ്റ്‌വെയർ എഞ്ചിനീയർ) എന്ന 3 മക്കൾ ഉണ്ട്. ഷീല, MA. ബാബു ജോൺ ആണ് ഭർത്താവു. ഇവർ കുറുപ്പുംതറയിൽ താമസിക്കുന്നു. ഇവർക്ക് ഹെലെന B Tech ( സോഫ്റ്റ്‌വെയർ എഞ്ചിനീയർ), ഡോ. സ്വീറ്റി , കെവിൻB Tech ( സോഫ്റ്റ്‌വെയർ എഞ്ചിനീയർ) എന്ന് 3 മക്കൾ.

**VIII-റ്റോം എബ്രഹാം**



*ടോം, ഭാര്യ ജെസ്സി , മക്കൾ*

MA കഴിഞ്ഞു മെഡിക്കൽ ലക്ട്രോണിക്സിൽ എറണാകുളത്തു ബിസിനെസ്സ് ചെയ്യുന്നു. ഭാര്യ ജെസ്സി കുവൈറ്റിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയി ജോലി ചെയ്യുന്നു . ഇവർക്ക് ടിന, ടാനിയ എന്ന് രണ്ടു മക്കൾ. ഇരുവരും വിദ്യാർഥികൾ ആണ്.

**VII-എം. എൻ. ജോർജുകുട്ടി (തങ്കച്ചൻ)**



*എം. എൻ ജോർജ്കുട്ടിയും ഭാര്യ ആനിയും*

എസ്.എസ്.എൽ.സി. പാസായശേഷം ഇലട്രിക്കൽ എൻജിനിയറിംഗിൽ ഡിപ്ലോമാ എടുത്ത് ബിലായി സ്റ്റീൽ പ്ലാൻറിൽ ഫോർമാൻ ആയി ജോലി നോക്കി വരവെ ഗൾഫിൽ ഒമാൻ മിനിസ്റ്ററി ഓഫ് എഡ്യൂക്കേഷനിൽ ജോലി സ്വീകരിച്ചു. സാമൂഹ്യ, രാഷ്ട്രീയ രംഗങ്ങളിൽ വളരെ താല്പര്യം

എടുത്ത് പ്രവർത്തിക്കുന്ന ഒരു വ്യക്തിയാണ്. 2017 ജൂൺ 9 നു, ജോർജ്കുട്ടി നിര്യാതനായി. പുതുശേരി ഈട്ടികൾ ലൂർദ് മാതാ ദേവാലയത്തിൽ സംസ്കരിച്ചു. ചങ്ങനാശ്ശേരി പുല്ലാംകുളം കുര്യാച്ചൻ മകൾ ആനിയാണ് ഭാര്യ  ആനി Bsc ,Tele-Com ഡിപ്പാർട്ട്മെൻറിൽ സെക്ഷൻ സൂപ്രവൈസറായി ജോലി നോക്കിയശേഷം പെൻഷൻപറ്റി ഗൃഹജോലിയിൽ ശ്രദ്ധ ചെലുത്തി കഴിയുന്നു. ഇദ്ദേഹത്തിന് ജോർജ് എൻ മാരേട്ട് (സജി), കുര്യാസ് ജി. മാരേട്ട്, സുബാഷ് ജി. മാരേട്ട് എന്ന് മൂന്ന് പുത്രന്മാരും റാണി, സോണിയ, ഷൈനി എന്ന് മൂന്ന് പുത്രിമാരും ഉണ്ട്. റാണിയെ പുളിങ്കുന്നിൽ കാഞ്ഞിക്കൽ കെ. ജെ. സക്കറിയായുടെ മകൻ ബിനോയ് സക്കറിയ വിവാഹം കഴിച്ചു. സോണിയ ഡി. ഫാം പാസായി നിൽക്കുന്നു. ഷൈനി എം. കോം. കഴിഞ്ഞ് ചെങ്ങരൂർ മഠത്തിൽ അദ്ധ്യാപികയായി സേവനമനുഷ്ഠിച്ചിരുന്നു

**VIII-ജോർജ് എൻ. മാരേട്ട് (സജി)MCom,** PgD,

വിദ്യാഭ്യാസത്തിനുശേഷം ബോംബെയിൽ റാലീസ് ഇൻഡ്യ ലിമിറ്റഡിൽ ജോലി സ്വീകരിച്ചു. പിന്നീട് ബോംബെയിൽ തന്നെ മാനവ റെമഡീസ് ലിമിറ്റഡിൽ അസിസ്റ്റന്റ് മാർക്കറ്റിംഗ് മാനേജർ ആയി സേവനമനുഷ്ഠിച്ചു. കുറച്ചു കാലം മാലിയിൽ അദ്ധ്യാപകനായിരുന്നു ഇപ്പോൾ ഗൃഹ കാര്യങ്ങളിൽ ശ്രദ്ധിച്ചു കഴിയുന്നു. . പുതുശ്ശേരി വൈ. എം. സി. എ. ഡയറക്ടർ, മാരേട്ട് യൂത്തുവിംഗ് പ്രസിഡൻറ്, കുടുംബയോഗ സെക്രട്ടറി എന്നീ നിലകളിലെല്ലാം ഇദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇദ്ദേഹം ഒരു നല്ല ഓർഗനൈസറും വാഗ്മിയുമാണ്.

**VIII-കുര്യാസ് ജി. മാരേട്ട്**

വിദ്യാഭ്യാസത്തിന് ശേഷം ഗൾഫിൽ ജോലി നോക്കിയിരുന്നു ഇപ്പോൾ ഗൃഹ കാര്യങ്ങളിൽ ശ്രദ്ധിച്ചു കഴിയുന്നു. ഓമല്ലൂർ ചീക്കനാൽ മേമുറിയിൽ ചെറിയാൻ ഡാനിയേലിന്റയും കുഞ്ഞമ്മയുടേയും മകൾ ലത M.S ആണ് ഭാര്യ. ലത കൊല്ലം കോർപറേഷൻ സൂപ്രണ്ടിങ് എഞ്ചിനീയർ ആയി ജോലി ചെയ്യുന്നു. ഇവർക്ക് ജോർജി കെ. മാരേട്ട് 2 ആം വർഷ സിവിൽ B.tech(കോതമംഗലം,മാർ അത്തനാസിയോസ്ഡ് കോളേജ്) എന്ന ഒരു പുത്രനും, ഹെലൻ കുര്യാസ് (പ്ലസ് 1 ) എന്ന ഒരു പുത്രിയും ഉണ്ട്.

**VIII-സുബാഷ് ജി. മാരേട്ട്**



*സുബാഷും ഭാര്യ ധന്യയും മക്കളും.*

AITA കോഴ്സ് കഴിഞ്ഞ് ദുബായിൽ ജോലിചെയ്യുന്നു. ഡൽഹി സ്വദേശി ഭഗവാൻ സിംഗിന്റെ മകൾ ദിവ്യ സചിദേവയാണ് ഭാര്യ. ഇവർക്ക് ഡയാന മാരേട്ട്, എലിസബേത് മാരേട്ട് എന്ന രണ്ടു പുത്രിമാർ. രണ്ടു പേരും വിദ്യാർഥിനികൾ. ഇവർ കുടുംബസമേതം ദുബായിൽ ആണ്.

**VI-എം. ഒ. മത്തായി (മത്തായിച്ചൻ)**

പുന്തലത്താഴത്ത് വൈദ്യന്റെ രണ്ടാമത്തെ മകൻ. ബി. എ. ഡിഗ്രി എടുത്തശേഷം എക്സൈസ് ഡിപ്പാർട്ട്മെൻറിൽ പെറ്റി ആഫീസറായി ജോലി നോക്കി പെൻഷൻ പറ്റി. കൃഷി കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തി ജീവിച്ചു വരവെ 85-ാമത്തെ വയസിൽ നിര്യാതനായി. ഇദ്ദേഹത്തിന് ഉമ്മൻ (തങ്കച്ചൻ) എന്ന് ഒരു മകനും, ബേബി, ഗ്രേസി, ലിസി എന്ന മൂന്ന് പുത്രിമാരും ജനിച്ചു. ബേബിയെ പുനലൂർ വൻവിളയിൽ മോൻസി വിവാഹം കഴിച്ചു. ഗ്രേസിയെ ചങ്ങനാശ്ശേരി കാവിലം പുതുപറമ്പിൽ കുട്ടിക്കുഞ്ഞ് വിവാഹം കഴിച്ചു. ലിസിയെ കോഴഞ്ചേരി പാറമടയിൽ പി. സി. കോശി വിവാഹം കഴിച്ചു. പുത്തൻകടവിൽ കുന്നുംപുറത്ത് കുര്യാച്ചന്റെ മകൾ അന്നമ്മയാണ് ഭാര്യ.

**VII-ഉമ്മൻ (തങ്കച്ചൻ)**

എം. ഒ. മത്തായിയുടെ ഏക മകൻ. കൃഷി കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തി കഴിയുന്നു. കല്ലൂപ്പാറ മൂത്തേടത്ത് പൗലോസിന്റെ മകൾ അമ്മിണിയാണ് ഭാര്യ. ഇദ്ദേഹത്തിന് അനു എന്നൊരു മകൾ മാത്രം. മകളെ മല്ലപ്പള്ളി വാളക്കുഴിയിൽ അനിയൻകുഞ്ഞ് വിവാഹം കഴിച്ചു.

**VI-എം. ഒ. ഏബ്രഹാം** (വൈദ്യന്റെ മൂന്നാമത്തെ മകൻ)

ഇദ്ദേഹം വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ സിലോണിൽ പോയി. വളരെക്കാലത്തേക്ക് ഇദ്ദേഹത്തെപ്പറ്റി ഒരു വിവരവും ഇല്ലായിരുന്നു. ഒരു വലിയ ബ്രിട്ടീഷ് കമ്പിനിയുടെ വിവിധ എസ്റ്റേറ്റ് ശൃംഘലയുടെ ജനറൽ മാനേജരായി സേവനമനുഷ്ഠിച്ചിരുന്നു. ഒരു സിലോൺകാരി സ്ത്രീയാണ് ഭാര്യ. സിലോൺ പൗരത്വം സ്വീകരിച്ച് അവിടെ സ്ഥിരതാമസമാക്കിയിരുന്നു. ഇദ്ദേഹത്തിന് രണ്ട് ആൺമക്കളും രണ്ട് പെൺമക്കളും ഉണ്ട്. സിലോണിൽ വച്ച് മരണമടഞ്ഞു. അവിടെത്തന്നെ സംസ്കരിച്ചു. മക്കളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

**VI- എം.ഒ. ഉമ്മച്ചൻ** (വൈദ്യന്റെ നാലാമത്തെ മകൻ)

ഇദ്ദേഹം എക്സൈസ് ഡിപ്പാർട്ട്മെന്റിൽ പെറ്റി ആഫീസറായി സേവന മനുഷ്ഠിച്ച് വിരമിച്ചശേഷം കൃഷി കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തി ജീവിച്ചു. 1977 സെപ്റ്റംബർ 9-ാം തീയതി നിര്യാതനായി. ചെങ്ങരൂർ ഓർത്തഡോക്സ് പള്ളിയിൽ സംസ്കരിച്ചു. പായിപ്പാട്ട് ചന്ദനപ്പറമ്പിൽ കെ. സി. ചാണ്ടിയുടെ മകൾ കുഞ്ഞമ്മയാണ് ഭാര്യ. കുഞ്ഞമ്മ 2003 ജൂലൈ 30ന് നിര്യാതയായി. ഇദ്ദേഹത്തിന് ജോയി ഉമ്മൻ എന്നൊരു മകനും, മോളി (കുഞ്ഞുമോൾ), തങ്കമ്മ, വൽസമ്മ എന്ന് മൂന്ന് പുത്രിമാരും ഉണ്ട്. മോളിയെ ഇരവിപേരൂർ ശങ്കരമംഗലത്ത് വല്യതാന്നിക്കൽ വി. വി. മാത്തുക്കുട്ടി വിവാഹം കഴിച്ചു. തങ്കമ്മയെ പന്തളത്ത് ചരുവിൽ തോമസ് വിവാഹം കഴിച്ചു. വൽസമ്മയെ മാവേലിക്കര പള്ളിവടക്കേതിൽ ചാക്കോ വിവാഹം കഴിച്ചു.


**VII-ജോയി ഉമ്മൻ (പി. ഒ. ജോയി)**



*ജോയ് ഉമ്മൻ*

ഇദ്ദേഹം കുറച്ചു കാലം ബിസിനസ്, കോൺട്രക്റ്റ്, മുതലായ മേഖലകളിൽ പ്രവർത്തിച്ചു. സാമൂഹ്യ, രാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിക്കുന്നതിൽ തല്പരനായിരുന്നു . തുമ്പമൺ കടവിൽ കെ. സി. സഖറിയായുടെ മകൾ ലിസിയാണ് ഭാര്യ. ഇദ്ദേഹത്തിന് മോഹൻ ഉമ്മൻ എന്ന് ഒരു മകനും ബിനു, ബിന്ദു, ബിജിനി എന്ന് മൂന്ന് പുത്രിമാരും ഉണ്ട്. ജോയ് ഉമ്മൻ 2010 ഏപ്രിൽ 12 നു നിര്യതനായി. ബിനുവിനെ പുതുശ്ശേരിൽ കണ്ണമല കൊച്ചുമോൻ വിവാഹം കഴിച്ചു. ബിന്ദുവിനെ മല്ലപ്പള്ളി തേക്കനാൽ ജോസഫിന്റെ മകൻ സാം ജോസഫ് വിവാഹം കഴിച്ചു. ബിജിനിയെ പള്ളിപ്പാട് ആലമ്പള്ളിൽ സന്തോഷ് വിവാഹം ചെയ്തു.

**VIII-മോഹൻ ഉമ്മൻ**



*മോഹന്റെ പുത്രി മോഹിത സാറ ഉമ്മൻ, മോഹൻ, ഭാര്യ രേവതി, മോഹന്റെ മാതാവ് ലിസ്സി*

മോഹൻ ബാംഗ്ലൂരിൽ സുജിത ഇൻഡസ്ട്രീസ് സെയിൽസ് മാനേജരായി ജോലി ചെയ്യുന്നു . ചെന്നൈ ജവഹർ നഗറിൽ റിട്ട. എയർ ഫോഴ്സ് ഓഫീസർ പൊന്നുസ്വാമിയുടെ മകൾ രേവതിയാണ് ഭാര്യ. രേവതി ബാംഗ്ലൂർ D.R.D.O യിൽ സീനിയർ സയന്റിസ്റ്റ്  ആയി ജോലി ചെയ്യുന്നു. മകൾ മോഹിത സാറാ ഉമ്മൻ ചെന്നൈയിൽ 4 )0 വർഷ ഇലക്ട്രോണിക് & കമ്മ്യൂണിക്കേഷൻ വിദ്യാർഥിനി ആണ് .

**V - നൈനാ പീലിപ്പോസ് (മുണ്ടോലിൽ നൈനായുടെ രണ്ടാമത്തെ മകൻ)**

ഇദ്ദേഹം നല്ല ബുദ്ധിമാനും ഒരു നല്ല കൃഷിക്കാരനുമായിരുന്നു. 1956 സെപ്റ്റംബർ 8-ാം തീയതി നിര്യാതനായി. കല്ലൂപ്പാറ പുതിയടത്ത് കുടുബാംഗമായ ഏലിയാമ്മയായിരുന്നു ഭാര്യ. ഭാര്യ ഏലിയാമ്മയേയും മരണശേഷം സെന്റ് സ്റ്റിഫൻസ് ഓർത്തഡോക്സ് പള്ളിയിൽ സംസ്കരിച്ചു. ഇവർക്ക്  നൈനാൻ (കുഞ്ഞൂഞ്ഞ്) എന്ന് ഒരു മകനും, ആച്ചിയമ്മ, അന്നമ്മ, ഏലിയാമ്മ എന്ന് മൂന്ന് പുത്രിമാരും ജനിച്ചു. ആച്ചിയമ്മയേ വീയപുരത്ത് തേവേരിൽ ഏബ്രഹാം വിവാഹം കഴിച്ചു. ഏലിയാമ്മയെ മൂത്തേടത്ത് കൊച്ചു കോയിക്കൽ ഉമ്മൻ വിവാഹം കഴിച്ചു. അന്നമ്മയെ ഓമല്ലൂർ പീടികയിൽ ഏബ്രഹാം വിവാഹം കഴിച്ചു.

**VI-എം. പി. നൈനാൻ (കുഞ്ഞുഞ്ഞ്)**



*എം.പി. നൈനാനും, ഭാര്യ മറിയാമ്മ നൈനാനും.*

നൈനാ പീലിപ്പോസിന്റെ ഏകമകൻ. വിദ്യാഭ്യാസം നേടിയ ശേഷം മൈസൂർ, കോഴിക്കോട് മുതലായ സ്ഥലങ്ങളിൽ എസ്റ്റേറ്റ് റയിട്ടറായി ജോലി നോക്കി. ഇദ്ദേഹത്തിന്റെ പ്രതിഫലമായി ധാരാളം വസ്തുവകകൾ സാമ്പാദിച്ചു. എസ്റ്റേറ്റ് ജോലിയിൽ നിന്നും വിരമിച്ചശേഷം കൃഷികാര്യങ്ങളിൽ ശ്രദ്ധ ചെലുത്തുകയും കൊക്കൊ, ജാതി മുതലായ കൃഷി വിപുലമായ രീതിയിൽ ചെയ്ത് അസൂയാർഹമാം വിധം  പണസമ്പാദനത്തിനുള്ള കളമൊരുക്കി എന്നത് ഇദ്ദേഹത്തെ സംബന്ധിച്ച് എടുത്തു പറയേണ്ട ഒരു സംഗതിയാണ്. 1984 ഒക്ടോബര് 14 നു നിര്യാതനായി. പാണ്ടനാട്ടിൽ പിറമട്ടക്കര ആലുമ്മൂട്ടിൽ കോശി യോഹന്നാന്റെ മകൾ മറിയാമ്മയാണ് ഭാര്യ. ഇദ്ദേഹത്തിന് എം. എൻ. ഫിലിപ്പ്  (തങ്കച്ചൻ), എം. എൻ. ജോൺ (ജോണി ക്കുട്ടി) എന്ന് രണ്ട് പുത്രന്മാരും ഏലിയാമ്മ, ചെല്ലമ്മ എന്ന് രണ്ട് പുത്രിമാരും ഉണ്ടായി. ഏലിയാമ്മയെ കവിയൂർ കാക്കോളിൽ കണ്ടത്തിൽ കെ. വി. ചാക്കോ വിവാഹം കഴിച്ചു. ചെല്ലമ്മ നന്നേ ചെറുപ്പത്തിൽ മരിച്ചു.

**VII-എം. എൻ. ഫിലിപ്പ് (തങ്കച്ചൻ)**

ഇദ്ദേഹം അണ്ണാമല യൂണിവേഴ്സിറ്റിയിൽ നിന്നും കെമിക്കൽ എൻജിനീയറിങ്ങിൽ B.E ബിരുദം എടുത്തശേഷം പല കമ്പനികളിലും എക്സിക്യൂട്ടീവ് ആഫീസറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.  മദ്രാസിൽ പല എൻജിനീയറിങ്ങ് സ്ഥാപനങ്ങളുടെയും ചീഫ് അഡ്വൈസറും ഒരു പ്രശസ്ത കൺസൽട്ടിങ്ങ് എൻജിനീയറുമായിരുന്നു. ഇദ്ദേഹം മദ്രാസിൽ സ്വന്തമായി ഒരു ഫാക്ടറി നടത്തിയിരുന്നു. സ്ഥലവും കെട്ടിടവും സ്വന്തമായി വാങ്ങി മദ്രാസിൽ താമസമാക്കി.. കറ്റോട്ട് കണ്ടത്തിൽ വടക്കേമുറിയിൽ പോത്തന്റെ മകൾ ലീലാമ്മയാണ് ഭാര്യ.

പോത്തന്റെ ഏകമകൾ ആയതിനാൽ ഫിലിപ്പ് ദത്തവകാശിയാണ്. പിതാവിന്റെ സ്വത്തും, ദത്തവകാശമായി ലഭിച്ച ഭാര്യയുടെ സ്വത്തും കൂടി ചേർന്ന് ഒരു വലിയ ഭൂസ്വത്തിന്റെ ഉടമയായിരുന്നു ഇദ്ദേഹം. കൂടാതെ തന്റെ അദ്ധ്വാനഫലമായി സമ്പാദിച്ച ധാരാളം പണം ഇദ്ദേഹത്തെ ലക്ഷാധിപതിമാരുടെ കൂട്ടത്തിൽ എത്തിച്ചു എന്നുപറയാം.തങ്കച്ചൻ  നിര്യാതനായി, മദ്രാസിൽ തന്നെ സംസ്കരിച്ചു.  ഇദ്ദേഹത്തിന് മോഹൻ, ബാബു എന്ന രണ്ടു പുത്രന്മാരും മിനി എന്നൊരു പുത്രിയും ഉണ്ട്. മകൾ മിനിയെ കറ്റോട്ട് തണ്ണിക്കമൂലയിൽ സക്കറിയ (തങ്കച്ചൻ) വിവാഹം കഴിച്ചു.

**VIII-മോഹൻ നൈനാൻ ഫിലിപ്പ്**



*മോഹൻ, ഭാര്യ ശാന്തി, മക്കൾ അജയ്, റോഹിത്ത്*

എം. കോം. പാസായശേഷം അദ്ധ്യാപകനായി ജോലി നോക്കിയിരുന്നു.. കോഴഞ്ചേരി തേവർ വേലിൽ ശാന്തി,ബി.കോം ആണ് ഭാര്യ. അജയ് ,റോഹിത്ത്  എന്ന രണ്ടു പുത്രന്മാർ  ഉണ്ട്. അജയ് തിരുവല്ലയിൽ പിതാവിന്റെ കൂടെ സ്പോർട്സ് സ്ഥാപനത്തിൽ സഹായിക്കുന്നു. റോഹിത്ത് ബോട്ടണിയിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കി.

**VIII-ബാബു ഫിലിപ്പ്**



*ബാബു, പുത്രി അഞ്ജലി, ഭാര്യ ആൻ*

വിദ്യാഭ്യാസത്തിനു ശേഷം ഭാഗ്യ പരീക്ഷണാർത്ഥം സിനിമാ ലോകത്തേക്ക് കടന്നു ചെല്ലുകയും "നോക്കെത്താത്ത ദൂരത്ത് കണ്ണും നട്ട്' എന്ന ഫിലിം മറ്റ് രണ്ട് പങ്കാളികളോടൊപ്പം നിർമ്മിക്കുകയും, ഏവരുടെയും പ്രശംസ പിടിച്ചുപറ്റി ഒരു വൻ വിജയമായിത്തീരുകയും ചെയ്തു. ഇപ്പോൾ ചെന്നൈയിൽ ബോംബെ ഡിയിങ് ബിസ്സിനസ്സ് നടത്തുന്നു. ആൻ  ബാബു ആണ്  ഭാര്യ. ഇവരുടെ പുത്രി അഞ്ജലി എലിസ് ബാബു MBBS  കഴിഞ്ഞു നില്കുന്നു.

**VII-എം. എൻ. ജോൺ (ജോണിക്കുട്ടി)**



*എം.എൻ.ജോണും കുടുംബവും*

ഇദ്ദേഹം സാമാന്യ വിദ്യാഭ്യാസം കരസ്ഥമാക്കിയശേഷം കൃഷികാര്യങ്ങളിൽ പിതാവിനെ സഹായിച്ച് ജീവിതമാരംഭിച്ചു. പിതൃസ്വത്തവകാശം ലഭിച്ചതിനുശേഷം തനിക്കു ലഭിച്ച ഭൂസ്വത്തിൽ കഠിനാദ്ധ്വാനം ചെയ്ത് വൻവിജയം കൈവരിക്കുകയും സാമാന്യം ഭേദപ്പെട്ട നിലയിൽ എത്തിച്ചേരുകയും ചെയ്തു. ഇദ്ദേഹം വടക്കേത്തലയ്ക്കൽ കുടുംബയോഗത്തിൻറ വൈസ് പ്രസിഡൻറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ജോണിക്കുട്ടി 2023 സെപ്റ്റബർ 16 ന് നിര്യാതനായി. റാന്നി മുണ്ടകത്തിൽ കുരുടാമണ്ണിൽ കെ. ജെ. അലക്സാണ്ടറുടെ മകൾ ശോശാമ്മ (മോളി) യാണ് ഭാര്യ. മോളി 2008 ഒക്ടോബര് 31 നിര്യതയായി. ഇദ്ദേഹത്തിന് നൈനാൻ ജോൺ (ജോമോൻ), അലക്സ് എം. ജോൺ( ജയ്മോൻ) എന്ന് രണ്ട് പുത്രന്മാരും ജോളി, ജസി എന്ന് രണ്ട് പുത്രിമാരും ഉണ്ട്. ജോളിയെ മുതുകുളം പുത്തൻ ബംഗ്ലാവിൽ രാജൻ വിവാഹം കഴിച്ചു. ജസിയെ തെള്ളിയൂർ അയ്യൻകോവിലിൽ ജോർജിന്റെ മകൻ ചെറിയാൻ വിവാഹം കഴിച്ചു.

**VIII-നൈനാൻ ജോൺ (ജോമോൻ)**



ബി.കോം കഴിഞ്ഞതിനുശേഷം വിപുലമായ തോതിൽ ഇന്റീരിയർ  ഡെക്കറേഷൻ ബിസിനസ് നടത്തിയിരുന്നു.. വടക്കേത്തലക്കൽ യൂത്ത് വിംഗിൻറ മാഗസിൻ എഡിറ്ററായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. മാരേട്ട് കുടുംബയോഗത്തിന്റെ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ജോമോൻ 2002 ഒക്ടോബര്  4 നു നിര്യതനായി. അവിവാഹിതൻ ആയിരുന്നു.

**VIII-അലക്സ് എം. ജോൺ (ജയ്മോൻ)**

വിദ്യാഭ്യാസത്തിനുശേഷം കൃഷി  കാര്യങ്ങളിൽ  മികച്ച രീതിയിൽ തന്നെ ശ്രദ്ധചെലുത്തി കഴിയുന്നു. ആലംതുരുത്തി  കടവിൽ, കെ.ഒ. മാത്യുവിന്റെ മകൾ ജെസ്സിയാണ് ഭാര്യ. ഇവർക്ക് ജോൺ അലക്സ് മാരേട്ട്(ജിജോ)**,** എന്ന ഒരു പുത്രനും, ജൂലിയ സൂസൻ അലക്സ് , ജോന മറിയം അലക്സ്  എന്ന രണ്ടു പുത്രിമാരായും ഉണ്ട്. മക്കൾ മൂന്നു പേരും  വിദ്യാർഥികൾ.

**V -നൈനാ ഔസേഫ്**

ഇദ്ദേഹം മല്ലപ്പള്ളി കയ്യാലാത്ത് കരിന്നപ്പുഴയിൽ നിന്നും വിവാഹം കഴിച്ചു. സന്താനങ്ങൾ ഇല്ലായിരുന്നു. ഇദ്ദേഹം ഭാര്യാഭർതൃ ജീവിതത്തിൽ നിന്നും വേർപെട്ട് തന്റെ സർവ്വ സ്വത്തുക്കളും സമ്പാദ്യവും ചങ്ങനാശ്ശേരി കത്തോലിക്കാ മിഷന് എഴുതിക്കൊടുത്തശേഷം ചങ്ങനാശ്ശേരി അരമനയിൽ സന്യാസ ജീവിതം നയിച്ചിരുന്നു. ഇദ്ദേഹം തന്റെ സ്വന്തം ആവശ്യത്തിനായി പണികഴിപ്പിച്ചതും പിന്നീട് ചങ്ങനാശ്ശേരി മിഷന്ൽ നിന്നും പുതുക്കി പണിതതുമാണ് ഈട്ടിക്കൽ (ലൂർദ് ) പള്ളി. 1954 ജൂൺ 30 നു   ഇദ്ദേഹം നിര്യതനായി. ഇദ്ദേഹത്തിന്റെ മരണശേഷം ഇട്ടിക്കൽ പള്ളിക്കകത്ത് തയാറാക്കിയ കല്ലറയിൽ സംസ്കരിച്ചു.

**<u>മനയംമണ്ണിൽ ശാഖ</u>**


**III - നൈനൊ ഔസേപ്പ്**

മാരേട്ട് നൈനാച്ചന്റെ രണ്ടാമത്തെ മകൻ. ഇദ്ദേഹം സാത്വികനും ആദർശവാനുമായിരുന്നു. കുടുംബത്തിന്റെ യശസ് കാത്തുസൂക്ഷിക്കുന്നതിൽ അതീവ തല്പരനായിരുന്നു. സുമുഖനും ദീർഘകായനും ആയിരുന്നു. ഇദ്ദേഹം കൊല്ലവർഷം 1005ൽ ജനിച്ചു. 1061 - ൽ 56-ാമത്തെ വയസിൽ നിര്യാതനായി. തിരുവല്ല ചാലക്കുഴിയിൽ പൗലോച്ചന്റെ മകൾ ആച്ചിയമ്മയായിരുന്നു ഭാര്യ. ഇവർക്ക് 6 ആൺമക്കളും, രണ്ട് പെൺമക്കളും ജനിച്ചു. നൈന പാറക്കടവിൽ, പൗലോസ് പാറ്റുവീട്ടിൽ, ഉമ്മുമ്മൻ മണ്ണഞ്ചേരിൽ, ചെറിയ ചെങ്ങരൂർ മഠം, ഏബ്രഹാം കത്തനാർ വടക്കേത്തലയ്ക്കൽ, മത്തായി മനയംമണ്ണിൽ എന്നിവർ പുത്രന്മാരും ഏലി, മറിയ എന്നിവർ പുത്രിമാരുമാണ്. ഔസേപ്പും ഇളയ സഹോദരൻ അവിരാച്ചനും തമ്മിൽ കണ്ടാൽ തിരിച്ചറിയാൻ പ്രയാസമുള്ള രൂപ സാദൃശ്യം ഉണ്ടായിരുന്നു. മകൾ ഏലിയെ കോട്ടയത്ത് കൊച്ചുപുരയ്ക്കൽ ഉമ്മൻ വിവാഹം കഴിച്ചു. മറിയയെ മേപ്രാൽ പൂതികോട്ട് രജിസ്ട്രേഷൻ ഡയറക്റ്റർ കുരുവിള വർക്കി വിവാഹം കഴിച്ചു.

**IV -ഔസേപ്പ് നൈനാൻ** (മാരേട്ട് പാറക്കടവിൽ)

ഇദ്ദേഹം ആരോഗ്യ ദൃഢഗാത്രനും ശക്തിശാലിയും ആയിരുന്നു. കൃഷി ആയിരുന്നു പ്രധാന തൊഴിൽ. 72-ാമത്തെ വയസിൽ നിര്യാതനായി. കാർത്തികപ്പള്ളിൽ ബംഗ്ലാവിൽ ആച്ചിയമ്മയായിരുന്നു ഭാര്യ. ഇദ്ദേഹത്തിന് കോരേച്ചൻ, പീലിപ്പോസ് എന്ന് രണ്ട് ആൺമക്കളും ഏലി, ആച്ചി എന്ന് രണ്ട് പെൺമക്കളും ജനിച്ചു. മകൾ ഏലിയെ കല്ലൂപ്പാറ കൈതയിൽ ഉമ്മൻ വിവാഹം കഴിച്ചു. ആച്ചിയെ തിരുവല്ലാ കോടിയാട്ട് കുര്യൻ വിവാഹം കഴിച്ചു. മകൻ കോരേച്ചൻ ചെറുപ്പത്തിൽ തന്നെ മരണമടഞ്ഞു.

**V-പീലിപ്പോച്ചൻ**



പ്രധാന തൊഴിൽ കൃഷി. 63-ാമത്തെ വയസിൽ മരിച്ചു. മേലുകര ചാരുകുന്നേൽ ആച്ചിയാമ്മയായിരുന്നു ഭാര്യ. ഇദ്ദേഹത്തിന് പി. പി. നൈനാൻ (കുഞ്ഞൂഞ്ഞ്) എന്നൊരു മകനും ആച്ചിയമ്മ, മറിയാമ്മ, ഏലിയാമ്മ, ശോശക്കുട്ടി, അന്നാമ്മ എന്ന് അഞ്ച് പെൺമക്കളും ജനിച്ചു. ആച്ചിയമ്മയെ വാകത്താനത്ത് തുഞ്ചത്ത് അവറാച്ചൻ വിവാഹം കഴിച്ചു. മറിയാമ്മയെ പെരുമ്പട്ടി വാറുകുന്നേൽ കൊച്ചുകുഞ്ഞ് വിവാഹം കഴിച്ചു. ഏലിയാമ്മയെ ആനിക്കാട് തുണ്ടിയിൽ ഉണ്ണിക്കുഞ്ഞ് വിവാഹം കഴിച്ചു. ശോശക്കുട്ടിയെ റാന്നിയിൽ മൂഴിക്കൽ മാത്യൂസ് വിവാഹം കഴിച്ചു. അന്നാമ്മയെ അയിരൂർ പാറപ്പോട്ടിൽ ഫിലിപ്പ് വിവാഹം കഴിച്ചു.

**VI-പി. പി. നൈനാൻ (കുഞ്ഞൂഞ്ഞ്)**



*പി.പി  നൈനാനും ഭാര്യ അന്നമ്മയും*

ഇദ്ദേഹം ഒരു സജീവ രാഷ്ട്രീയ പ്രവർത്തകനായിരുന്നു. കമ്യൂണിസ്റ്റ് പാർട്ടിയിലെ ലോക്കൽ ഘടകത്തിലെ ഒരു പ്രമുഖ പ്രവർത്തകനായിരുന്നു. കല്ലൂപ്പാറ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഡയറക്ടർ, സ്മോൾ സ്കെയിൽ ഇൻഡസ്ട്രീസ് പ്രസിഡൻറ്, കല്ലൂപ്പാറ പബ്ലിക്ക് ലൈബ്രറി ഭാരവാഹി മുതലായ നിലകളിൽ പ്രവർത്തിച്ചിരുന്നു. മാരേട്ട് കുടുംബയോഗ പ്രസിഡൻറായും പ്രവർത്തിച്ചിട്ടുണ്ട്. കുഞ്ഞുഞ്ഞു നിര്യാതനായി. തലവടി മാമ്മൂട്ടിൽ പുത്തൻപുരയിൽ ഏലിയാസിന്റെ മകൾ അന്നമ്മയായിരുന്നു ഭാര്യ. അന്നമ്മ 1996 നവംബർ മാസത്തിൽ മരണമടഞ്ഞു. ഇദ്ദേഹത്തിന് സണ്ണി, ഏലിയാസ് മാരേട്ട് (സോജൻ) ഫിലിപ്പ് നൈനാൻ (സാബു) എന്ന് മൂന്ന് പുത്രന്മാരും സൂസൻ, ഏലിയാമ്മ (കുഞ്ഞുമോൾ, സാറാമ്മ (സാലി) അന്നമ്മ (അമ്മിണി),ഉഷ എന്ന് അഞ്ച് പുത്രിമാരും ജനിച്ചു. മകൻ സണ്ണി നന്നേ ചെറുപ്പത്തിൽ മരണമടഞ്ഞു. പെൺമക്കളിൽ സൂസനെ വെൺമണിയിൽ ആലുംമൂട്ടിൽ ഫിലിപ്പ് വിവാഹം കഴിച്ചു. ഏലിയാമ്മയെ (കുഞ്ഞുമോൾ) കുറിയന്നൂർ പുലിപ്രമേപ്പുറത്തു  വറുഗീസ് വിവാഹം കഴിച്ചു. സാറാമ്മയെ (സാലി) കീഴ്വായ്പൂർ കരയ്ക്കൽ മാത്യു വിവാഹം കഴിച്ചു. അന്നമ്മ (അമ്മിണി) യെ ചെറുകോൽ പെരുവന്തത്ത് രാജു വിവാഹം കഴിച്ചു. ഉഷയെ കടമ്പനിട്ട ചെറയിൽ രാജു വിവാഹം കഴിച്ചു.

**VII-ഏലിയാസ് മാരേട്ട് (സോജൻ)**

വിദ്യാഭ്യാസത്തിനുശേഷം കുറച്ചുകാലം ബോംബെ, ഗൾഫ് മുതലായ സ്ഥലങ്ങളിൽ ജോലി നോക്കിയശേഷം ഇപ്പോൾ കുടുംബസമേതം അമേരിക്കയിൽ സേവനമനുഷ്ഠിക്കുന്നു. കാരക്കാട്ട് വല്ലത്ത് കിഴക്കേതിൽ വറുഗീസിന്റെ മകൾ ലീലാമ്മയാണ് ഭാര്യ. ലീലാമ്മ അമേരിക്കയിൽ നേഴ്സാണ്. ഇവർക്ക് റ്റിജൊ നൈനാൻ എന്നൊരു മകനും, അന്നാമ്മ എന്നൊരു പെൺ കുഞ്ഞും ഉണ്ട്.


**VII-ഫിലിപ്പ് നൈനാൻ (സാബു)**

കുറച്ചുകാലം ബോംബെ, ഗൾഫ് മുതലായ സ്ഥലങ്ങളിൽ ജോലിനോക്കിയശേഷം ഇപ്പോൾ അമേരിക്കയിൽ സേവനമനുഷ്ഠിക്കുന്നു. ചിങ്ങവനത്ത് തരകൻ വീട്ടിൽ ബീനയാണ് ഭാര്യ. ബീനാ അമേരിക്കയിൽ നേഴ്സാണ്. ഇവർക്ക് നൈനാൻ എന്നൊരു കുട്ടിയുണ്ട്. (അലൻ ഫിലിപ്പ് മാരേട്ട്)

**IV -പൗലോസ് ജോസഫ് (പാറ്റു വീട്ടിൽ)**

കൃഷികാര്യങ്ങളിൽ തല്പരനായിരുന്നു. ശാന്തനും സൽഗുണ സമ്പന്നനുമായിരുന്നു. മരണശേഷം കല്ലൂപ്പാറ വലിയപള്ളിയിൽ സംസ്കരിച്ചു. കടമ്പനിട്ട പുത്തൻപുരയ്ക്കൽ അന്നമ്മയായിരുന്നു ഭാര്യ. ഇദ്ദേഹത്തിന് പൗലോസ് ജോസഫ് (ജൂനിയർ)എന്നൊരുമകൻ മാത്രമെ ഉണ്ടായിരുന്നുള്ളു.

**V-പൗലോസ് ജോസഫ് (ജൂണിയർ)**



*പൗലോസ് ജോസഫ് (ജൂണിയർ), ഭാര്യ മറിയാമ്മ*

ശാന്തനും സൗമ്യനുമായിരുന്നു. കൃഷിയായിരുന്നു പ്രധാന തൊഴിൽ. ഇദ്ദേഹത്തിന്റെ സ്വന്ത സ്ഥലത്ത് സ്വന്തം ചെലവിൽ സ്ഥാപിച്ചതാണ് മഠത്തുംഭാഗം നോർത്ത് എം. ഡി. എൽ. പി. സ്കൂൾ. 1964 സെപ്റ്റംബർ 5-ാം തീയതി 93-ാമത്തെ വയസിൽ നിര്യാതനായി. അടൂർ കളേളാട്ട് ഗീവറഗീസ് മുതലാളിയുടെ മകൾ മറിയാമ്മയായിരുന്നു ഭാര്യ. ഇദ്ദേഹത്തിന് എം. പി. പോൾ  (കുഞ്ഞു പൗലോച്ചൻ) എന്നൊരു മകനും അന്നാമ്മ, കുഞ്ഞാണ്ടമ്മ, ഏലിയാമ്മ, മറിയക്കുട്ടി എന്ന് 4 പെൺമക്കളും ജനിച്ചു. മകൾ അന്നാമ്മയെ കല്ലൂപ്പാറ മൂത്തേടത്ത് ഗീവറുഗീസ് വിവാഹം കഴിച്ചു. കുഞ്ഞാണ്ടമ്മയെ തുമ്പമൺ ചക്കാലമണ്ണിൽ തോമസ് വിവാഹം കഴിച്ചു. ഏലിയാമ്മ അവിവാഹിത. മറിയക്കുട്ടിയെ മാന്നാത്ത് വാലുചിറയിൽ ജേക്കബ് വിവാഹം കഴിച്ചു.

**<u>VI-എം. പി. പോൾ (കുഞ്ഞു പൗലോച്ചൻ)</u>**



*എം. പി. പോൾ, ഭാര്യ അച്ചാമ്മ*

ദീർഘനാൾ സിംഗപ്പൂർ, മലയാ  മുതലായ നാടുകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. രണ്ടാം ലോകമഹായുദ്ധകാലത്ത് ഇദ്ദേഹം സിംഗപ്പൂരിൽ ആയിരുന്നു. യുദ്ധക്കെടുതികൾ മൂലം വളരെ അധികം യാതനകൾ അനുഭവിച്ച ആളാണ്. യുദ്ധത്തിനുശേഷം നാട്ടിൽ മടങ്ങിവന്ന് സാമൂഹ്യ, രാഷ്ട്രീയ രംഗങ്ങളിൽ സജീവമായി പ്രവർത്തിച്ചിരുന്നു. ദീർഘകാലം സെൻ്റ് സ്റ്റീഫൻസ് പള്ളി ട്രസ്റ്റി, മാരേട്ട് കുടുംബയോഗ പ്രസിഡൻറ്, രക്ഷാധികാരി, ചെങ്ങരൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് സെക്രട്ടറി, കല്ലൂപ്പാറ ഓർത്തഡോക്സ് സിറിയൻ കൺവൻഷൻ ഭരണസമതി അംഗം എന്നീ നിലകളിലെല്ലാം സേവനമനുഷ്ഠിച്ചിട്ടുണ്ട്. വടക്കേത്തലയ്ക്കൽ കുടുംബയോഗത്തിന്റെ

പുനരുദ്ധാരണത്തിന് മുൻകൈ എടുത്ത ആൾ എന്ന നിലയിൽ വടക്കേത്തലയ്ക്കൽ കുടുബാംഗങ്ങൾക്ക് ഇദ്ദേഹം എന്നും സ്മരണീയാനാണ്. 1988 ജനുവരി 15-ാം തീയതി 82-ാമത്തെ വയസിൽ നിര്യാതനായി. തിരുവല്ലാ മണിയനേട്ട് കണ്ടത്തിൽ മാത്യു മാപ്പിളയുടെ മകൾ അച്ചാമ്മ (കുഞ്ഞമ്മ)യായിരുന്നു ഭാര്യ. 1967 ഫെബ്രുവരി 17-ാം തീയതി അച്ചാമ്മ മരണമടഞ്ഞു. ജോസിപോൾ (കുഞ്ഞുമോൻ), മാത്യു പോൾ (സണ്ണി) എന്ന് രണ്ട് പുത്രന്മാരും മോളി എന്നൊരു മകളും ജനിച്ചു. മോളിയെ തലവടി കുറ്റിയിൽ ജോർജ് വിവാഹം കഴിച്ചു.

**<u>VII-ജോസി പോൾ (കുഞ്ഞുമോൻ)</u>**



ജോസി പോൾ , ഭാര്യ കുഞ്ഞന്നാമ്മ

കൃഷി, വ്യവസായം മുതലായ മേഘലകളിൽ പ്രവർത്തിച്ചുവരവെ ഉദ്യോഗാർത്ഥം കുടുംബസമേതം അമേരിക്കയിൽ പോയി. സാമൂഹ്യ, രാഷ്ട്രീയ മണ്ഡലങ്ങളിൽ പ്രവർത്തിച്ചിരുന്നു. തോട്ടയ്ക്കാട്ട് തയ്യിൽ റ്റി. സി. പോളിന്റെ മകൾ കുഞ്ഞന്നാമ്മയാണ് ഭാര്യ. ഉദ്യോഗത്തിൽ നിന്ന് വിരമിച്ച ശേഷം നാട്ടിൽ തിരിച്ചെത്തി, വടക്കേത്തലയ്ക്കൽ മഹാകുടുംബയോഗ പ്രസിഡന്റ്, മാരേട്ട് ശാഖാ കുടുംബയോഗ പ്രസിഡന്റ്, രക്ഷാധികാരി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. പോൾ ജെ. മാരേട്ട് എന്ന് ഒരു മകനും, ജസി ജോസ്, ജയ ജോസ് എന്ന് രണ്ട് പുത്രിമാരും ഉണ്ട്. ജസി ജോസിനെ കിഴവല്ലൂർ മാമ്മൂട്ടിൽ മലഞ്ചരിവ് പുത്തൻ വീട്ടിൽ എം. കെ. മത്തായിയുടെ മകൻ ബിജു മാത്യു വിവാഹം കഴിച്ചു. ജയ ജോസ് അമേരിക്കയിൽവെച്ചു നിര്യതയായി.

**VIII-പോൾ ജെ. മാരേട്ട് ( ജോമോൻ)**



പോൾ ജെ. മാരേട്ടും കുടുംബവും

വിദ്യാഭ്യാസത്തിനുശേഷം അമേരിക്കയിൽ ജോലി നോക്കുന്നു. കോതമംഗലം കാട്ടുചിറ പോളിന്റെ മകൾ ജോയിസ് ആണ് ഭാര്യ. ജോയിസും അമേരിക്കയിൽ സേവനമനുഷ്ഠിക്കുന്നു. മക്കൾ - ജോഷ് പോൾ മാരേട്ട്, ജോബിൻ പോൾ മാരേട്ട് എന്ന രണ്ട് പുത്രന്മാരും, ജൊവാന പോൾ മാരേട്ട് എന്ന ഒരു പുത്രിയു ഉണ്ട്.

**VII-മാത്യു പോൾ (സണ്ണി)**



വിദ്യാഭ്യാസത്തിനുശേഷം കുറച്ചു നാൾ എം. ആർ. എഫിൽ ജോലി നോക്കിയിരുന്നു. അവിടെ നിന്നും പിരിഞ്ഞ് കുറച്ചു നാൾ ഗൾഫിൽ ജോലി നോക്കിയിരുന്നു. നാട്ടിൽ തിരിച്ചെത്തി കൃഷി കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തി കഴിഞ്ഞുവരവേ 1998 മാർച്ച 23 നു 47 ആം വയസിൽ നിര്യതനായി.. വാകത്താനത്ത് വള്ളിക്കാട്ട് മൂലയിൽ, എം. പി. കുറിയാക്കോസിന്റെ മകൾ ജോയമ്മയാണ് ഭാര്യ. മനോജ് എം. മാരേട്ട്, സിറിയക്ക് എം. മാരേട്ട്(മനു) എന്ന് രണ്ട് പുത്രന്മാരും, മഞ്ജു സൂസൻ മാരേട്ട് എന്ന് ഒരു മകളും ഉണ്ട്. മഞ്ജുവിനെ കുമ്പഴ കളീക്കൽ മാമൻ സ്കറിയ  വിവാഹം കഴിച്ചു.

**VIII-മനോജ് എം. മാരേട്ട്**



*മനോജ്, ഭാര്യ കുഞ്ഞുമോൾ, മക്കൾ മെൽവിൻ മാത്യു മാരേട്ട്, മെബിൻ വർഗീസ്  മാരേട്ട്*

വിദ്യാഭ്യാസത്തിനു ശേഷം കുവൈറ്റിൽ  സേവനമനുഷ്ഠിക്കുന്നു. തിരുവഞ്ചൂർ ചോറാറ്റിൽ സി .ടി . വർഗീസിന്റെ മകൾ കുഞ്ഞുമോൾ ആണ് ഭാര്യ. മെൽവിൻ എം. മാരേട്ട് , മെബിൻ വി . മാരേട്ട് എന്ന്  രണ്ടു പുത്രന്മാർ ഉണ്ട്.

**VIII-സിറിയക് എം. മാരേട്ട് ( മനു )**



*മനുവും കുടുംബവും 'അമ്മ ജോയമ്മക്കൊപ്പം*

വിദ്യാഭ്യസത്തിനു ശേഷം ന്യൂസിലാൻഡിൽ ജോലി നോക്കുന്നു.  പുറമറ്റം തോട്ടത്തിൽ ടി.ജി. ഗീവർഗീസിന്റെ മകൾ മെർലിൻ ആണ് ഭാര്യ. മാർവിൻ എം. മാരേട്ട്, ഡാർവിൻ സി. മാരേട്ട്, എന്ന് രണ്ടു പുത്രന്മാർ.

**VI-ഏലിയാമ്മ ജോസഫ്** BA, B Ed  (കൊച്ചേലിയാമ്മ)



അവിവാഹിത. വിവാഹ ജീവിതത്തിൽ താല്പര്യമില്ലാതെ സാമൂഹ്യസേവനം ചെയ്തും ഒരുനല്ല ആത്മീയ ജീവിതം കെട്ടിപ്പടുത്തും കഴിഞ്ഞു വന്നു. MH, TTC സാഹിത്യവിശാരദ് ബേസിക് ട്രെയിനിങ് , ബി. എ. ബി. എഡ്, എന്നീ പരീക്ഷകൾ പാസായതിനുശേഷം 16 വർഷത്തെ പ്രൈവറ്റ് സ്കൂൾ സർവ്വീസും 20 വർഷത്തെ ഗവൺമെന്റ് സർവ്വീസും കഴിഞ്ഞ് റിട്ടയർ ആയി. കല്ലൂപ്പാറ പഞ്ചായത്തിൽ വനിതാ മെമ്പറായി സേവന മനുഷ്ഠിച്ചിരുന്നു. 1989-ൽ 2 വർഷക്കാലം തന്റെ സഹോദര പുത്രനോടൊത്ത് അമേരിക്കയിൽ (ഫിലാഡൽഫിയ) താമസിച്ചിരുന്നു. നിരണം ഭദ്രാസനത്തിൽ കല്ലുപ്പാറ മർത്തമറിയം സമാജം ഗ്രൂപ്പിന്റെ ജോയിന്റ് സെക്രട്ടറി, സെൻറ് സ്റ്റീഫൻസ് ഓർത്തഡോക്സ് പള്ളി സ്ത്രീ സമാജം സെക്രട്ടറി, മാരേട്ട് കുടുംബയോഗത്തിന്റെ വനിതാ ഘടകത്തിന്റെ പ്രസിഡന്റ് എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. അമേരിക്കയിൽ ആയിരുന്നപ്പോഴും നാട്ടിലേപ്പോലെ തന്നെ ആത്മീയ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തിരുന്നു. 2015 മാർച്ച് 5 നു  97 ആം വയസിൽ നിര്യതയായി.

**IV - ഉമ്മുമ്മൻ (മണ്ണഞ്ചേരിൽ)**

പ്രധാന തൊഴിൽ കൃഷിയായിരുന്നു. 1081 മേടം 23-ാം തീയതി 51 -ാമത്തെ വയസിൽ നിര്യാതനായി. കല്ലൂപ്പാറ വലിയ പള്ളിയിൽ സംസ്കരിച്ചു. ഇദ്ദേഹത്തിന്റെ ആദ്യഭാര്യ ശൂരനാട്ട് പോരുവഴി കുടുബാംഗമായിരുന്നു. മക്കളില്ലാതെ മരണമടഞ്ഞു. രണ്ടാം ഭാര്യ തുമ്പമൺ വടക്കേത്താഴയിൽ അന്നാമ്മ ആയിരുന്നു. അന്നാമ്മ 83-ാമത്തെ വയസിൽ നിര്യാതയായി. ഇവർക്ക് ഔസേഫ് ഉമ്മൻ (കുഞ്ഞൗസേപ്പച്ചൻ), ചെറിയക്കുഞ്ഞ്, ഉമ്മൻ ഏബ്രഹാം (കുഞ്ഞവറാച്ചൻ) എന്ന് മൂന്ന് ആൺമക്കളും ശോശാമ്മ, ഏലിയാമ്മ, മറിയാമ്മ, കുഞ്ഞന്നാമ്മ എന്ന് 4 പെൺമക്കളും ജനിച്ചു. ശോശാമ്മയെ കായംകുളത്ത് പൊൻവാണിഭത്ത് പാപ്പി വിവാഹം കഴിച്ചു. ഏലിയാമ്മയെ കാരിച്ചാൽ കവറാട്ട് ഉമ്മൻ വിവാഹം കഴിച്ചു. മറിയാമ്മയെ ഒളശ്ശയിൽ നാലന്തറ പാപ്പി വിവാഹം കഴിച്ചു. കുഞ്ഞമ്മയെ തലവടി അംബ്രയിൽ  കിഴക്കേപ്പറമ്പിൽ കീവറിച്ചൻ വിവാഹം കഴിച്ചു.

**V-ഔസേഫ് ഉമ്മൻ** (കുഞ്ഞൗസേപ്പച്ചൻ)



*ഔസേഫ് ഉമ്മനും ഭാര്യ ആച്ചിയമ്മയും*

കൃഷി ആയിരുന്നു പ്രധാന തൊഴിൽ. ഇദ്ദേഹത്തിന് ആയുർവേദ ചികിത്സ നല്ല വശം ആയിരുന്നു. പ്രതേകിച്ചു വസൂരി ചികിത്സയിൽ  വിദഗ്ധനായിരുന്നു.. പിതൃസഹോദരങ്ങളോട് ഒത്തുചേർന്നു കൊണ്ട് ആദ്യകാല മാരേട്ട് പള്ളിയുടെ ( St. Stephens Orthodox Church, M. North )നിർമാണം നടത്താനും സാധിച്ചു. ആദ്യ ഭാര്യ കടമാൻകുളം മൂത്തേടത്ത് പുത്തൻ പുരയ്ക്കൽ ഈപ്പച്ചന്റെ മകൾ പെണ്ണുകുഞ്ഞായിരുന്നു. ഇതിൽ കൊച്ചന്നാമ്മ എന്ന് ഒരു മകൾ ജനിച്ചു. കൊച്ചന്നാമ്മയെ മല്ലപ്പള്ളി വട്ടശ്ശേരിൽ പൊയ്ക്കുടിയിൽ കീവറിച്ചൻ വിവാഹം കഴിച്ചു. രണ്ടാം വിവാഹം പുതുശ്ശേരി കൈതയിൽ തെക്കൻനാട്ടിൽ മാമ്മന്റെ മകൾ ആച്ചിയമ്മയായിരുന്നു. ആച്ചിയമ്മ 1987 ഡിസംബർ 8 ന് നിര്യാതയായി. ഇതിൽ എം. ജെ. ഉമ്മൻ എന്നൊരു മകനും ശോശക്കുട്ടി എന്നൊരു മകളും ജനിച്ചു. ശോശക്കുട്ടിയെ കാനത്ത് തോട്ടാപറമ്പിൽ ഈപ്പൻ വിവാഹം കഴിച്ചു. കുഞ്ഞൗസേപ്പച്ചൻ 1966 ജൂലൈ 2-ാം തീതയി നിര്യാതനായി.

**VI-എം. ജെ. ഉമ്മൻ (ഉമ്മച്ചൻ)**



*എം.ജെ. ഉമ്മനും ഭാര്യ ഏലിയാമ്മയും*

നന്നേ ചെറുപ്പത്തിൽ തന്നെ കുടുംബത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തുകൊണ്ട് പിതാവിനെ സഹായിച്ചു. നല്ലരീതിയിലും ശാസ്ത്രിയമായും കൃഷിയും വ്യവസായവും നടത്തി കുടുംബത്തിലെ സാമ്പത്തിക ഭദ്രദ ഉറപ്പാക്കുകയും മക്കളുടെ ഉയർന്ന വിദ്യാഭാസത്തിന് എല്ലാ പ്രോത്സാഹനവും നൽകി. അതെ സമയം, അർഹിക്കുന്നവർക്ക്  തന്നാൽ സാധിക്കുന്ന സഹായം ചെയ്യാനും ഉൽസുകനായിരുന്നു. നെടുമ്പ്രം പഞ്ചായത്തിൽ പെട്ട നീരേറ്റുപുറം  വേങ്ങൽ പടിഞ്ഞാറെ വീട്ടിൽ കൊച്ചുണ്ണി  (ഐപ്പ് ഏലിയാസ് ) യുടെ മകൾ ഏലിയാമ്മ ( അമ്മിണി ) ആയിരുന്നു ഭാര്യ. ജോസഫ് ഉമ്മൻ(ജോസ്), ഐപ്പ്  ഉമ്മൻ(ബാബു), ചെറിയാൻ ഉമ്മൻ(അനിയച്ചൻ), മോളി ഉമ്മൻ ( അച്ചിയമ്മ ) എന്നിവർ മക്കളാണ്. ഒരു മകൾ ( മോളി ) നന്നേ ചെറുപ്രായത്തിൽ മരിച്ചു പോയിരുന്നു. ആച്ചിയമ്മയെ ( മോളി ) ചെന്നിത്തല കോട്ടപ്പുറത്ത് ഐപ്പ്  മാത്യു ( രഞ്ജി ) വിവാഹം കഴിച്ചു.



*എം.ജെ. ഉമ്മനും കുടുംബവും*

**VII-ജോസഫ് ഉമ്മൻ MSc. BEd (ജോസ്)**



*ജോസഫ് ഉമ്മനും കുടുംബവും.*

പ്രീ ഡിഗ്രി പഠനത്തിന് ശേഷം ഉപരിപഠനത്തിനായി മൈസൂർ സർവകലാശാലയിൽ നിന്നും ഡിഗ്രി യും ബി. എഡും കരസ്ഥമാക്കി. പിന്നീട് ബിരുദാന്തര ബിരുദവും നേടി. വളരെക്കാലം ആഫ്രിക്കയിൽ കുടുംബ സമേധം അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചു. പിന്നീട് ഗുജറാത്തിൽ ബറോഡയിൽ പ്രധാന അദ്ധ്യാപകനായും ജോലി നോക്കി. 2023 ഏപ്രിൽ 28 നു ബറോഡയിൽ വെച്ച് ജോസഫ് നിര്യാതനായി. തലവടിയിൽ ആറ്റുമാലിൽ അവറാൻകുട്ടിയുടെ മകൾ ബീന ( M. Sc, B. Ed)യാണ് ഭാര്യ. ബീനയും ബറോഡയിൽ അദ്ധ്യാപികയായിരുന്നു . ഇപ്പോൾ ഇരുവരും ജ്യോലിയിൽ നിന്ന് വിരമിച്ചു വിശ്രമ ജീവിതം നയിക്കുന്നു. ഇവർക്ക് നികേത് ജോസ് എന്ന ഒരു പുത്രനും , നിമിഷ ജോസ് എന്ന ഒരു പുത്രിയും ഉണ്ട്. **നിമിഷ(ബി. Tech)** കുടുംബ സമേതം ബോംബയിൽ ജോലിയായി സ്ഥിരതാമസമാണ്.

**VIII-നികേത് ജോസ് ( B Tech)**

നികേത് കെമിക്കൽ എഞ്ചിനീയറായി മൾട്ടി നാഷണൽ കമ്പനിയിൽ ഗുരുഗ്രാമിൽ ( ഡൽഹി ) ജോലി ചെയ്യുന്നു. ശീതൾ ( B .Tech) ആണ് നികേതിന്റെ ഭാര്യ. ഇവർക്ക് ഇവാൻ എന്ന ഒരു പുത്രൻ. വിദ്യാർഥിയാണ്

**VII-ഐപ്പ് ഉമ്മൻ (ബാബു)**



*നിൽക്കുന്നത്:( L to R) നിബു, ഭാര്യ രേഷ്മ, നിതിന്റെ  മകൻ ജൂലിയൻ , നിതിന്റെ ഭാര്യ ബബിത, നിതിൻ*
*ഇരിക്കുന്നത്:(L to R) നിബുവിന്റെ പുത്രി ഇവാനിയ, ബാബുവിന്റെ ഭാര്യ ജെസ്സി, നിതിന്റെ പുത്രി ആമില ,ഐപ്പ് മാരേട്ട് ( ബാബു), നിബുവിന്റെ പുത്രൻ ആഷെർ*

സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ഐ. റ്റി. സി. പാസായി മല്ലപ്പള്ളി സെൻട്രൽ ഐ. റ്റി. സിയിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചിരുന്നു. സെൻറ് സ്റ്റീഫൻസ് ഓർത്തഡോക്സ് പള്ളി ട്രസ്റ്റിയായിരുന്നു. കല്ലൂപ്പാറ പ്ലാക്കട വാലുപറമ്പിൽ അനിയൻ കുഞ്ഞിന്റെ മകൾ സാറാമ്മ (ജെസ്സി-BSc,MLT ആണ് ഭാര്യ. തിരുവല്ലാ മെഡിക്കൽ മിഷൻ, റാന്നി മേനാംതോട്ടം എന്നീ ആശുപത്രികളിൽ സേവനം അനുഷ്ഠിച്ചിരുന്നു. 1995 കുടുംബം അമേരിക്കയിലേക്ക് കുടിയേറി. രണ്ടു പേരും ഫിലഡല്ഫിയയിൽ വാട്ടർ ഡിപ്പാർട്മെന്റിൽ സേവനം അനുഷ്ട്ടിച്ചു.. ജോലിയിൽ നിന്നും വിരമിച്ചു കുടുംബ സമേതം അമേരിക്കയിൽ താമസിക്കുന്നു. നിബു ഉമ്മൻ മാരേട്ട് , നിതിൻ  ഐപ്പ് മാരേട്ട് എന്ന് രണ്ടു പുത്രന്മാരുണ്ട്. മക്കൾ ഫിലാഡൽഫിയയിൽ സ്ഥിരതാമസം.

**VIII-നിബു ഉമ്മൻ മാരേട്ട്** ( ഐ.ടി. പ്രഫഷണൽ )

ഐ.റ്റി. കമ്പനിയിൽ മാനേജരായി ജോലിചെയ്യുന്നു. തുമ്പമൺ കൊച്ചുപ്ലാമൂട്ടിൽ ബാബു തോമസിന്റെ മകൾ ഡോ. രേഷ്മയാണ് ഭാര്യ.  രേഷ്മ അമേരിക്കൻ ഫെഡറൽ ഗവെർമെന്റ് ഹോസ്പിറ്റലിൽ ജോലി ചെയ്യുന്നു . ഇവാനിയാ സാറാ മാരേട്ട് എന്ന ഒരു പുത്രിയും  ആഷെർ തോമസ് മാരേട്ട് എന്ന പുത്രനും ഉണ്ട്.

**VIII-നിതിൻ ഐപ്പ് മാരേട്ട്.(M. Tech, MBA )**

ബോയിങ് കമ്പനിയിൽ പ്രോഗ്രാം മാനേജർ ആയി ജോലി നോക്കുന്നു. തൊടുപുഴ താളിയൻചിറ ടോമി ജോണിന്റെ മകൾ ബബിത( ബയോ മെഡിക്കൽ എഞ്ചിനീയർ) ആണ് ഭാര്യ. അക്സെന്റ്റെ

കമ്പനിയിൽ സീനിയർ അനലൈസർ ആയി ജോലി ചെയ്യുന്നു . ആമില സാറാ മാരേട്ട്, ജൂലിയൻ ടോം മാരേട്ട് എന്ന് രണ്ടു മക്കൾ.

**VII-ചെറിയാൻ ഉമ്മൻ മാരേട്ട് MSC., BEd., MBH. (അനിയച്ചൻ)**



*അനിയച്ചനും കുടുംബവും*

ബിരുദം നേടിയ ശേഷം, ഉപരിപഠനത്തിനായി ഭോപ്പാലിൽ പോവുകയും ബിരുദാനന്തര ബിരുദം നേടുകയും അദ്ധ്യാപകനായി അവിടെ ജോലി നോക്കുകയും ചെയ്തു. ബി. എഡ് ഉം, ബിസ്സിനെസ്സ് മാനേജ്മെന്റിൽ ഡിപ്ലോമയും എടുത്ത ശേഷം ഗുജറാത്തിൽ ബറോഡയിൽ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമേനിയുടെ സ്കൂളിൽ ജോലി നോക്കിയ ശേഷം മറ്റൊരു സ്കൂളിലേക്ക് മാറി ഫിസിക്സ് അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചു.
ഈ അവസരത്തിൽ ഫിസിക്സിന്റെ കോച്ചിംഗ് സെന്റർ സ്ഥാപിക്കുകയും നല്ലനിലയിൽ +2 ലും മറ്റ് മത്സരപരീക്ഷകളിലും വിദ്യാർത്ഥികൾക്ക് ഉന്നത വിജയം ഉറപ്പാക്കാനും സാധിച്ചിരുന്നു.
ബറോഡായിൽ സ്ഥിര താമസം ഉണ്ടായിരുന്ന കോഴഞ്ചേരി വലിയവീട്ടിൽ കെ. എ. എബ്രഹാമിന്റെ മകൾ ജോളി B. Com യാണ് ഭാര്യ. ജോളി യൂണിയൻ ബാങ്കിൽ കമ്പ്യൂട്ടർ ഓഫീസർ ഉദ്യോഗസ്ഥ ആയിരുന്നു. ചെറിയാൻ ഉമ്മൻ മാരേട്ട് ഓർത്തഡോക്സ് സഭയുടെ കീഴിൽ ഉള്ള സ്കൂളിലും അതോടൊപ്പം സഭയുടെ ഇടവക വകയായി ഉള്ള ട്രസ്റ്റിലും ഭാരവാഹിയായി പ്രവർത്തിച്ചിട്ടുണ്ട്. സ്വന്തമായി ഒരു കുടുംബ ട്രസ്റ്റ് രൂപകരിച്ച ശേഷം രണ്ടു സ്കൂളുകൾ നടത്തി വരുന്നു.അനിയച്ചനും ജോളിയും അതിൽ പ്രസിഡന്റ് ആയും സെക്രട്ടറി ആയും പ്രവർത്തിക്കുന്നു. ഇവർക്ക് അജോ ചെറിയാൻ മാരേട്ട്, അജിൻ ചെറിയാൻ മാരേട്ട് എന്ന രണ്ട് മക്കൾ ഉണ്ട്.

**VIII-അജോ B . Tech**

കുടുംബ സമേതം അമേരിക്കയിൽ ഫിലഡൽഫിയയിൽ ജോലി നോക്കുന്നു. പുതുപ്പള്ളി കാണാകാലിൽ കെ. എം മത്തായി യുടെ മകൾ റിക്കു ( ചിന്നു ) B. Tech ആണ് ഭാര്യ. ഇരുവരും ഐ ടി മേഖലയിൽ ജോലി നോക്കുന്നു. ഇവർക്ക് സാക് അജോ മാരേട്ട് എന്ന ഒരു കുഞ്ഞു മകൻ ഉണ്ട്.

**VIII-അജിൻ ചെറിയാൻ മാരേട്ട് ( M. Sc )**

പൂനെയിൽ നിന്നും ഉപരിപഠനത്തിന് ശേഷം, കുടുംബ ട്രസ്റ്റ് നടത്തുന്ന ബറോഡയിൽ ഉള്ള സ്കൂളുകളിൽ ഡയറക്ടർ ആയി സേവനം അനുഷ്ഠിക്കുന്നു. കുണ്ടറ ജെ. ജെ. ആശിയാനായിൽ ഫിലിപ് ജോൺ ( ജിജു )ന്റെ മകൾ ജെസ് ഫിലിപ്പ് B Tech & MBA ആണ് ഭാര്യ.
ജെസ്, ബറോഡയിൽ ഉള്ള കോർപ്പറേറ്റ്തല സ്വകാര്യ യൂണിവേഴ്സിറ്റിയിൽ അസിസ്റ്റന്റ് പ്രൊഫസ്സർ ആയി ജോലി നോക്കുന്നു.

**V - ചെറിയകുഞ്ഞു**

ഓട്ടോ മോബൈൽ എൻജിനിയർ ആയിരുന്നു. ഒളശ്ശ നാലന്തറ ഏലിയാമ്മയെ വിവാഹം കഴിച്ചു. 28-ാമത്തെ വയസ്സിൽ നിര്യാതനായി. മക്കൾ ഇല്ല.

**V-ഉമ്മൻ ഏബ്രഹാം (കുഞ്ഞവരാച്ചൻ)**

ഇദ്ദേഹം കുറച്ചുനാൾ അദ്ധ്യാപകനായി ജോലി നോക്കിയശേഷം ജോലി ഉപേക്ഷിച്ച് കൃഷി കാര്യങ്ങളിൽ ശ്രദ്ധചെലുത്തി ജീവിച്ചുവന്നു. 1988 മാർച്ച് 29-ാം തീയതി 81-ാമത്തെ വയസിൽ നിര്യാതനായി. വള്ളംകുളം കണ്ടത്തിൽ കണ്ണങ്കര ചാക്കോച്ചന്റെ മകൾ ഏലിയാമ്മയായിരുന്നു ഭാര്യ. 1971 ആഗസ്റ്റ് 15-ാം തീയതി നിര്യാതയായി. എം. എ. ഉമ്മൻ (കൊച്ചുണ്ണൂണ്ണി)
എം. എ. ചാക്കോ (ചാക്കോച്ചൻ), ജോസി ഏബ്രഹാം (കൊച്ചുകുഞ്ഞ്) എന്ന് മൂന്നു ആൺമക്കളും, ചിന്നമ്മ, മറിയാമ്മ, (കുഞ്ഞൂഞ്ഞമ്മ) തങ്കമ്മ, മോളി എന്ന് നാല് പെൺമക്കളും ഉണ്ട്.
ചിന്നമ്മയെ വെമ്പാല ഇലഞ്ഞിമൂട്ടിൽ ഈപ്പൻ വിവാഹം കഴിച്ചു. മറിയാമ്മ (കുഞ്ഞൂഞ്ഞമ്മയെ) ഇലന്തൂർ കണ്ടെന്നത്ത് ജോൺ വിവാഹം കഴിച്ചു. തങ്കമ്മയെ പനയമ്പാല കരിപ്പോട്ട് കുഞ്ഞൂഞ്ഞച്ചൻ വിവാഹം കഴിച്ചു. മോളിയെ തിരുവല്ല പണിക്കരുവീട്ടിൽ ഏബ്രഹാം തോമസ് വിവാഹം കഴിച്ചു.

**VI-എം. എ. ഉമ്മൻ (കൊച്ചുണ്ണൂണ്ണി)**

വിദ്യാഭ്യാസത്തിനു ശേഷം കർണാടകയിലുള്ള ഭദ്രാ എസ്റ്റേറ്റിൽ ജോലി സ്വീകരിച്ചു. 46 വർഷം പ്രസ്തുത എസ്റ്റേറ്റിൽ സേവനമനുഷ്ഠിച്ചശേഷം 1989-ൽ പെൻഷൻപറ്റി നാട്ടിൽ തിരിച്ചെത്തി കൃഷി കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തി 2006 നവംബർ 23 നു നിര്യതനായി. . നിരണത്ത് കുന്നിപ്പറമ്പിൽ ജോബിന്റെ മകൾ അമ്മിണിയാണ് ഭാര്യ. ഇവർക്ക് ഏലിയാമ്മ (ലില്ലിക്കുട്ടി), അന്നമ്മ (കൊച്ചുമോൾ), മറിയാമ്മ (ബേബിക്കുട്ടി എന്ന് മൂന്ന് പുത്രിമാരും ഏബ്രഹാം (ഷാജി), ജേക്കബ് (ബാബു) എന്ന് രണ്ട് പുത്രന്മാരും ഉണ്ട്. ലില്ലിക്കുട്ടിയെ നിരണത്ത് വെഴലിൽ സണ്ണി വിവാഹം കഴിച്ചു. അന്നമ്മ (കൊച്ചുമോൾ) യെ കരിപ്പുഴ പനിനാറുപറയിൽ പ്രസാദ് വിവാഹം കഴിച്ചു. മറിയാമ്മ (ബേബിക്കുട്ടി) ബി. കോം. പാസായ ശേഷം മല്ലപ്പള്ളി മൂത്തൂറ്റ് ബാങ്ക് ബ്രാഞ്ചിൽ ജോലി ചെയ്യുന്നു.

**VII-ഏബ്രഹാം ഉമ്മൻ (ഷാജി)**




*ലിയ(ചിന്നു), ഏബ്രഹാം (ഷാജി), ഭാര്യ സൂസൻ(ഷീല), ലിസ്(അമ്മു)*

ഡിഗ്രി കഴിഞ്ഞ തിനുശേഷം കോട്ടയത്ത് മനോരമയിൽ ജോലി ചെയ്യുന്നു. ഭാര്യ നിരണത്ത് അടിവാക്കൽ എ എം ജോസഫിന്റെ മകൾ സൂസൻ(ഷീല), വെറ്ററിനറി ഡോക്ടറായി സേവനമനുഷ്ഠിക്കുന്നു. മക്കൾ: ലിസ്(അമ്മു), ബിടെക് കഴിഞ്ഞതിനു ശേഷം  കൊക്നിസന്റ് എന്ന സോഫ്റ്റ് വെയർ കമ്പനിയിൽ ജോലി ചെയ്യുന്നു. ലിയ(ചിന്നു) ബി ടെക്ക് പഠിക്കുന്നു.

**VII-ബാബു**

**VI-എം.എ. ചാക്കോ (ചാക്കോച്ചൻ)**



വിദ്യാഭ്യാസത്തിനു ശേഷം കുറച്ചുനാൾ റെയിൽവേയിൽ ജോലി നോക്കിയിരുന്നു. പിന്നീട് കുവൈറ്റിൽ ജോലി സ്വീകരിച്ചു. കുവൈറ്റിൽ ഉണ്ടായ യുദ്ധക്കെടുതികൾ മൂലം നാട്ടിൽ തിരിച്ചെത്തി ഗൃഹകാര്യങ്ങളിൽ വ്യപൃതനായി കഴിഞ്ഞു. 2015 ഒക്ടോബര് 8 നു ചാക്കോച്ചൻ നിര്യാതനായി . ആദിച്ചനല്ലൂർ കൂടത്തുംമുറിയിൽ പി. ഐ. ഈപ്പൻ മകൾ സൗമിനിയാണ് ഭാര്യ. ഏബ്രഹാം ചാക്കൊ (റജി), ഈപ്പൻ ചാക്കൊ (കൊച്ചുമോൻ) എന്ന് രണ്ട് പുത്രന്മാരും രാജി, ജിജി, ഷിജി എന്ന് മൂന്ന് പുത്രിമാരും ഉണ്ട്. മകൾ രാജിയെ പുതുപ്പള്ളി താഴത്തു കരോട്ട് നല്ലേട്ട് കൊച്ചിപ്പറമ്പിൽ മാത്യു കെ ജോണിൻറ മകൻ അനിൽ വിവാഹം കഴിച്ചു. ജിജിയെ പത്തനാപുരം പൂവള്ളൂരിൽ പാപ്പച്ചൻ മകൻ ജയിൻ വിവാഹം കഴിച്ചു. ഷിജിയേ ഉള്ളന്നൂർ പടിഞ്ഞാറ്റേതിൽ ദാനിയേലിന്റെ മകൻ ഷിബു വിവാഹം കഴിച്ചു.

**VII-ഏബ്രഹാം ചാക്കോ (റെജി )**



*റെജിയും കുടുംബവും*

റെജി ഡിസൈൻ എഞ്ചിനീയർ  ആയി ദുബൈയിൽ ജോലി ചെയ്യുന്നു . കറ്റോട്ട്  കൊച്ചുമാലിൽ എ.ജി. തോമസ്ന്റെ മകൾ ഷീജയാണ് ഭാര്യ.  ബിബിൻ ജേക്കബ് എബ്രഹാം,  എബിൻ തോമസ് എബ്രഹാം എന്ന് രണ്ടു പുത്രന്മാർ.  ഇളയ മകൻ എബിൻ തോമസ് എബ്രഹാം ( B.tech EEE) പഠിക്കുന്നു

**VIII- ബിബിൻ ജേക്കബ് എബ്രഹാം**

ദുബൈയിൽ ഇലക്ട്രിക്കൽ എഞ്ചിനീയർ  ആയി ജോലി ചെയ്യുന്നു ബിബിൻ  വിവാഹം ചെയ്തിരിക്കുന്നത് വാകത്താനം  പാലക്കുഴിയിൽ ഡോ. ആൻ പ്രിയ തമ്പിയെ D Pharm. ആണ്. അന്ന  കോട്ടയം മന്ദിരം ഹോസ്പിറ്റലിൽ ജോലി ചെയ്യുന്നു .

**VII-ഈപ്പൻ ചാക്കോ B.E  (സജി )**



*സജിയും കുടുംബവും*

സജി ഇലക്ട്രിക്കൽ എഞ്ചിനിയർ ആയി സൗദിയിൽ ജോലി ചെയ്യുന്നു. ഭാര്യ കല്ലുപ്പുരയ്ക്കൽ റവ. ഫാദർ  ജോർജ് ജോസഫ്ന്റെ മകൾ ലീന B.Sc, B. Ed ആണ് . മുത്ത മകൻ ജോഹാൻ ജേക്കബ്

ഈപ്പൻ ഇലക്ട്രിക്കൽ എഞ്ചിനീയർ  ആയി ഗുജറാത്തിൽ  ജോലി ചെയ്യുന്നു . ഇളയ മകൻ ജോനാ ജോർജ് ഈപ്പൻ B. Tech, CSE ന് ചെന്നൈയിൽ പഠിക്കുന്നു.

**VII- രാജി (ചാക്കോച്ചന്റെ മകൾ)**



*രാജിയും കുടുംബവും.*

രാജിയുടെ  ഭർത്താവ് അനിൽ ഏലപ്പാറ ടീ എസ്റ്റേറ്റിൽ  ടീ മേക്കർ ആയി ജോലി  ചെയ്തിരുന്നു. ഇപ്പോൾ നഴ്സറി (പ്ലാന്റ്) നടത്തുന്നു. മൂത്ത  മകൾ ആഷാ അച്ചു മാത്യു(അച്ചൂസ് )B. Sc Maths കുവൈറ്റിൽ ഇന്ത്യൻ ഇന്റർനാഷണൽ  സ്കൂളിൽ അദ്ധ്യാപികയായി ജോലി ചെയ്യുന്നു . ആഷയെ വിവാഹം ചെയ്തിരിക്കുന്നത് മുവാറ്റുപുഴ ആയിക്കരകുടിയിൽ രാജന്റെ മകൻ ജോർജി M.B.A യാണ് . ജോർജി  മണി എക്സ്ചെയ്ജിൽ  അസിസ്റ്റന്റ് മാനേജർ ആയി കുവൈറ്റിൽ ജോലി  ചെയ്യുന്നു. ഇളയ മകൾ എൽസ രാജം മാത്യു  (എൽച്ചു ) B. Sc Maths കഴിഞ്ഞു M. B. A (HRM) പഠിക്കുന്നു.

**VII- ജിജി ( ചാക്കോച്ചന്റെ പുത്രി )**

**IP** 

*ജിജിയും കുടുംബവും*

ജിജിയുടെ ഭർത്താവ് ജെയിൻ അബുദാബിയിൽ ജോലി ചെയ്യുന്നു . മൂത്ത മകൾ കൃപ മാത്യു ( physican assistant and MSW) കഴിഞ്ഞ് MGM ഹോസ്പിറ്റലിൽ ചെന്നൈയിൽ ജോലി ചെയ്യുന്നു . ഇളയ മകൾ കരുണ 10ൽ പഠിക്കുന്നു


**VII- ഷിജി ( ചാക്കോച്ചന്റെ പുത്രി)**



*ഷിജിയും കുടുംബവും*

ഷിജി വിവാഹത്തിനു ശേഷം കുടുംബമായി 20 കൊല്ലം ദുബൈയിൽ ആയിരുന്നു. ഇപ്പോൾ മകളുടെ വിദ്യാഭ്യാസത്തിന് പൂനയിൽ താമസിക്കുന്നു. ഭർത്താവ് ഷിബു ദുബൈയിൽ ജോലി ചെയ്യുന്നു. മകൻ ജെഫിൻ ഷിബു B.S.B.A കഴിഞ്ഞ് ദുബൈയിൽ ജോലി ചെയ്യുന്നു . മകൾ എൽജിൻ ഷിബു B.B.A യ്ക് പഠിക്കുന്നു.

**VI-ജോസി ഏബ്രഹാം MA, BEd, LLB. (കൊച്ചുകുഞ്ഞ്)**



*ജോസി അബ്രഹാമും കുടുംബവും*

ബോംബെയിൽ മാഹിം സെന്റ് മൈക്കിൾസ് ഹൈസ്കൂൾ പ്രിൻസിപ്പൽ ആയി വിരമിച്ചു. ആത്മീയ കാര്യങ്ങളിൽ തല്പരനാണ്. കോന്നിയിൽ തേക്കിനേത്ത് റ്റി. റ്റി. ജോഷ്വായുടെ മകൾ ലീലാമ്മ BSc, BEd ആണ് ഭാര്യ. ലീലാമ്മ ബോംബെയിൽ ഇന്ത്യൻ എയർലൈൻസ് ഐഡിയൽ സ്കൂൾ പ്രിൻസിപ്പൽ ആയി സേവനമാനുഷിച്ചിരുന്നു. ഇവർക്ക് എലിസബേത്ത്, സൂസൻ എന്ന് രണ്ടു പുത്രികൾ.ജോസി എബ്രഹാം 2021 മെയ് 8 ന് നിര്യാതനായി.
എലിസബെത്ത്-BHMS,MDBA,PMB (ലീന) കാനഡയിൽ എക്സ്പോർട്ട് ഡെവോലോപ്മെന്റിൽ ഡേറ്റ

ഓപ്പറേറ്റിംഗ് പ്രിൻസിപ്പാൾ ആയി ജോലി ചെയ്യുന്നു. ലീനയുടെ ഭർത്താവ് കായംകുളം ചക്കാല പടിത്തത്തിൽ വർഗീസ് തോമസിന്റെ മകൻ സോളമൻ വർഗീസ് അതെ കമ്പനിയിൽ തന്നെ മാർക്കറ്റിംഗ് വിഭാഗത്തിൽ ജോലി നോക്കുന്നു. ഇവരുടെ പുത്രൻ ലെവി സോളമൻ BA,WCG ഇൻഫർമേഷൻ അനലൈസർ ആയി ജോലി ചെയ്യുന്നു. സൂസൻ BE, MBA (സൂസി) ഭർത്താവു വാകത്താനം പിള്ളച്ചിറയിൽ റിട്ടയേഡ് കേണൽ പി.ഒ തോമസിന്റെ മകൻ മാർക്കോസ് തോമസ് BA, LLM നു ഒപ്പം സിംഗപ്പൂരിൽ ജോലി ചെയ്യുന്നു. ഇവർക്ക് റാഫേൽ എന്ന ഒരു പുത്രനും, റേച്ചൽ എന്ന ഒരു പുത്രിയും. ജോസി ഏബ്രഹാം ബോംബെ ഭദ്രാസന സൺഡേസ്കൂൾ ഡയറക്ടർ ആയി സേവന മനുഷ്ഠിട്ടുണ്ട്.

**IV -ഔസേപ്പ് ചെറിയ (ചെങ്ങരൂർ മഠം)**

പ്രധാന തൊഴിൽ കൃഷിയായിരുന്നു. 1916 മേടം 10 ന് മരണമടഞ്ഞു. കോടിയാട്ട് ചാത്തമല തോമാച്ചന്റെ മകൾ കൊച്ചേലിയാമ്മയായിരുന്നു ഭാര്യ. കുഞ്ഞൗസേപ്പച്ചൻ, എം. സി. തോമസ് (തോമ്മാച്ചൻ), എം. സി. ഏബ്രഹാം (കുഞ്ഞവരാച്ചൻ), കറിയാച്ചൻ എന്ന് നാല് ആൺമക്കൾ. കുഞ്ഞൗസേപ്പച്ചൻ അവിവാഹിതനായി മരിച്ചു. കറിയാച്ചനും നന്നേ ചെറുപ്പത്തിൽ മരണപെട്ടു.

**V-എം. സി. തോമസ് (തോമ്മാച്ചൻ)**

കർമ്മനിരതനും, ബുദ്ധിശാലിയും ആയിരുന്നു. കുടുംബ സംബന്ധമായ ഏതുകാര്യങ്ങളും ആണ്ടും തീയതിയും ഉദ്ധരിച്ച് വിശദീകരിക്കുവാൻ ഇദ്ദേഹം പ്രഗൽഭനായിരുന്നു. പ്രധാന തൊഴിൽ കൃഷിയായിരുന്നു. 1985 സെപ്റ്റംബർ മാസം 5-ാം തീയതി 92-ാമത്തെ വയസിൽ നിര്യാതനായി. ഈട്ടിക്കൽ പള്ളിയിൽ സംസ്കരിച്ചു. പുതുശ്ശേരി മഞ്ഞനാംകുഴിയിൽ സാറാമ്മയായിരുന്നു ഭാര്യ. സാറാമ്മ 1989 ജൂൺ 29-ാം തീയതി മരണമടഞ്ഞു. ഈട്ടിക്കൽ പള്ളിയിൽ സംസ്കരിച്ചു. ചെറിയാൻ തോമസ് (തങ്കച്ചൻ) എന്നൊരു മകനും, ഏലിക്കുട്ടി, മറിയക്കുട്ടി, കൊച്ചുസാറാമ്മ എന്ന് മൂന്ന് പെൺമക്കളും. ഏലിക്കുട്ടിയെ ചങ്ങനാശ്ശേരി ആലഞ്ചേരിൽ ജോർജ് വിവാഹം കഴിച്ചു. മറിയക്കുട്ടിയെ ചങ്ങനാശ്ശേരി പാറാച്ചേരിൽ ചാക്കോച്ചൻ വിവാഹം കഴിച്ചു. കൊച്ചുസാറാമ്മയെ അയിരൂർ കരിപ്ലാപറമ്പിൽ ഫിലിപ്പ് വിവാഹം കഴിച്ചു.

**VI-ചെറിയാൻ തോമസ് (തങ്കച്ചൻ)**

തോമാച്ചന്റെ ഏക മകൻ. പ്രധാന തൊഴിൽ കൃഷി. ചങ്ങനാശ്ശേരി വെട്ടിത്താനം ഔസേപ്പച്ചന്റെ മകൾ ക്ലാരമ്മയായിരുന്നു ആദ്യ ഭാര്യ. ഇതിൽ തോമസ്കുട്ടി എന്നൊരു മകനും, നിർമ്മല, അന്നമ്മ എന്ന് രണ്ട് പെൺമക്കളും ഉണ്ട്. 1975 ജൂലൈ മാസം 29-ാം തീയതി ക്ലാരമ്മ മരണമടഞ്ഞു. ഈട്ടിക്കൽ പള്ളിയിൽ സംസ്കരിച്ചു. മുക്കൂട്ടുതറ കാരിക്കൂട്ടത്തിൽ മേരിക്കുട്ടിയാണ് രണ്ടാം ഭാര്യ. ഇതിൽ മക്കളില്ല. മകൾ നിർമ്മലയെ ചങ്ങനാശ്ശേരി വടക്കേക്കര പുല്ലുകാട്ടിൽ തോമസ് മാത്യു വിവാഹം കഴിച്ചു. മകൾ അന്നമ്മ അവിവാഹിതയാണ്. തങ്കച്ചൻ 1999 മാർച്ച് 17 നു മരണമടഞ്ഞു. ചെങ്ങരൂർ മലങ്കര കത്തോലിക്ക ദേവാലയത്തിൽ സംസ്കരിച്ചു.

**VII-തോമസ് ചെറിയാൻ (തോമസ് കുട്ടി)**



*തോമസ്കുട്ടി, ഭാര്യ ലിറ്റി, സഹോദരി അന്നമ്മ, മക്കൾ റ്റിജോ, റ്റോജോ*

വിദ്യാഭ്യാസത്തിനു ശേഷം ഗൾഫിൽ കുറച്ചുവർഷം സേവനമനുഷ്ഠിച്ച തോമസ്കുട്ടി നാട്ടിൽ തിരിച്ചെത്തി 'മാരേട്ട് ഫൈനാൻസ്' എന്ന സ്ഥാപനം നടത്തുന്നു. ചങ്ങനാശേരി വെണ്ണാലിൽ വി. എം. ജോർജിന്റെയും പെണ്ണമ്മ ജോർജിന്റെയും മകൾ ലിറ്റിയാണ് ഭാര്യ. റ്റിജോ, റ്റോജോ എന്ന് രണ്ട് ആൺമക്കൾ.

**VIII-റ്റിജോ .റ്റി. മാരേട്ട് ( ECE ):**



*റ്റിജോ, ഭാര്യ ഷിജി, മകൻ ഇസാക്ക്*

എഞ്ചിനീയറിംഗ് ബിരുദത്തിനു ശേഷം കുറച്ചു കാലം ഗൾഫിലും ഇപ്പോൾ കാനഡയിലും ജോലി ചെയ്യുന്നു. കൊട്ടാരക്കര മറവൂരഴികത്തു എം. ഒ. മാത്യുവിന്റെയും ഏലിയാമ്മ മാത്യുവിന്റെയും മകൾ ഷിജി എ. മാത്യു ആണ് ഭാര്യ. ഷിജി കാനഡയിൽ നേഴ്സ് (RN) ആയി ജോലി ചെയുന്നു. ഇവർക്ക് ഇസാക്ക് തോമസ് മാരേട്ട് എന്ന ഒരു മകൻ ഉണ്ട്.

**VIII-CA റ്റോജോ .റ്റി. മാരേട്ട് CA, CMA, B.Com**

ചാർട്ടേർഡ് അക്കൗണ്ടിംഗ്, കോസ്റ്റ് അക്കൗണ്ടിംഗ് പഠനത്തിന് ശേഷം ഏൺസ്റ്റ് ആൻഡ് യങ് (EY) എന്ന കമ്പനിയിൽ ചാർട്ടേർഡ് അക്കൗണ്ടന്റ് ആയി ജോലി നോക്കുന്നു.

**V-എം. സി. ഏബ്രഹാം (കുഞ്ഞവരാച്ചൻ )**

പ്രധാന തൊഴിൽ കൃഷിയായിരുന്നു. 1977 മെയ് 30-ാം തീയതി മരണമടഞ്ഞു. മേപ്രാൽ കാണിയാന്ത്ര പുല്ലുകാട്ട് കീവറിച്ചന്റെ മകൾ ഏലിയാമ്മയായിരുന്നു ഭാര്യ. ഏലിയാമ്മ 1991 ജൂലൈ 2-ാം തീയതി മരണമടഞ്ഞു. എം. എ. വറുഗീസ് (തങ്കച്ചൻ), എം. എ. നൈനാൻ (കുഞ്ഞേനാച്ചൻ), എം. എ. ജോസഫ് (ഔസേപ്പച്ചൻ), ഫാദർ ഏബ്രഹാം മാരേട്ട് എന്ന പുത്രന്മാരും ശോശക്കുട്ടി, കൊച്ചുമറിയാമ്മ എന്ന് രണ്ട് പുത്രിമാരും ഉണ്ട്. ശോശക്കുട്ടിയെ ചേന്നങ്കേരി പൂപ്പള്ളിൽ പാറശ്ശേരിൽ പി. വി. ചാക്കോ വിവാഹം കഴിച്ചു. കൊച്ചു മറിയാമ്മയെ തുമ്പമൺ വടക്കേത്താഴെ മുടമണ്ണിൽ വി. ജി. സക്കറിയ വിവാഹം കഴിച്ചു.

**VI-എം. എ. വറുഗീസ് (തങ്കച്ചൻ)**

ഇദ്ദേഹത്തെ അമ്മാവന്മാർ സിംഗപ്പൂരിൽ കൊണ്ടു പോകുകയും, അവിടെ വിദ്യാഭ്യാസം പൂർത്തിയാക്കി, സിംഗപ്പൂർ പൗരത്വം സ്വീകരിച്ചു. ഒരു യൂറോപ്യൻ ഷിപ്പിങ്ങ് കോർപ്പറേഷൻ കമ്പനിയുടെ ജനറൽ മാനേജരായിരുന്നു. ഇദ്ദേഹം രണ്ട് വിവാഹം കഴിച്ചു. കായംകുളത്ത് കൊട്ടയ്ക്കാട് സക്കറിയായുടെ മകൾ ശോശാമ്മയായിരുന്നു ആദ്യ ഭാര്യ. ഇതിൽ ഏബ്രഹാം വറുഗീസ് (റോയി) സക്കറിയാ വറുഗീസ് (ഷെറി), ജോർജ് വറുഗീസ് (ജോർജി) എന്ന് മൂന്ന് പുത്രന്മാരും ആലീസ്, മറിയാമ്മ (സുശീല) എന്ന് രണ്ട് പുത്രിമാരും ഉണ്ട്. ആലീസിനെ കുടല്ലൂർ നെയ്യ്തല്ലൂർ തോമസ് വറുഗീസ് വിവാഹം കഴിച്ചു. സുശീല (മറിയാമ്മ) യെ നിരണത്ത് പട്ടമുക്കിൽ ജോൺ തോമസ് വിവാഹം കഴിച്ചു. പുത്തൻകാവിൽ ഐരൂക്കുഴിയിൽ റിട്ടയർഡ് ഡിസ്ട്രിക്ക് ജഡ്ജി എ ചെറിയാന്റെ മകൾ അന്നാമ്മ (തമ്പു) ആണ് രണ്ടാം ഭാര്യ. ഇതിൽ മക്കളില്ല. എം. എ. വറുഗീസ് 1994 മാർച്ച് 2 ലും അന്നാമ്മ 1995 ജനുവരി 6 ലും നിര്യാതരായി. പുത്തൻകാവ് ഓർത്തഡോക്സ് കത്തീഡ്രൽ പള്ളിയിൽ സംസ്കരിച്ചു.

**VII-ഏബ്രഹാം വറുഗീസ് D.C.A . (റോയി)**

ഇദ്ദേഹം കുറച്ചുനാൾ സിംഗപ്പൂരിൽ ജോലി നോക്കിയശേഷം ഇപ്പോൾ ആസ്ട്രേലിയിൽ ഒരു കമ്പനിയുടെ ഫിനാൻഷ്യൽ ഡയറക്ടർ ആണ്. വള്ളംകുളത്ത് മുരിങ്ങശ്ശേരിൽ എം. സി. തോമസിന്റെ മകൾ ഡോ. സാൻഡ്രയാണ് ഭാര്യ. വറുഗീസ് (ജീവൻ), തോമസ് (നവീൻ), വിജയ് എന്ന് മൂന്ന് പുത്രന്മാരുണ്ട്. വിദ്യാർത്ഥികൾ,

**VII-സക്കറിയാ വറുഗീസ് (ഷെറി)**

ആസ്ട്രേലിയായിൽ ഒരു എൻജിനിയറിങ്ങ് കമ്പനിയുടെ ഡയറക്ടർ ആയി ജോലി നോക്കുന്നു. കല്ലൂപ്പാറ കാഞ്ഞിരവേലിൽ ജോർജിന്റെ മകൾ മേരിയാണ് ഭാര്യ. സിഡ്നിയിൽ സ്ഥിരതാമസം.

**VII-ജോർജ് വറുഗീസ് ,MBA (ജോർജി)**

അമേരിക്കയിൽ സേവനമനുഷ്ഠിക്കുന്നു. ഒളശ്ശ സ്വദേശി സാറാമ്മ (തങ്കം) ആണ് ഭാര്യ. ലവീസ്, സോണിയ എന്ന് രണ്ട് പെൺകുഞ്ഞുങ്ങൾ ഉണ്ട്. വിദ്യാർത്ഥികൾ, കുടുംബസമേതം അമേരിക്കയിൽ താമസം.

**VI-എം. എ. ജോസഫ് BSc, BEd. (ഔസേപ്പച്ചൻ)**

ഇദ്ദേഹം കുറച്ചുനാൾ പുതുശ്ശേരി എം. ജി. ഡി. ഇംഗ്ലീഷ് ഹൈസ്കൂളിൽ അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചിരുന്നു. പിന്നീട് സിംഗപ്പൂരിൽ അദ്ധ്യാപകനായി ജോലി നോക്കിയിരുന്നു. മല്ലപ്പള്ളി വട്ടശ്ശേരിൽ വി. എം. ജോസഫിന്റെ മകൾ മേരിക്കുട്ടിയാണ് ഭാര്യ ബി. എസ്. സി., ബി. എഡ്. ഭാര്യയും സിംഗപ്പൂരിൽ അദ്ധ്യാപികയായിരുന്നു. രണ്ടുപേരും പെൻഷൻപറ്റി സ്വസ്ഥജീവിതം നയിച്ചു വരവെ ഭാര്യ മേരിക്കുട്ടി മരണമടഞ്ഞു. സിംഗപ്പൂരിൽ സംസ്കരിച്ചു. ഇവർക്കു ഏബ്രഹാം ജോസഫ് (നിബു) എന്നൊരു മകനും, ഏലിസബേത്ത് (സുമു), മറിയാമ്മ (സജിനി) എന്ന് രണ്ട് പുത്രിമാരും ഉണ്ട്. ഏലിസബത്തിനെ മാർക്ക് ഇൻഡിലിസിസ്റ്റം (RT Ltd) ന്റെ ഡയറക്ടർ മോഹൻ എം. പീറ്റർ വിവാഹം കഴിച്ചു. മകൾ മറിയാമ്മ MBBS പാസായ ശേഷം സിംഗപ്പൂരിൽ സേവനമനുഷ്ഠിക്കുന്നു. മോഹൻ തോമസ് (എൻജി.) ആണ് ഭർത്താവ്

**VII-ഏബ്രഹാം ജോസഫ് (നിബു)**
എൻജിനിയറിങ്ങ് പാസായി സിംഗപ്പൂരിൽ സേവനമനുഷ്ഠിക്കുന്നു. ഭാര്യ മൻജു ഏബ്രഹാം CA

**VI-ഫാദർ ഏബ്രഹാം മാരേട്ട്**
**(തൈപറമ്പിൽ അച്ചൻ )**



*മുൻനിരയിൽ ഇടത്തുനിന്നും: അഹറോൻ,ലിസ, എബ്രഹാം മാരേട്ട് കോർ എപ്പിസ്കോപ്പ, ഭാര്യ തങ്കമ്മ, യൂഹാൻ. പിൻനിരയിൽ ഇടത്തുനിന്നും: ജേക്കബ്, ശോശ, റാഹേൽ, സൂസൻ, ഷിബു.*

1937 ഏപ്രിൽ 6 നു ജനിച്ചു. 1965 നവംബർ 27 മാത്യൂസ് പ്രഥമൻ കത്തോലിക്കാ ബാവ തിരുമനസ്സിൽനിന്നും  ശേമ്മോശ പട്ടവും, 1968 ജൂൺ 3 നു പത്തനാപുരം താബോർ ദയറായിൽ വെച്ച് അഭിവന്ദ്യ തോമസ് മാർ തിമോത്തിയോസ് മെത്രാപ്പൊലീത്തായിൽനിന്നും കശീശ്ശാ പട്ടവും സ്വീകരിച്ചു. കോട്ടയം വൈദീക സെമിനാരിയിൽ നിന്നും വൈദീക പഠനം പൂർത്തിയാക്കിയത് കൂടാതെ കേരളാ യൂണിവേഴ്സിറ്റിയിൽനിന്നും ബിരുദവും കരസ്ഥമാക്കി. ആറാട്ടുപുഴ നല്ലൂർമലയിൽ പുത്തൻവീട്ടിൽ പരേതനായ എം.സി. ഈപ്പൻ മകൾ തങ്കമ്മയാണ് ഭാര്യ. ഷിബു എന്ന ഒരു പുത്രനും ഡോ. മെറിൻ ലിസ എന്ന ഒരു പുത്രിയും. ലിസ്സയെ പത്തിചിറ മാമൂട്ടിൽ ജോൺ അലക്സാണ്ടറിന്റയും, റേച്ചൽ ജോണിന്റയും മകൻ ജേക്കബ് ജോൺ വിവാഹം കഴിച്ചു. ഇവർക്ക് റാഹേൽ എന്ന ഒരു പുത്രിയും, യൂഹാൻ എന്ന ഒരു പുത്രനും ഉണ്ട്.

**VII- ഷിബു**

ചേപ്പാട് പുളിമൂട്ടിൽ തോമസ് ഫിലിപ്പിന്റെയും, പരേതയായ ആനിയുടേയും മകൾ സൂസൻ ആണ് ഷിബുവിന്റെ ഭാര്യ. ഇവർക്ക് അഹറോൻ എന്ന ഒരു പുത്രനും, ശോശ എന്നൊരു പുത്രിയും ഉണ്ട്.

**IV -ഏബ്രഹാം കത്തനാർ (മാരേട്ട് വല്ല്യച്ചൻ)**

ഇദ്ദേഹം ദീർഘകാലം കല്ലൂപ്പാറ വലിയ പള്ളി (St, Mary's OSC) വികാരിയായിരുന്നു. ഭക്തനും, സഭാ നിയമങ്ങളിൽ അതീവ തീഷ്ണതയുള്ള ആളുമായിരുന്നു. സഭയിലെ ഏറ്റവും ഭക്തരായ വൈദീകരിൽ ഒരാളായി പരുമല തിരുമേനി ഇദ്ദേഹത്തെ അംഗീകരിച്ചിരുന്നു. തിരുമേനിയെ കുമ്പസാരിപ്പിച്ചിരുന്നത് വല്ല്യച്ചനായിരുന്നു എന്നു പറയപ്പെടുന്നു. തിരുമേനി കാലം ചെയ്ത ശേഷം 41 ദിവസം പരുമല സെമിനാരിയിൽ താമസിച്ച് കുർബാന അർപ്പിച്ചതും വല്ല്യച്ചൻ തന്നെയായിരുന്നു. സുറിയാനിയിൽ അഗാധമായ പാണ്ഡ്യത്യമുള്ള ആളായിരുന്നു. ലൗകീക ജീവിതത്തിൽ നിന്നും വിട്ടുമാറി പ്രാർത്ഥനാ ജീവിതം നയിച്ച് തന്റെ അവസാന നാളുകൾ കഴിയണം എന്ന ആഗ്രഹത്തിന്റെ വെളിച്ചത്തിൽ സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് പള്ളിയുടെ പടിഞ്ഞാറുവശത്ത് തന്റെ സ്വന്തം സ്ഥലത്ത് ഒരു മുറി പണിയുവാൻ കല്ലിട്ട സ്ഥലത്താണ് ചെറിയ കുരിശ് സ്ഥിതി ചെയ്യുന്നത്. അദ്ദേഹത്തിന്റെ അഭിലാഷം പൂർത്തിയാകുന്നതിനു മുൻപായി 1916 മേയ് മാസം 13-ാം തീയതി 55-ാമത്തെ വയസിൽ ദിവംഗതനായി. കല്ലൂപ്പാറ വലിയ പള്ളിയിൽ സംസ്കരിച്ചു. മാരേട്ട് പള്ളി സ്ഥാപിക്കുവാൻ വല്ല്യച്ചൻ കൂദാശ ചെയ്ത് സ്ഥാപിച്ച ഈ കല്ലാണ് കാരണം എന്നു പറയപ്പെടുന്നു. പുതുപ്പള്ളിൽ തുമ്പയിൽ വർക്കിയുടെ മകൾ ആച്ചിക്കുഞ്ഞായിരുന്നു ഭാര്യ. ആച്ചിക്കുഞ്ഞ് 45-ാം വയസിൽ മരിച്ചു. കല്ലൂപ്പാറ വലിയ പള്ളിയിൽ സംസ്കരിച്ചു. എം. എ. ജോസഫ് (കൊച്ചൗസേപ്പച്ചൻ), ഫാദർ ഏബ്രഹാം മാരേട്ട് (വർക്കിയേച്ചൻ), എം. എ. ബർസോമ്മ (ബർസോമ്മാച്ചൻ), എം. എ. ഉമ്മൻ (ഉമ്മച്ചൻ) എന്ന് നാല് ആൺ മക്കളും, ആച്ചിക്കുഞ്ഞ് എന്ന് ഒരു മകളും ജനിച്ചു. ആച്ചിക്കുഞ്ഞിനെ മല്ലപ്പള്ളി വാളക്കുഴിയിൽ പുത്തൻപുരയ്ക്കൽ ഈപ്പച്ചൻ വിവാഹം കഴിച്ചു.

**V-എം. എ. ജോസഫ് (കുഞ്ഞൌസേപ്പച്ചൻ )**

ഇദ്ദേഹം ഒരു സുറിയാനി പണ്ഡിതനും നല്ല സുവിശേഷ പ്രസംഗകനുമായിരുന്നു. പ്രധാന തൊഴിൽ കൃഷി. ഇദ്ദേഹം രണ്ട് വിവാഹം കഴിച്ചു. മട്ടക്കൽ പുതുക്കേരിൽ പീറ്റർ വൈദ്യന്റെ മകൾ അക്കാമ്മയായിരുന്നു ആദ്യ ഭാര്യ. അക്കാമ്മ മക്കളില്ലാതെ മരിച്ചു. തിരുവല്ലാ കോവൂർ കുട്ടിയച്ചന്റെ മകൾ സാറാമ്മയായിരുന്നു രണ്ടാം ഭാര്യ. എം. എ. ജോസഫ് 1966-ൽ മരണമടഞ്ഞു. സാറാമ്മ 1970 ജൂലൈ 31 മരണമടഞ്ഞു. വി. ജെ. ഏബ്രഹാം(തമ്പി) എന്നൊരു മകനും, കുഞ്ഞമ്മ, തങ്കമ്മ, അമ്മുക്കുട്ടി, കൊച്ചന്നാമ്മ , കുഞ്ഞുമോൾ എന്ന് 5 പെൺമക്കളും ജനിച്ചു. കുഞ്ഞമ്മയെ വടക്കനാനിക്കാട്ടിൽ തോട്ടുപുറത്ത് അമ്പരിക്കാട്ട് വാഴൂർ റ്റി. പി. തോമസ് വിവാഹം കഴിച്ചു. തങ്കമ്മയെ പുളിങ്കുന്നിൽ മേടയിൽ എം. ഒ. ചാക്കോ വിവാഹം കഴിച്ചു. അമ്മുക്കുട്ടിയെ നൂറാമാവ് മണ്ണിൽ എൻ. ഐ. മാത്യു വിവാഹം കഴിച്ചു. കൊച്ചന്നാമ്മയെ ചങ്ങനാശ്ശേരി കുളത്തുങ്കൽ എം. ഒ. സെബാസ്റ്റ്യൻ വിവാഹം കഴിച്ചു. കുഞ്ഞുമോളെ തിരുവല്ല കോടിയാട്ട് കെ. ജി. ജോർജ് വിവാഹം കഴിച്ചു.

**VI-വി. ജെ. ഏബ്രഹാം (തമ്പി)**

കുഞ്ഞവുസേപ്പച്ചന്റെ ഏക മകൻ, വിദ്യാഭ്യാസത്തിനുശേഷം മൈസൂറിൽ എസ്റ്റേറ്റ് ഉദ്യോഗസ്ഥനായി ജോലി ആരംഭിച്ചു. പിന്നീട് മൈസൂർ ടയേഴ്സ് എന്ന സ്ഥാപനം വിലയ്ക്ക് വാങ്ങി സ്വന്തമായി ബിസിനസ് നടത്തിവരികയും ചെയ്തിരുന്നു. 1997 ഫെബ്രു. 26-ാം തീയതി മരണമടഞ്ഞു. സെൻറ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളി (മൈസൂർ) യിൽ സംസ്കരിച്ചു. കോഴഞ്ചേരി തേവർവേലിൽ ഫാദർ വറുഗീസിന്റെ മകൾ സാറാമ്മ (കുഞ്ഞമ്മ)യാണ് ഭാര്യ. ജോസഫ് ഏബ്രഹാം, ജോർജ് ഏബ്രഹാം എന്ന് രണ്ട് പുത്രന്മാരും സാറാമ്മ എന്നൊരു പുത്രിയും ജനിച്ചു. മകൾ സാറാമ്മയെ ചെങ്ങന്നൂർ മുക്കത്ത് പാലയ്ക്കാമണ്ണിൽ ജോൺ മത്തായി വിവാഹം കഴിച്ചു.

**VII-ജോസഫ് ഏബ്രഹാം ബി. എസ്. സി.**

സിൻഡിക്കേറ്റ് ബാങ്ക് ആഫീസറായി ഗോവായിൽ സേവനമനുഷ്ഠിച്ചിരുന്നു. ഗോവാക്കാരിയായ അജന്തയാണ് ഭാര്യ. അജയ്, ആശ്മിൻ, അനുരൂപ് എന്ന് മൂന്ന് പുത്രന്മാർ ഉണ്ട്. 1984 മേയ് മാസം 30-ാം തീയതി ഹൃദയസ്തംഭനം മൂലം നിര്യാതനായി. സെന്റ് ഗ്രീഗോറിയോസ് ഓർത്ത് ഡോക്സ് പള്ളി (മൈസൂർ) യിൽ സംസ്കരിച്ചു. മക്കൾ 3 പേരും വിദ്യാർത്ഥികളാണ്.

**VII-ജോർജ് ഏബ്രഹാം എം. എ.**

ഡിഗ്രി എടുത്തതിനുശേഷം ബിസിനസിൽ പിതാവിനെ സഹായിച്ചിരുന്നു. പിതാവിന്റെ മരണശേഷം അദ്ദേഹത്തിന്റെ ബിസിനസ് തുടർന്ന് നടത്തുന്നു. പരേതനായ കെ. വി. ഫിലിപ്പിന്റെ മകൾ മേരിയാണ് ഭാര്യ. ബാംഗ്ലൂരിൽ സ്ഥിരതാമസം.

**V-ഫാദർ ഏബ്രഹാം മാരേട്ട് (കൊച്ചച്ചൻ)**



*ഫാദർ ഏബ്രഹാം മാരേട്ട് (കൊച്ചച്ചൻ), ഭാര്യ ഏലിയാമ്മ*

ജാതി വർണ്ണ വർഗ്ഗ വ്യത്യാസമില്ലാതെ ഏവരാലും ബഹുമാനിക്കപ്പെട്ടിരുന്നു. ത്യാഗസമ്പന്നനായ ഒരു പ്രേഷിത പ്രവർത്തകനായിരുന്നു. മലങ്കര റീത്ത് പ്രസ്ഥാനത്തിന്റെ ഉദയത്തിന് ഏഴുവർഷം മുമ്പ് ഇദ്ദേഹം കത്തോലിക്കാ സഭയിൽ ചേർന്നു. ഇദ്ദേഹത്തിന്റെ പ്രേഷിത പ്രവർത്തനത്തിൻറ ഫലമായി പല കത്തോലിക്ക പള്ളികളും സ്ഥാപിക്കപ്പെട്ടു. പൗരോഹിത്യ പ്രവർത്തനങ്ങൾക്കു പുറമെ വൈദ്യശാസ്ത്രത്തിലും നിപുണനായിരുന്നു. ഇദ്ദേഹം നാടിന്റെ പലഭാഗത്തും ഡിസ്പെൻസറികൾ തുറന്ന് സൗജന്യ ചികിൽസ നടത്തിവന്നിരുന്നു. ഇദ്ദേഹം സുപ്രസിദ്ധനായ ഒരു വാഗ്മി ആയിരുന്നു. വത്തിക്കാനുമായും, അന്ത്യോക്യ പാത്രിയർക്കീസുമായും ബന്ധപ്പെട്ട് കേരളത്തിലെ കത്തോലിക്കാ സഭയിൽ അന്ത്യോക്യൻ തക്സ വച്ച് കുർബാന ചൊല്ലുന്നതിന് ആദ്യമായി അനുവാദം ലഭിച്ചത് ഇദ്ദേഹത്തിനായിരുന്നു. 1954 ജൂൺ മാസം 30-ാം തീയതി 58-ാമത്തെ വയസിൽ നിര്യാതനായി. അർഹിക്കുന്ന എല്ലാ ബഹുമതികളോടും കൂടി കല്ലൂപ്പാറ പുതുശ്ശേരി ലൂർദ് പള്ളി (ഈട്ടിക്കൽ പള്ളി) യ്ക്കകത്ത് തയാറാക്കിയ കല്ലറയിൽ സംസ്കരിച്ചു. പുതുശ്ശേരി കൈതയിൽ കുഞ്ഞച്ചൻ മകൾ ഏലിയാമ്മയായിരുന്നു ഭാര്യ. ഏലിയാമ്മ 1989 ഡിസംബർ 24-ാം തീയതി മരണമടഞ്ഞു. ഈട്ടിക്കൽ പള്ളിയിൽ സംസ്കരിച്ചു. ഇവർക്ക് എ. മാരേട്ട് (അച്ചൻകുഞ്ഞ്), അലക്സ് മാരേട്ട് (കുഞ്ഞ്), രാജൻ എ. മാരേട്ട്( രാജൻകുഞ്ഞു) എന്ന് മൂന്ന് പുത്രന്മാരും അമ്മിണി, ചിന്നമ്മ, അമ്മിണി (ജൂ), കുഞ്ഞുമോൾ എന്ന് നാല് പുത്രിമാരും ജനിച്ചു. മുത്തമകൾ അമ്മിണി 8-ാമത്തെ വയസിൽ മരണമടഞ്ഞു. ചിന്നമ്മയെ തുമ്പമൺ ചക്കാലമണ്ണിൽ സി. എം. മാത്യു വിവാഹം കഴിച്ചു. അമ്മിണിയെ തിരുവനന്തപുരത്ത് മേടയിൽ ആൻറണി വിവാഹം കഴിച്ചു. കുഞ്ഞുമോളെ ചേർത്തല അറയ്ക്കപ്പറമ്പിൽ ജോളി ജോസഫ് വിവാഹം കഴിച്ചു.

**VI-എ. മാരേട്ട് (അച്ചൻകുഞ്ഞ്)**

വിദ്യാർത്ഥി കോൺഗ്രസിലൂടെ ഇൻഡ്യൻ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് രാഷ്ട്രീയ രംഗത്ത് പ്രവർത്തിച്ചു. പ്രത്യശാസ്ത്രപരമായ കാരണങ്ങളാൽ കോൺഗ്രസിൽ നിന്നും തെറ്റിപ്പിരിയുകയും കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗമാകുകയും ചെയ്തു. ഒരു ചിന്തകനും, വാഗ്മിയും പത്രപ്രവർത്തകനുമായിരുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടി ഇടതും, വലതുമായി പിരിയുന്ന തിനുമുൻപ് പാർട്ടിയിൽ നിന്നും രാജിവച്ചു. പിന്നീട് അഖിലകേരള കത്തോലിക്കാ കോൺഗ്രസ്, ക്രിസ്ത്യൻ ഡിമോക്രാറ്റിക്ക് പാർട്ടി, കേരള ക്രൈസ്തവ ഫെഡറേഷൻ മുതലായ പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ചു. കുറെക്കാലം മലയാള മനോരമയിൽ സേവനമനുഷ്ഠിച്ചശേഷം സ്വന്ത പത്രാധിപത്യത്തിൽ കവനകവിത എന്ന ഒരു പ്രസിദ്ധീകരണം നടത്തിയിരുന്നു. കല്ലുപ്പാറ നിന്നും

പുനലൂരിലേക്ക് താമസം മാറ്റിയ ഇദ്ദേഹം പുതിയ വാസസ്ഥലത്തിന്റെ ഉന്നമനത്തിനായി തന്റെ രാഷ്ട്രീയ, സാമൂഹ്യ രംഗങ്ങളിലുള്ള സ്വാധീനം പരമാവധി പ്രയോജനപ്പെടുത്തുകയുണ്ടായി. 1990 മാർച്ച് 31-ാം തീയതി മരണമടഞ്ഞു. ഈട്ടിക്കൽ പള്ളിയിൽ സംസ്കരിച്ചു. കുറുപ്പുന്തറ തലവടി പാപ്പച്ചന്റെ മകൾ തെയ്യാമ്മയാണ് ഭാര്യ. ഇദ്ദേഹം സ്വാതന്ത്ര്യ സമര സേനാനിയായിരുന്നു. ആയതിന് ലഭിച്ചു വരുന്ന പെൻഷൻ ഇദ്ദേഹത്തിന് ലഭിച്ചിരുന്നു. പ്രസ്തുത പെൻഷൻ ഇപ്പോൾ ഭാര്യക്കും ലഭിക്കുന്നുണ്ട്. സുനിൽ, സുഭാഷ്, സുജിത്ത് എന്ന് മൂന്ന് പുത്രന്മാരും സുജാത, സുലേഖ, സുശീല എന്ന് മൂന്ന് പുത്രിമാരും ഉണ്ട്. സുജാതയെ മുൻ മദ്ധ്യപ്രദേശ് ഗവർണർ ആയിരുന്ന കെ. എം. ചാണ്ടിയുടെ മകൻ കുഞ്ഞ് വിവാഹം കഴിച്ചു. സുലേഖയെ പുതുശ്ശേരി മുണ്ടാക്കുളത്ത് അലക്സാണ്ടറുടെ മകൻ കുര്യൻ അലക്സാണ്ടർ (ബിജു) വിവാഹം കഴിച്ചു. സുശീലയെ കോട്ടയത്ത് കൂത്തോട്ടിൽ പ്രദീപ് വിവാഹം കഴിച്ചു.

**VII-സുനിൽ ഏബ്രഹാം മാരേട്ട് BCom**



*സുനിൽ, ഭാര്യ സൂസനും, മക്കൾ സെബിനും സോബിനും*

ഷാർജ ഇന്റർനാഷണൽ എയർപോർട്ടിൽ ഫ്ലയ്റ്റ് ഓപ്പറേറ്റിങ്ങ് സ്റ്റാഫായി 22 വർഷക്കാലം സേവനമനുഷ്ഠിച്ച ശേഷം വിരമിച്ചു. ഭാര്യ സൂസൻ പുളിങ്കുന്ന് പുത്തൻപറമ്പിൽ കുടുംബാംഗമാണ്. സൂസൻ ഓൾ ഇൻഡ്യാ മെഡിക്കൽ ഇൻസ്റ്റിട്യൂട്ടിൽ നിന്നും BSc നേഴ്സിങ്ങ് പാസ്സായ ശേഷം UAE ഇ ഗവ.സർവീസിൽ സീനിയർ നേഴ്സായി സേവനമനുഷ്ഠിക്കുന്നു. ഇവർക്ക് സെബിൻ, സോബിൻ എന്ന രണ്ട് പുത്രന്മാർ.

**VIII-സെബിൻ B.Tech**

കോഴിക്കോട് NIT യിൽ നിന്നും കംപ്യൂട്ടർ സയൻസിൽ ബിരുദം കരസ്ഥമാക്കിയ ശേഷം ബാഗ്ലൂരിൽ കംപ്യൂട്ടർ സോഫ്റ്റ് വെയർ എഞ്ചിനിയറായി ജോലി ചെയ്യുന്നു.

**VIII-സോബിൻ**

ചെന്നൈയ് SRM ഇൻസ്റ്റിട്യൂട്ടിൽ രണ്ടാം വർഷ കംപ്യൂട്ടർ സയൻസ് എഞ്ചിനിയറിങ്ങ് വിദ്യാർത്ഥിയാണ്.


**VII-സുഭാഷ്**

വിദ്യാഭ്യാസത്തിനുശേഷം സ്വന്തമായി ബിനിസസ് നടത്തുന്നു. അവിവാഹിതൻ.

**VII-സുജിത്ത്**

ഗൃഹകാര്യങ്ങളിൽ ശ്രദ്ധ ചെലുത്തിയും സ്വന്തം ബിസിനെസ്സ് കാര്യങ്ങളിൽ ഏർപ്പെട്ടും കഴിയുന്നു. അവിവാഹിതൻ.

**VI-അലക്സ് മാരേട്ട് (കുഞ്ഞ്)**



*അലക്സ് മാരേട്ട്, ഭാര്യ ലീലാമ്മ*

വിദ്യാഭ്യാസത്തിനുശേഷം പോലീസ് ഡിപ്പാർട്ട്മെന്റിൽ ഉദ്യോഗം സ്വീകരിക്കുകയും ആർ. റ്റി. ഒ. പദവി വരെ ഉയർന്ന് പെൻഷൻ പറ്റുകയും ചെയ്തു. സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ തല്പരനായിരുന്നു. . മാരേട്ട് കുടുംബയോഗ പ്രസിഡന്റായി സേവമനുഷ്ഠിച്ചിട്ടുണ്ട്. കുഞ്ഞു 2004 ജൂൺ 1 നു നിര്യാതനായി, മല്ലപ്പള്ളി സെന്റ് ജോൺസ് ഓർത്തഡോസ് ദേവാലയത്തിൽ സംസ്കരിച്ചു . മല്ലപ്പള്ളി വട്ടശ്ശേരിൽ തോപ്പിൽ ബേബിയുടെ മകൾ ലിലാമ്മയാണ് ഭാര്യ. എബി അലക്സ് എന്നൊരു മകനും സുജി എന്നൊരു മകളും ഉണ്ട്. സുജിയെ അമ്പനാട്ട് പോരുവഴിയിൽ രജി (മാത്യു മുതലാളി) വിവാഹം കഴിച്ചു. സുജിയും ഭർത്താവ് രജിയും ജോലിയിൽ നിന്നും വിരമിച്ച് തിരുവനന്തപുരത്ത് സ്ഥിരതാമസമാണ്.

**VII-എബി അലക്സ് ബി. കോം. (സുരേഷ്)**



*എബി മാരേട്ട്, മദ്ധ്യത്തിൽ ഭാര്യ ലൗവ്‌ലി  മാരേട്ട്, ഇടത്ത് മകൾ സേറ മാരേട്ട്.*

ബി.കോം. പാസായ ശേഷം ഗൾഫിൽ ജോലിനോക്കിയിരുന്നു. മാരാമണ്ണിൽ പാലക്കുന്നത്ത് തേലപ്പുറത്ത് ജേക്കബ് കുട്ടിയുടെ മകൾ ലൗലിയാണ് ഭാര്യ. ഇപ്പോൾ കുടുംബസമേതം കാനഡായിൽ അൽബേർട്ടയിൽ താമസ്സിക്കുന്നു. ഏക പുത്രി സേറാ മാരേട്ട് യൂണിവേഴ്സിറ്റി വിദ്യാർത്ഥിനിയാണ്.

**VI-രാജൻ എ. മാരേട്ട് (രാജൻ കുഞ്ഞ്)**



*രാജൻ എ. മാരേട്ട്, ഭാര്യ തങ്കമണി*

എം. എസ്. സി. കഴിഞ്ഞ് ഗുജറാത്തിൽ സർദാർ പട്ടേൽ യൂണിവേഴ്സിറ്റിയിൽ പി. എച്ച് ഡിക്ക് റിസേർച്ച് ചയ്തുകൊണ്ടിരിക്കുമ്പോൾ അമേരിക്കയിൽ പോയി. ഏകദേശം 16 വർഷക്കാലം അവിടെ ജോലി നോക്കിയശേഷം നാട്ടിൽ സ്ഥിരതാമസമാക്കി.. ചെറുപ്പത്തിൽ അഖില കേരള ബാലജനസഖ്യം പ്രസിഡൻറ്, കോളേജ് യൂണിയൻ ചെയർമാൻ എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു. ഇദ്ദേഹം അമേരിക്കയിൽ ഫൊക്കാന (FOKANA)യുടെ തിരഞ്ഞുടുക്കപെട്ട പ്രഥമ പ്രസിഡന്റ് ആയിരുന്നു. അമേരിക്കയിലെ മലയാളം പ്രസിദ്ധീകരണമായ 'അശ്വമേധം ', എന്ന മാഗസിന്റെ ചീഫ് എഡിറ്റർ ആയിരുന്നു. ജർമ്മനിയിലെ ''എന്റെ ലോകം'' എന്ന മലയാളം പ്രസിദ്ധികരണത്തിൽ 'എഴുതാപ്പുറം', 'നാട്ടിൽ നിന്നൊരു കത്ത്' എന്നീ പംക്തികൾ അദ്ദേഹത്തിന്റേതായിരുന്നു. കല്ലൂപ്പാറ സിറ്റിസൺ ഫോറത്തിന്റെ പ്രസിഡന്റ് ആയിരുന്നു. വടക്കേത്തലയ്ക്കൽ യൂത്ത് വിംഗിൻറ രക്ഷാധികാരി, കുടുംബയോഗ പ്രസിഡന്റ്, തറവാട് പ്രസിദ്ധീകരണത്തിന്റെ ചീഫ് എഡിറ്റർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ന്യൂയോർക്കിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന "അമേരിക്കൻ മലയാളി " യുടെ ചീഫ് എഡിറ്ററായി പ്രവർത്തിച്ചിരുന്നു. മലയാള സാഹിത്യത്തിൽ നല്ല അഭിരുചിയുള്ള ആളും ഒരു നല്ല എഴുത്തുകാരനും ആയിരുന്നു. നാട്ടിൽ സ്വന്തമായി പ്രസ്സ് നടത്തിയിരുന്നു . കുറുമ്പനാടം കാവുങ്കൽ കെ. എം. ആൻറണിയുടെ മകൾ തങ്കമണിയാണ് ഭാര്യ. രാജൻ 2001 ഏപ്രിൽ 5 ന് നിര്യാതനായി. പുതുശ്ശേരി ലൂർദ്ദ് ദേവാലയിൽ സംസ്കരിച്ചു. ജമീല എന്ന് ഒരു മകളും അബു എന്ന് ഒരു മകനും ഉണ്ട്.

**VII-ജമീല D.D.S- USA**

കോട്ടയം ഉപ്പൂട്ടിൽ അവറാച്ചന്റെ ഏകമകൾ സരോയുടെ മകൻ ദീപു വിവാഹം ചെയ്തു. ഇവർക്ക് സാമി ( സാമുവേൽ ) എന്ന ഒരു പുത്രനും ലില്ലി എന്നൊരു പുത്രിയും ഉണ്ട്. ജമീല സാകമെന്റാ കാലിഫോർണിയായിൽ ഡന്റിസ്റ്റായി ജോലി ചെയ്യുന്നു. ദീപു ഐ.റ്റി രംഗത്ത് ജോലി ചെയ്യുന്നു

**VII-അബു മാരേട്ട്**



*അബു മാരേട്ട്, ഭാര്യ നിക്കോൾ. മക്കൾ - ഒലീവിയ,എമിലി, അബിഗാൾ*

അബു അമേരിക്കയിൽ നോർത്ത് കരോളിനായിൽ മെറ്റ് ലൈഫിൽ ജോലി ചെയ്യുന്നു. ഭാര്യ നിക്കോൾ നേഴ്സാണ്. ഇവർക്ക് ഒലീവിയ, എമിലി, അബിഗാൾ എന്ന മൂന്ന് പുത്രിമാർ.

**V-എം. എ. ബർസോമ്മാ (ബർസോമ്മാച്ചൻ)**

പ്രധാന തൊഴിൽ കൃഷിയായിരുന്നു. 1972 സെപ്റ്റമ്പർ മാസം 18-ാം തീയതി 73-ാം വയസിൽ നിര്യാതനായി. കല്ലൂപ്പാറ മൂത്തേടത്ത് പൗലോച്ചൻ മകൾ അന്നമ്മയായിരുന്നു ഭാര്യ. അന്നമ്മ 1970 ജൂൺ 12 ന്  72-ാമത്തെ വയസിൽ നിര്യാതയായി. വി. റ്റി. ഏബ്രഹാം (കുഞ്ഞവറാച്ചൻ), വി. ബി. മാത്തുക്കുട്ടി, എം. ബി. ജോസഫ് (ബേബി), എം. ബി. വർഗീസ് (കുഞ്ഞൂഞ്ഞച്ചൻ), തോമസ് ബർസാമ്മ (തമ്പി), ഉമ്മൻ ബർസോ (ഉമ്മച്ചൻ) എന്ന് 6 പുത്രന്മാരും തങ്കമ്മ, സൂസമ്മ, അമ്മിണി, കൊച്ചന്നാമ്മ എന്ന് നാല് പെൺമക്കളും ഉണ്ട്.
തങ്കമ്മയെ ആനിക്കാട്ടിൽ മേലേത്തറയിൽ അവറാച്ചൻ വിവാഹം കഴിച്ചു. സൂസമ്മയെ അയിരൂർ കുരുടാമണ്ണിൽ പുലിത്തിട്ട ചാക്കോച്ചൻ വിവാഹം കഴിച്ചു. അമ്മിണിയെ കുമ്പനാട് മണലിൽ കുഞ്ഞപ്പൻ വിവാഹം കഴിച്ചു. കൊച്ചന്നാമ്മയെ വെണ്ണിക്കുളത്ത് മാരുത്തോട്ടത്തിൽ മേടയിൽ ഏബ്രഹാം വിവാഹം കഴിച്ചു.
*(ബാര്സോമാച്ചനെ മകൾ തങ്കമ്മയുടെ മകൻ ഈപ്പൻ എബ്രഹാം ( ഷാജി) യും കുടുംബവും പുതുശ്ശേരിയിൽ വന്നു താമസമാക്കി മാരേട്ട് കുടുംബയോഗത്തിൽ അംഗത്വം എടുത്തു മാരേട്ട് മേലേത്തറയിൽ എന്ന വീട്ടുപേര് സ്വീകരിച്ചു. ഇവർക്ക് മാരേട്ട് കുടുംബയോഗത്തിൽ എല്ലാ അവകാശങ്ങളും  ഉണ്ടായിരിക്കും.)*

**VII-ഈപ്പൻ എബ്രഹാം ( ഷാജി)**



*ഷാജി, ഭാര്യ ലൈല*

ഷാജി കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളിൽ മേൽനോട്ടം വഹിക്കുകയും കൃഷി കാര്യങ്ങൾ നോക്കി നടത്തുകയും ചെയ്യുന്നു.  പാലാ കാരികൂട്ടത്തിൽ വര്ഗീസിന്റെ മകൾ ലൈലയാണ് ഭാര്യ. ഇവർക്ക് മക്കൾ ഇല്ല .

**V.T. അബ്രഹാം (കുഞ്ഞവറാച്ചൻ).**



*വി. ടി. എബ്രഹാം ഭാര്യ മേരി എബ്രഹാം*

ട്രാവൻകൂർ സ്റ്റേറ്റ് ഫോഴ്സിൽ സേവനമനുഷ്ഠിച്ചശേഷം ആലുവ IRE യിൽ ജോലി ചെയ്തു 84 മത്തെ  വയസ്സിൽ മാർച്ച് 2000 ൽ മരണപെട്ടു . ഭാര്യ മേരി തിരുവല്ല പുളിമൂട്ടിൽ കുടുംബാംഗം ആണ് .മേരി  93 ആം  വയസ്സിൽ 2017 ഡിസംബറിൽ മരണപെട്ടു. രണ്ടു പേരെയും കളമശ്ശേരി സെന്റ് ജൂഡ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ സംസ്ക്കരിച്ചു. എബ്രഹാം തോമസ്, എബ്രഹാം ചെറിയാൻ ,സാബു എബ്രഹാം മാരേട്ട് എന്ന് മുന്ന് പുത്രമാരും ആനി, എൽസി എന്ന് രണ്ടു പുത്രിമാരും ഉണ്ട്. ആനിയെ പറവൂർ വെള്ളയിൽ ബേബിയും  , എൽസിയെ തുമ്പമൺ പുത്തൻപുരക്കൽ മത്തായിച്ചനും  വിവാഹം കഴിച്ചു

**VII-എബ്രഹാം തോമസ്**

IRE കമ്പനിയിൽ ജോലിയിലിരിക്കെ 48 മത്തെ വയസ്സിൽ മരണപെട്ടു. ഭാര്യ വിജയമ്മ തോമസ് തിരുവല്ലാ തിരുമൂല വിലാസം LP സ്കൂൾ അദ്ധ്യാപികയായിരുന്നു ഇപ്പോൾ കളമശ്ശേരിയിൽ താമസം. ധന്യ,നവ്യ എന്ന രണ്ടു പുത്രിമാർ

ധന്യയുടെ ഭർത്താവ് വിനോദ് റോക്കി മുപ്പത്തടം പുത്തൻകുടിയിൽ കുടുംബാംഗമാണ്. MNC ദുബായിൽ  യിൽ ജോലി ചെയ്യുന്നു. മക്കൾ ഹന്ന, സേറ



*വിനോദ്,ധന്യ,ഹന്ന,വിജയമ്മ, സേറ*

നവ്യയുടെ  ഭർത്താവ് എൽദോസ് കാക്കനാട് പൈനടത്തു കുടുംബാംഗമാണ്. രണ്ടുപേരും ഇൻഫോപാർക്കിൽ  ജോലി ചെയ്യുന്നു. മക്കൾ ജുവാന, മിഷേൽ, ടിയാന.




*നവ്യ,എൽദോസ്,ടിയാന,മിഷേൽ,ജുവാന*

**VII-എബ്രഹാം ചെറിയാൻ**



*എബ്രഹാംചെറിയാൻ,അമൽ,എവിൻ,അഞ്ജു,അഞ്ജിത,സാലി, ഇസബെൽ, അനബെൽ*

കളമശ്ശേരി ഇന്ത്യൻ അലുമിനിയം കമ്പനി (Hindalo Industries Ltd) യിൽ നിന്നും വിരമിച്ചു. ഭാര്യ സാലി പെരുമ്പാവൂർ തൊട്ടപ്പടാൻ കുടുംബാംഗമാണ്. എവിൻ ചെറിയാൻ മാരേട്ട് എന്ന മകനും അഞ്ജിത ചെറിയാൻ എന്ന മകളും ഉണ്ട്.

**VIII-എവിൻ ചെറിയാൻ മാരേട്ട്**

സീനിയർ മാനേജർ Capital One Bank അമേരിക്കയിൽ വെർജീനയിൽ ജോലി ചെയ്യുന്നു. ഭാര്യ അഞ്ജു ജോൺ ചാലക്കുടി ആലുക്കാരൻ ജോണിയുടേയും മോളി കുര്യന്റെയും മകളാണ്. സീനിയർ സോഫ്റ്റ്വെയർ  എഞ്ചിനീയർ ആയി ജോലി ചെയ്യുന്നു ഇസബെൽ, അനബെൽ എന്ന രണ്ടു പുത്രിമാർ.

അഞ്ജിത ചെറിയാൻ JP Morgan ബാങ്കിൽ സോഫ്റ്റ്വെയർ  എഞ്ചിനീയർ ആയും ഭർത്താവ് അമൽ ടോം ഇമ്മാനുവൽ Bank Of America യിൽ സോഫ്റ്റ്വെയർ  എഞ്ചിനീയർ ആയും ജോലി ചെയ്യുന്നു.  അമൽ മുതലക്കുഴി ഇമ്മാനുവേൽ തോമസിന്റെയും ആലീസിന്റേയും മകനാണ്

**VII-സാബു എബ്രഹാം മാരേട്ട്**

Schrack Technik Vienna യിൽ സീനിയർ ഉദ്യോഗസ്ഥനായി ജോലി ചെയ്യുന്നു. ഓസ്ട്രിയയിലെ Vienna യിൽ താമസം .ഭാര്യ ചിന്നു മാരേട്ട് വീയനയിൽ സീനിയർ സ്റ്റാഫ് നേഴ്സാണ് . ചിന്നു വാകത്താനം കിഴക്കേക്കുറ്റ് കുടുംബാംഗമാണ്. മക്കൾ സച്ചിൻ മാരേട്ട്,രേഷ്മ മാരേട്ട്, സച്ചിത് ജേക്കബ് മാരേട്ട്. മൂത്തമകൻ സച്ചിൻ മാരേട്ട് 1996 ൽ ആറാം വയസിൽ വിയനായിൽ വെച്ച് മരണമടഞ്ഞു.

രേഷ്മ മാരേട്ട്, ഭർത്താവ് Dr. ജിജോ മാത്യു, തിരുവനന്തപുരം കുളത്തിന്റെ കിഴക്കേതിൽ കുടുംബാംഗം ആണ്. അമേരിക്കയിൽ ഇൻഡിയാനയിൽ താമസിക്കുന്നു . രേഷ്മ,Purdue യൂണിവേഴ്സിറ്റിയിൽ ൽ (Indiana) Ms in Agricultural and Biological Engineering രണ്ടാം വർഷം പഠിക്കുന്നു. Jijo, Purdue യൂണിവേഴ്സിറ്റിയിൽൽ സീനിയർ ട്രാൻസ്പോർട്ടഷൻ റിസർച്ച് എഞ്ചിനീയർ ആയി ജോലി നോക്കുന്നു.



*ജിജോ,രേഷ്മ,സച്ചിത്,സാബു,ചിന്നു*

സച്ചിത് മാരേട്ട് ജർമ്മനിയിലെ മ്യൂണിച്ചിലെ ലുഡ്‌വിഗ് മാക്സ്മിലൻ യൂണിവേഴ്സിറ്റിയിൽ അഞ്ചാം വർഷ മെഡിക്കൽ വിദ്യാർത്ഥി.

**VI-വി. ബി. മാത്തുക്കുട്ടി**



*മാത്തുക്കുട്ടി, ഭാര്യ ഏലിയാമ്മ*

ട്രാവൻകൂർ സ്റ്റേറ്റ് ഫോഴ്‌സിൽ ഉദ്യോഗസ്ഥനായിരുന്നു. വെച്ചൂച്ചിറ കോളനിയിൽ സ്ഥിരതാമസം. പെൻഷൻപറ്റി ഗൃഹകാര്യങ്ങളിൽ ശ്രദ്ധ ചെലുത്തി കഴിയവേ 1995 ഡിസംബർ 21 ൽ മരണമടഞ്ഞു. വെച്ചൂച്ചിറ പള്ളിയിൽ സംസ്കരിച്ചു. ഇലവുംമൂട്ടിൽ കൂതപ്പള്ളിൽ ഏലിയാമ്മയാണ് ഭാര്യ. ഏലിയാമ്മ അദ്ധ്യാപികയായിരുന്നു ഏലിയാമ്മ 2015 ഫെബ്രുവരി 10 നു നിര്യാതയായി. തോമസ്, ജോസഫ്, ഏബ്രഹാം എന്ന് മൂന്ന് പുത്രന്മാരും അന്നമ്മ , റോസമ്മ എന്ന് രണ്ട് പുത്രിമാരും ഉണ്ട്. അന്നമ്മയെ വാകത്താനത്ത് എണ്ണശ്ശേരിൽ കുര്യൻ ജോൺ വിവാഹം കഴിച്ചു.അന്നമ്മ 2019 ഒക്ടോബര് 4 നു നിര്യാതയായി. റോസമ്മയെ വെണ്ണിക്കുളത്ത് വടക്കേക്കുറ്റ് വി. എം. ജോൺ വിവാഹം കഴിച്ചു.

**VII-തോമസ് മാത്യു**



*തോമസ്, ഭാര്യ അന്നമ്മ, മകൻ സിബിൻ, ഭാര്യ അഞ്ജുമോൾ*

മണ്ണടിശാലയിൽ താമസം. വെച്ചൂച്ചിറ കുറ്റികൽ അന്നമ്മയാണ് ഭാര്യ. ഇവർക്കു സുബിൻ, സിബിൻ എന്ന് രണ്ട് ആൺമക്കളും സുജ എന്ന് ഒരു പെൺ കുട്ടിയും ഉണ്ട്. സുജയെ ചെങ്ങന്നൂർ വിവാഹം കഴിപ്പിച്ചയച്ചു.

**VIII -സുബിൻ തോമസ്**



*സുബിൻ ഭാര്യ റിനി, മക്കൾ ഇവനാ ആൻ സുബിൻ, എലീന സുബിൻ*

ഭാര്യ റിനി സുബിൻ.  ആൻ സുബിൻ , ഇലിയാന സുബിൻ എന്ന് രണ്ടു പുത്രിമാർ. ഇവർ അമേരിക്കയിൽ ഹൂസ്റ്റണിൽ താമസിക്കുന്നു.

**VIII-സിബിൻ തോമസ്**

കുമളി ഇടത്തരം അഞ്ചുമോൾ ഇ.ജെ യാണ് ഭാര്യ. ഇവർക്ക് എഡ്വിൻ സിബിൻ മാരേട്ട് എന്ന ഒരു പുത്രൻ. ഇവർ ദുബായിൽ താമസിക്കുന്നു.

**VII  - ജോസഫ് മാത്യു ബി. കോം.(ജോസ് )**



ഒരു ആയുർവേദ ഫാർമസി നടത്തുന്നു. അന്നമ്മ വി. സി. ആണ് ഭാര്യ. ഭാര്യ അദ്ധ്യാപികയായിരുന്നു ജോസഫ് 2006 ജൂലൈ 31 നു നിര്യാതനായി. ജോബിൻ ജോസഫ് , എബിൻ  ജോസ് മാരേട്ട്  എന്ന് രണ്ട് ആൺമക്കൾ,



*ജോസഫിന്റെ ഭാര്യ അന്നമ്മ, മകൻ ജോബിൻ, ഭാര്യ സോണിയ ആലീസ് , അബിൻ*

**VIII ജോബിൻ ജോസഫ്**


തീയാടിക്കൽ വലിയകാവുങ്കൽ കുറ്റികണ്ടതിൽ സോണിയാണ് (MA. B ed) ഭാര്യ

**VII -ഏബ്രഹാം മാരേട്ട് ( അവറാച്ചൻ )**



ഗൃഹകാര്യങ്ങളിൽ ശ്രദ്ധചെലുത്തി കഴിയുന്നു.എരുമേലി പീടികപ്പറമ്പിൽ ജിസ്സയാണ് ഭാര്യ. ഇവർക്ക് റോബിൻ എ. മാരേട്ട് എന്ന് ഒരു പുത്രനും , റോഷിൻ എ. മാരേട്ട് എന്നൊരു പുത്രിയും. റോഷിനെ മാവേലിക്കര കുന്നം പാറപുറത്ത് ദീപു വര്ഗീസ് വിവാഹം കഴിച്ചു. ഇവർ ദുബായിൽ താമസിക്കുന്നു.

**VI -എം. ബി. ജോസഫ് (ബേബി)**



**എം ബി . ജോസഫ് ഭാര്യ അച്ചാമ്മ**

പ്രധാന തൊഴിൽ കൃഷി. മാരാമൺ ചിറയിറമ്പ് കോയിത്തോട്ട് കോശി വർക്കിയുടെ മകൾ അച്ചാമ്മയാണ് ഭാര്യ. ജോമോൻ ജോസഫ് എന്നൊരു മകനും അന്നമ്മ, സാറാമ്മ, അച്ചാമ്മ, പൊന്നമ്മ, അമ്പിളി എന്ന് 5 പുത്രിമാരും ഉണ്ട്. ബേബി 2002 ആഗസ്റ്റ് 23 നും,ഭാര്യ അച്ചാമ്മ 2023 ജൂൺ 19 നും  നിര്യാതരായി



എം ബി . ജോസഫ് ഉം കുടുംബവും

അന്നമ്മ (ജോമോൾ) ഓമല്ലൂർ മഡൂർ  വടക്കേതിൽ ദാനിയേലിൻറ മകൻ സൈമൺ വിവാഹം കഴിച്ചു. സാറാമ്മയെ  (സുശീല) വെണ്ണിക്കുളത്ത് മഞ്ഞള്ളൂർ തോമ്മാച്ചന്റെ മകൻ ലാലി വിവാഹം കഴിച്ചു. കൊച്ചുമോളെ  (അച്ചാമ്മ) മല്ലപ്പള്ളി പണിക്കമുറിയിൽ മാത്തുക്കുട്ടിയുടെ മകൻ വിജി വിവാഹം കഴിച്ചു. പൊന്നമ്മയെ തുരുത്തിക്കാട് ആറ്റാശേരിൽ സജി വിവാഹം കഴിച്ചു. അമ്പിളിയെ ഇരവിപേരൂർ ചിറയിൽ കരോട്ട് സി.എം. മാത്യുവിന്റെ പുത്രൻ സജി വിവാഹം കഴിച്ചു.

**VII -ജോമോൻ ജോസഫ്**

എം. ബി. ജോസഫിന്റെ ഏകമകൻ. കുറച്ചുനാൾ ബോംബെയിൽ ജോലി നോക്കിയശേഷം ഇപ്പോൾ ഗൾഫിൽ ജോലി നോക്കുന്നു. അവിവാഹിതൻ.

**VI -എം. ബി. വറുഗീസ് (കുഞ്ഞൂഞ്ഞച്ചൻ)**



*എം.ബി. വര്ഗീസും ഭാര്യ ഗ്രേസിക്കുട്ടിയും*

റാന്നിയിൽ സ്ഥിര താമസം. ഒരു എസ്റ്റേറ്റ് റൈട്ടറായി ജോലി നോക്കിയിരുന്നു. 1992 ഒക്ടോബര് 16 ന് മരണമടഞ്ഞു. തോണിക്കടവ് മാർ ഗ്രിഗോറിയോസ്  ഓർത്തഡോക്സ് പള്ളിയിൽ സംസ്കരിച്ചു. തോണിക്കടവ് കുറ്റിക്കാട്ടിൽ കെ. ഇ. ഈപ്പന്റെ മകൾ ഗ്രേസിക്കുട്ടിയാണ്  ഭാര്യ. ഗ്രേസിക്കുട്ടി 2022 ഏപ്രിൽ 18 നു നിര്യതയായി.  ഷിബു, ഷാജി എന്ന് രണ്ടു പുത്രന്മാരും ഷീബാ എന്നൊരു പുത്രിയും ഉണ്ട്. ഷീബയെ കോട്ടയം പാമ്പാടി കൊച്ചുപുരക്കൽ ബിറ്റു  കുര്യൻ വിവാഹം ചെയ്തു. ഇവർക്ക് ആബിദ സാറ ബിറ്റു എന്ന ഒരു പുത്രിയും ആഷ്ബിൻ കെ. ബിറ്റു എന്ന ഒരു പുത്രനും. രണ്ടു പേരും വിദ്യാർഥികൾ ആണ്.

**VII -ഷിബു മാരേട്ട്**



*ഷെറിൻ (മകൾ), ഷിബു, ഭാര്യ റെനി*


ഗൾഫിൽ ജോലി നോക്കുന്നു.  പുതുപ്പറമ്പിൽ പി. എ. മാത്യുവിന്റെ മകൾ റെനി  മാരേട്ട്  ആണ് ഭാര്യ. ഷെറിൻമാരേട്ട് (M.A, BEd) എന്ന ഒരു പുത്രി ഉണ്ട്.

**VII -ഷാജി മാരേട്ട്**



*ഷാജി, ഭാര്യ ഷേർളി, മകൾ ജിയോന, മകൻ ഗ്രിഗോറിയസ്*

ഗൾഫിൽ ജോലി ചെയ്യുന്നു. പീടികപ്പറമ്പിൽ ഷേർലി മാരേട്ട്. ഇവർക്ക് ഗ്രിഗോറിയസ് മാരേട്ട് എന്ന ഒരു പുത്രനും, ജിയോന മാരേട്ട് എന്ന ഒരു പുത്രിയും. ഇരുവരും വിദ്യാർഥികൾ ആണ് .



*എം.ബി. വർഗീസിന്റെ മകൾ ഷീബയും ഭർത്താവു ബിറ്റു, പുത്രൻ ആഷ്ബിൻ, പുത്രി ആബിദ.*

**തോമസ് ബർസാമ്മ (കൊച്ചു തമ്പി)**



തോമസ് ബാർസോമ ഭാര്യ മോളി

വിദ്യാഭ്യാസത്തിനുശേഷം മൈസൂർ ടയേഴ്സ് എന്ന ഒരു സ്ഥാപനത്തിൽ ജോലി നോക്കിവരവെ ആർ. കെ. ടയർ സർവ്വീസ് മൈസൂർ എന്ന പേരിൽ ഒരു ടയർ റീട്രെയിഡിങ്ങ് കമ്പിനി സ്വന്തമായി സ്ഥാപിച്ച് നടത്തിവരുന്നു. തിരുവല്ല ഇരുവള്ളിപ്രകടും തോട്ടായിൽ ഒ. എം. മാമ്മന്റെ മകൾ മോളിയാണ് ഭാര്യ. കൊച്ചു തമ്പി 2007 ജൂൺ 12 നും മോളി 2021 ജൂലൈ 21 നും മൈസൂരിൽ വച്ചു നിര്യാതനായി അവിടെ സംസ്കരിച്ചു. അനിൽ എന്നൊരു മകനും അനിത എന്നൊരു മകളും ഉണ്ട്. അനിതയെ മുല്ലപ്പള്ളി കയ്യാലാത്ത് ചാക്കോയുടെ മകൻ ബോബി വിവാഹം കഴിച്ചു.



*തോമസ് ബർസോമയുടെ മകൾ അനിത, ഭർത്താവ് ബോബി, മക്കൾ ജോയൽ, നോയൽ*

അനിത അബുദാബി എൻ.എം.സി. ഹോസ്പ്പിറ്റൽ ചീഫ് ഫാർമസിസ്റ്റായി ജോലി ചെയ്യുന്നു. മക്കൾ ജോയൽ കെ.ജേക്കബ് ബാംഗ്ലൂർ ടി.സി. എസ് ൽ എഞ്ചിനിയറും, നോയൽ 11 ആം ക്ലാസ് വിദ്യാർത്ഥിയുമാണ്.

**VII -അനിൽ**



*അനിൽ ,ഭാര്യ ബിന്ദു, മകൻ ആദം.*


ബി. ഡി. എസ്. പാസായി. മൈസൂറിൽ പ്രാക്റ്റീസ് ചെയ്യുന്നു. അതിൽ ബാംഗ്ലൂർ സംസ്ഥാന ബി.ജെ.പിയുടെ ജനറൽ സെക്രർട്ടറിയാണ്. കായംകുളത്ത് കുഴിയിൽ കെ. ജി. ഫിലിപ്പിന്റെ മകൾ ഡോ: ബിന്ദു തോമസ് (Electronic Eng.) ആണ് ഭാര്യ. ബിന്ദു മൈസൂർ വി.വി.ഐ.ഇ.ടിയിൽ പ്രൊഫസറും ഇലട്രോണിക് ആൻഡ് കമ്യൂണിക്കേഷൻ വിഭാഗത്തിന്റെ മേധാവിയുമാണ്. ഇവർക്ക് ആദം അനിൽ തോമസ് എന്ന ഒരു പുത്രൻ.

**VI -ഉമ്മൻ ബർസോമ്മ (ഉമ്മച്ചൻ)**



*ഉമ്മച്ചൻ, ഭാര്യ ശോശാമ്മ*

പ്രധാന തൊഴിൽ കൃഷിയായിരുന്നു.. മാരേട്ട് കുടുംബയോഗത്തിന്റെ ട്രഷറാർ ആയിസേവനമനുഷ്ത്തിച്ചിട്ടുണ്ട്. . വളഞ്ഞവട്ടത്ത് കാരാപ്പള്ളിൽ യോഹന്നാന്റെ മകൾ ശോശാമ്മയാണ് ഭാര്യ. എം. ഒ. തോമസ് (ബിജു) എം. ഒ. ജോൺ (ബൈജു), ഏബ്രഹാം എം. ഒ. എന്ന് മൂന്ന് പുത്രന്മാരും ബീന എന്ന് ഒരു പുത്രിയും ഉണ്ട്. ഉമ്മച്ചൻ 2021 ജനുവരി 31 നു നിര്യാതനായി. *ശോശാമ്മ* 2024 നവംബർ 10 നു നിര്യതയായി. മകൾ ബീനയെ ചെറിയനാട് തെക്കേവീട്ടിൽ ബിബി വില്ലയിൽ രാജൻ, പൊന്നമ്മ ദമ്പതികളുടെ മകൻ ബിനു വിവാഹം കഴിച്ചു. ബീന മൈസൂരിൽ നേഴ്സ് ആയി ജോലി ചെയ്യുന്നു . ബിനു അവിടെ ബിസിനസ്സ് നടത്തുന്നു. ഇവർക്ക് എൽസാ ആൻ ബിനു, എമി ആൻ ബിനു എന്ന് രണ്ടു പുത്രിമാർ.



*ഉമ്മച്ചന്റെ മകൾ ബീന, ഭർത്താവ് ബിനു, മക്കൾ എൽ സ, എമി.*


**VII - എം. ഒ. തോമസ് (ബിജു)**



*ബിജു, ഭാര്യ ബീനയും മക്കൾ അബിൻ, അജിൻ.*

വിദ്യാഭ്യാസത്തിനുശേഷം മൈസൂറിൽ ജോലി നോക്കുന്നു. വഴിക്കടവ് പൗവ്വത്തിലേത്ത് പരേതനായ കുര്യന്റെ മകൾ ബീനയാണ് ഭാര്യ. ബീനയും ലാബ് ടെക്നിഷ്യൻ ആയി മൈസൂറിൽ ജോലി നോക്കുന്നു. ഇവർക്ക് അബിൻ, അജിൻ എന്ന് രണ്ടു പുത്രന്മാർ. രണ്ടു പേരും ബി.സി.എ. പാസ്സായി നില്കുന്നു.

**VII -എം. ഒ. ജോൺ (ബൈജു)**



*ബൈജു, ഭാര്യ ലിബി, പുത്രൻ ജിതിൻ ജോൺ*

ഹോട്ടൽ മാനേജ്മെൻറ് കോഴ്സ് കഴിഞ്ഞു ഇപ്പോൾ അമേരിക്കയിൽ ജോലിചെയ്യുന്നു. പെരുമ്പാവൂർ പുക്കുന്നേൽ പരേതനായ ഫാദർ പോൾ പി. ഐസക്കിന്റയും ഏലിയാമ്മ പോളിന്റയും മകൾ ലിബിയാണ് ഭാര്യ. ഇവർക്ക് ജിതിൻ  എന്നൊരു മകൻ, കോളേജ് വിദ്യാർത്ഥിയാണ്. ഇവർ കുടുംബസമേതം അമേരിക്കയിൽ താമസിക്കുന്നു.

**VII - ഏബ്രഹാം എം. ഒ.(ബിനു)**



*ബിനു, ഭാര്യ ബിജി , മകൾ അക്സ, മകൻ ആൽബി*

കേരളാ സർക്കാർ പൊതുമേഖലാ സ്ഥാപനമായ  തിരുവല്ല ചുമത്ര ട്രാക്കോ കേബിൾ ഫാക്ടറിയിൽ ജോലി നോക്കുന്നു. കൈപ്പട്ടൂർ പുളിക്കത്തറയിൽ, പി.ജി. ജേക്കബിന്റെ മകൾ ബിജിയാണ് ഭാര്യ. ബിജി സൗദിയിൽ മിനിസ്ട്രി ഓഫ് ഹെൽത്തിൽ നേഴ്സ് ആയി ജോലി ചെയുന്നു. ഇവർക്ക് അക്സ സൂസൻ എബ്രഹാം എന്ന ഒരു പുത്രിയും , ആൽബി എബ്രഹാം മാരേട്ട് എന്ന ഒരു പുത്രനും. ഇരുവരും വിദ്യാർഥികൾ.

**V - എം. എ. ഉമ്മൻ (BABT)**



*എം. എ. ഉമ്മൻ, ഭാര്യ മേരി*

മാരേട്ട് വല്ല്യച്ചന്റെ ഇളയമകൻ. ഇംഗ്ലീഷിൽ അസാധാരണ പാണ്ഡിത്യമുള്ള ഒരാളും പ്രഗൽഭനായ ഒരു വാഗ്മിയും ആയിരുന്നു. ജീവിതത്തിൻറ പലതുറകളിലും വിജയകരമായി പ്രവർത്തിച്ച ഒരു വ്യക്തിയായിരുന്നു. ഹൈസ്കൂൾ അദ്ധ്യാപകൻ, ബാങ്ക് ആഫീസർ, എസ്റ്റേറ്റ് സൂപ്രണ്ട്, മിലറ്ററി ആഫീസർ എന്നീ നിലകളിലെല്ലാം സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1958 ജൂലൈ 19-ാം തീയതി നിര്യാതനായി. മട്ടയ്ക്കൽ പുതുക്കേരിൽ പീറ്റർ വൈദ്യൻ മകൾ മേരി (പെണ്ണമ്മ)യാണ് ഭാര്യ. 1983 ഏപ്രിൽ 7-ാം തീയതി മരണമടഞ്ഞു. എം. ഒ. ഏബ്രഹാം (ഷാജി) എം. ഒ. തോമസ് (അനിയൻകുഞ്ഞ്) ജോസി, ജോസി ഉമ്മൻ എന്ന് നാല് പുത്രന്മാരും ജോയി സൂസൻ, ലില്ലിക്കുട്ടി എന്ന രണ്ട് പുത്രിമാരും ഉണ്ട്. ജോയി സൂസനെ നീരേറ്റുപുറത്തു മുളയ്ക്കൽ എം. സി. ഏബ്രഹാം വിവാഹം കഴിച്ചു. ലില്ലിക്കുട്ടിയെ പുത്തൻകാവിൽ പുതിയ വീട്ടിൽ കുഞ്ഞിന്റെ മകൻ ജേക്കബ് കുട്ടി വിവാഹം കഴിച്ചു. എം. ഒ. തോമസ് (അനിയൻ കുഞ്ഞ്) ജോസി എന്നിവർ ചെറുപ്പത്തിലെ മരണമടഞ്ഞു.

**VI - എം. ഒ. ഏബ്രഹാം (ഷാജി)**



ഷാജി, ഭാര്യ മോളിക്കുട്ടി

ഒരു ജൂണിയർ ആഫീസറായി ഇൻഡ്യനാർമി സിഗ്നൽസിൽ സേവന മനുഷ്ഠിച്ച് പെൻഷൻപറ്റി. പ്രസിഡന്റ് ശ്രീ. വി. വി. ഗിരിയിൽ നിന്നും ഓണററി റാങ്ക് ലഭിച്ചിട്ടുണ്ട്. മാരേട്ട് കുടുംബയോഗ ട്രഷറാർ, സെക്രട്ടറി, പ്രസിഡൻറ്, വടക്കേതലയ്ക്കൽ കുടുംബയോഗത്തിന്റെ ജനറൽ സെക്രട്ടറി, സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് പള്ളി ട്രസ്റ്റി, കല്ലൂപ്പാറ ഓർത്തഡോക്സ് സിറിയൻ കൺവൻഷൻ ട്രഷറാർ എന്നീ നിലകളിലെല്ലാം സേവനമനുഷ്ഠിച്ചിട്ടുണ്ട്. തുമ്പമൺ ചക്കാലമണ്ണിൽ സി. ഒ. തോമസിന്റെ മകൾ ഏലിസബേത്ത് (മോളിക്കുട്ടി) യാണ് ഭാര്യ. എം.ഒ.ഏബ്രഹാം 2006 ഒക്ടോബർ 5 ന് നിര്യാതനായി. അജിത്ത്, ആനന്ദ് എന്ന് രണ്ട് പുത്രന്മാരും, അനില, ഷൈനി എന്ന് രണ്ട് പുത്രിമാരും ഉണ്ട്. അനിലയെ കുമ്പനാട്ട് ഉര്യേപടിക്കൽ പുന്നയ്ക്കൽ പി. എൻ. നൈനാൻ മകൻ എൻ നൈനാൻ (കുഞ്ഞ്) വിവാഹം കഴിച്ചു.

**VII - അജിത്ത് ഏബ്രഹാം**

പി. ഡി. സിക്കുശേഷം ഐ. റ്റി. സി. പാസ്സായി ഇപ്പോൾ ഗൾഫിൽ ജോലി നോക്കുന്നു. റാന്നി അട്ടത്തറയിൽ തോമസ് തോമസ്സിന്റ മകൾ സൂസനാണ് ഭാര്യ. ഇവർക്ക് നിഹാര, നിഖില, നിമിഷ എന്ന 3 പുത്രിമാർ.

**VII - ആനന്ദ് ഏബ്രഹാം**

ബി. കോം., പി. ജി. ഡി. സി. എ., എക്സ്റേ എന്നീ കോഴ്സുകൾ കഴിഞ്ഞ് ഗൾഫിൽ സേവനമനുഷ്ഠിക്കുന്നു.

**VII- ഷൈനി അനിൽ**



*ഷൈനിയും കുടുംബവും*

ഷാജിയുടെ രണ്ടാമത്തെ പുത്രി. കുളത്തുപ്പുഴ പുലിയോടിൽ ജോർജ്ജ്കുട്ടി ഗീവറുഗീസിന്റെയും മറിയാമ്മ ജോർജ്ജിന്റെയും മകൻ അനിൽ വിവാഹം ചയ്തു.
ഇവർക്ക് രണ്ടു റൂബെൻ അനിൽ ജോർജ്ജ്, റോഷൻ അനിൽ ജോർജ്ജ് എന്ന രണ്ട് പുത്രന്മാർ . കുടുംബസമേതം കുവൈറ്റിൽ താമസിക്കുന്നു.

**VI - ജോസി ഉമ്മൻ മാരേട്ട് (അച്ചൻകുഞ്ഞ്)**



*അച്ചന്കുഞ്ഞും ഭാര്യ ലിലികുട്ടിയും*

മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ഡിപ്ലോമ പാസായ ശേഷം 1964-ൽ പന്തളം എൻഎസ്എസ് പോളിടെക്നിക് കോളേജിൽ ജൂനിയർ ലക്ചററായി ചേർന്നു. അതേ വർഷം ഡിസംബറിൽ ഈ ജോലി രാജിവച്ച് മദ്രാസിലെ നെയ്വേലി ലൈഗ്നൈറ്റ് കോർപ്പറേഷനിൽ ചേരുകയും ജൂനിയർ പ്ലാന്റ് മാനേജരായി 1975 ഡിസംബർ വരെ നെയ്വേലിയിൽ തുടർന്നു. 1976 ജനുവരിയിൽ ADGAS, അബുദാബി, UAE-യിൽ ചേർന്നു, 2003 സെപ്റ്റംബറിൽ വിരമിക്കുന്നതുവരെ ADGAS-ൽ ഒരു സീനിയർ എക്സിക്യൂട്ടീവായി തുടർന്നു.

ഭാര്യ മേരി ജോസി (ലില്ലിക്കുട്ടി) [BA.BEd. D/o ടി.എം. ഈപ്പൻ, തൈക്കൂട്ടത്തിൽ, കീഴ്വയിപുർ , ഈസ്റ്റ് മല്ലപ്പള്ളി. കുറച്ചുകാലം മദ്രാസ് നെയ്വേലിയിലെ ചർച്ച് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ജോലി ചെയ്തുവരികയായിരുന്നു. ഇപ്പോൾ അവർ തിരുവല്ലയിൽ സ്ഥിരതാമസമാക്കി.

അവർക്ക് മൂന്ന് പെൺമക്കളുണ്ട്: അനീഷ, ആഷ്ലി, ആഷ്ബി,

അനിഷ (എംബിബിഎസ്)യെ തിരുവല്ല ചാത്തങ്കരി ചുങ്കത്തിൽ ഡോ. നൈനാൻ സി മാത്യു, (MBBS,MD) വിവാഹം കഴിച്ചു.. അവർ ഇപ്പോൾ സൗത്ത് ഓസ്ട്രേലിയയിലെ അഡ്‌ലെയ്ഡിലാണ്. അവർക്ക് രണ്ട് ആൺമക്കളുണ്ട്, ജോയൽ മെഡിസിനിൽ ഇന്റഗ്രേറ്റഡ് പഠനം നടത്തുന്നു, ജെയ്ഡൻ പത്താം ക്ലാസിലാണ്.


ആഷ്ലി (ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷനിൽ ബിരുദാനന്തര ബിരുദം) തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ ജൂനിയർ അഡ്മിനിസ്ട്രേറ്ററായി ജോലി ചെയ്തുവരികയായിരുന്നു. ആൽവേയിലെ നെടുംതള്ളിൽ കുടുംബത്തിൽ നിന്നുള്ള ജിതേഷ് ജോർജിനെ (ബി ടെക് കെം., ബിസിനസ് ഡെവലപ്മെന്റ് മാനേജർ, ലാർസൻ ആൻഡ് ടൂബ്രോ, ഓഫ്ഷോർ പ്രോജക്റ്റ്സ്) ആണ് ആഷ്ലിയെ വിവാഹം കഴിച്ചത്. അവർക്ക് ഒരു മകൻ ജിയോ, ഒമ്പതാം ക്ലാസ്സിൽ പഠിക്കുന്നു. അവർ യുഎസിലെ ചിക്കാഗോയിൽ സ്ഥിരതാമസമാക്കി.

ആഷ്ബിയെ എൻഡോഡോണ്ടിസ്റ്റ് (ബിഡിഎസ്, എംഡിഎസ്) തിരുവനന്തപുരത്തെ എസ്ബിടി നഗർ തുണ്ടയ്യത്തു നിന്നുള്ള ജെറി ഐപ്പ് തോമസ് (ബി'ടെക്, നെറ്റ്വർക്ക് ഡെവലപ്മെന്റ് എഞ്ചിനീയർ, നോക്കിയ) വിവാഹം കഴിച്ചു. അവർക്ക് ഒരു മകളുണ്ട്, ഒന്നാം ക്ലാസിൽ പഠിക്കുന്ന ലിയ. അവർ ഇപ്പോൾ പോളണ്ടിലാണ്.



*ജോസി ഉമ്മനും ഭാര്യ ലില്ലിക്കുട്ടിയും, മക്കളും മരുമക്കളും കൊച്ചുമക്കളും ഒപ്പം.*

**IV - ഇടിച്ചാണ്ടി (ചാണ്ടിക്കുഞ്ഞ് - കിഴക്കേത്തലക്കൽ, പേരൂർ)**



ഇദ്ദേഹം അതീവ ബുദ്ധിമാനായിരുന്നു. മാരേട്ട് പള്ളി സ്ഥാപകരിൽ ഒരാളായിരുന്നു. നിന്നുപോയ കല്ലൂപ്പാറ ബാങ്കിന്റെ പ്രസിൻറായിരുന്നു. ഇദ്ദേഹം ദിവസം തോറുമുള്ള ഡയറിക്കുറിപ്പ് എഴുതുമായിരുന്നു. ഈ ഡയറി കുറിപ്പ് മാരേട്ട് കുടുംബചരിത്രം തയ്യാറാക്കുന്നതിൽ വളരെ സഹായകമായിട്ടുണ്ട്. പ്രധാന തൊഴിൽ കൃഷിയായിരുന്നു. അദ്ദേഹം 94-ാമത്തെ വയസിൽ നിര്യാതനായി. പുതുപ്പള്ളി താഴത്തേതിൽ വല്യയത്തിൽ പീലിപ്പോച്ചൻ മകൾ ഏലിയാമ്മയായിരുന്നു ഭാര്യ. ഔസേപ്പ്, പീലിപ്പോസ്, ഉമ്മുമ്മുൻ (റമ്പാച്ചൻ), അവറാച്ചൻ എന്ന് നാല് പുത്രന്മാരും , ആച്ചി, മറിയ, ഏലിയാമ്മ എന്ന് മൂന്ന് പുത്രിമാരും ഉണ്ട്. ആച്ചിയെ മേപ്രാൽ കണിയാന്ത്ര പുല്ലുകാട്ട് അലക്സാണ്ടർ കത്തനാർ വിവാഹം കഴിച്ചു. മറിയ 17-ാമത്തെ വയസിൽ നിര്യാതയായി. ഏലിയാമ്മയെ വെണ്ണിക്കുളത്ത് മാരൂർ തോട്ടത്തിൽ കണ്ണങ്കര ഈപ്പൻ വിവാഹം കഴിച്ചു.

**V - ഔസേപ്പ്**

ഇദ്ദേഹം ഒരു ഫോറസ്റ്റ് ആഫീസറായിരുന്നു. മാവേലിക്കര നാടാവള്ളിൽ ജോർജിന്റെ മകൾ ഏലിയാമ്മയായിരുന്നു ആദ്യ ഭാര്യ. ഇതിൽ ഏലിക്കുട്ടി എന്നൊരു മകൾ ജനിച്ചു. ഏലിക്കുട്ടിയെ കുണ്ടറ ചരിവിള അവറാച്ചൻ വിവാഹം കഴിച്ചു. ചേപ്പാട്ട് ആഞ്ഞിലിമൂട്ടിൽ ആച്ചിയമ്മയായിരുന്നു രണ്ടാം ഭാര്യ. ഇതിൽ അമ്മിണി എന്നൊരു പുത്രി ജനിച്ചു. അമ്മിണിയെ പുറമറ്റത്ത് ആലുങ്കൽ രാജപ്പൻ വിവാഹം കഴിച്ചു.

**V - പീലിപ്പോസ് (പീലിപ്പോച്ചൻ)**

പ്രധാന തൊഴിൽ കൃഷിയായിരുന്നു. 1984 ജൂൺ 15-ാം തീയതി മരണ മടഞ്ഞു. കാരിച്ചാൽ ആലുംമൂട്ടിൽ ഉമ്മച്ചന്റെ മകൾ അന്നാമ്മയായിരുന്നു ഭാര്യ. അന്നാമ്മ 1990 ഒക്ടോബർ 30 നു മരണമടഞ്ഞു. കെ. പി. അലക്സാണ്ടർ, കെ. പി.ജോൺ, കെ. പി. ഉമ്മൻ(ഉമ്മച്ചൻ), എം.പി. ജോസഫ് (ഔസേപ്പച്ചൻ) എന്ന നാല് പുത്രന്മാരും ഏലിയാമ്മ (കുഞ്ഞമ്മ), കുഞ്ഞൂഞ്ഞമ്മ, അന്നമ്മ എന്ന് 3 പുത്രിമാരും ജനിച്ചു. ഏലിയാമ്മയെ വീയപുരത്ത് ഇലഞ്ഞിക്കൽ വാഴപ്പള്ളാടിയിൽ പെരുമാൾ വിവാഹം കഴിച്ചു. കുഞ്ഞുഞ്ഞമ്മ രണ്ടാമത്തെ വയസിൽ മരിച്ചു. അന്നമ്മയെ കായംകുളത്ത് കിളിയിലേത്ത് ചാക്കോച്ചൻ വിവാഹം കഴിച്ചു. കെ. പി. അലക്സാണ്ടർ 21-ാമത്തെ വയസിലും കെ. പി. ജോൺ 16-ാമത്തെ വയസിലും മരണമടഞ്ഞു.

**VI-കെ. പി. ഉമ്മൻ (ഉമ്മച്ചൻ)**

ഇൻഡ്യൻ ആർമിയിൽ കുറച്ചുനാൾ സേവനമനുഷ്ഠിച്ച്. പിന്നീട് ഗൾഫിൽ ജോലി സ്വീകരിച്ചു. ഗൾഫിൽ നിന്നും ജോലി വേണ്ടെന്നു വച്ച് നാട്ടിൽ തിരിച്ചെത്തി കൃഷികാര്യങ്ങളിൽ ശ്രദ്ധചെലുത്തി കഴിഞ്ഞു വന്നു. 1989 ജൂലൈ 28-ാം തീയതി മരണമടഞ്ഞു. പരുമല തോപ്പിൽ ചാക്കോച്ചൻ മകൾ മേരിക്കുട്ടിയാണ് ഭാര്യ. ഇവർക്ക് ബോബി എന്നൊരു മകൾ മാത്രം. ബോബിയെ മല്ലപ്പള്ളി വട്ടശ്ശേരിൽ ബാബുക്കുട്ടിയുടെ മകൻ റജി വിവാഹം കഴിച്ചു.

**VI - എം. പി. ജോസഫ് (ഔസേപ്പച്ചൻ)**

പ്രധാന തൊഴിൽ കൃഷി. സാമൂഹ്യ പ്രവർത്തകനാണ്. വാഴമുട്ടത്ത് പണിക്കലേത്ത് ഇ. യോഹന്നാന്റെ മകൾ കുഞ്ഞമ്മയാണ് ഭാര്യ. ഷിബു എന്നൊരു മകനും, ഷീജ എന്നൊരു മകളും ഉണ്ട്. ഷീജ കണ്ടംപേരൂർ ചേർത്തോൺ സി. എ. തോമസിന്റെ മകൻ ഷാബു വിവാഹം കഴിച്ചു. ഔസേപ്പച്ചൻ നിര്യാതനായി.

**VII - ഷിബു**

വിദ്യാഭ്യാസത്തിനു ശേഷം ഗ്രഹകാര്യങ്ങളിൽ പിതാവിനെ സഹായിക്കുന്നു. വിവാഹിതൻ


**V - അവറാച്ചൻ**

ഇടിച്ചാണ്ടിയുടെ ഇളയമകൻ. ഒരു നല്ല ആയുർവേദ ഡോക്ടർ ആയിരുന്നു. ഇദ്ദേഹം ഒരു ബസ്സപകടത്തിൽ മരണമടഞ്ഞു. അലക്സാണ്ടർ ഏബ്രഹാം (സാണ്ടർകുട്ടി) എന്നൊരു മകൻ മാത്രം. പള്ളിപ്പാട്ട് ചിരട്ടംകേരിൽ തങ്കമ്മയാണ് ഭാര്യ.

**VI - അഡ്വ. അലക്സാണ്ടർ ഏബ്രഹാം (സാണ്ടർ കുട്ടി)**


ഇദ്ദേഹം ഹരിപ്പാട്ട് കോർട്ടിലെ ഒരു ലീഡിംഗ് വക്കീലായിരുന്നു. പരേതനായ വടക്കുംതല തോപ്പിൽ റ്റി. കെ. കോശിവൈദ്യന്റെ മകൾ റിബേക്കാമ്മ (ജോയിസ്) ആണ് ഭാര്യ. ഹരിപ്പാട്ട് കൊച്ചുമാരേട്ട് എന്ന വീട്ടുപേരു സ്വീകരിച്ച് അവിടെ സ്ഥിരതാമസമാക്കി. . പ്രമീന, സെബീനാ എന്ന് രണ്ട് പുത്രിമാരും അബിൻ എന്നൊരു മകനും ഉണ്ട്. പ്രമീണയെ വെൺമണിയിൽ ബെന്നി വിവാഹം കഴിച്ചു. മകൾ സെബീനാ നേഴ്സിംഗിന് പഠിക്കുന്നു. മകൻ അബിൻ വിദ്യാഭ്യാസത്തിനുശേഷം ബോംബെയിൽ ജോലിനോക്കുന്നു. ഇദ്ദേഹം 1993 ഡിസംബർ 14 നു നിര്യാതനായി ഹരിപ്പാട്ട് ഓർത്തഡോക്സ് പള്ളിയിൽ സംസ്കരിച്ചു.

**V - മാരേട്ട് തോമസ് റമ്പാൻ**



മാരേട്ട് കിഴക്കേത്തലയ്ക്കൽ ഇടിച്ചാണ്ടിയുടെ മകനായി ജനിച്ചു. വട്ടശ്ശേരിൽ തിരുമേനിയിൽ നിന്നും വൈദീക പട്ടം സ്വീകരിച്ച് ദീർഘകാലം കോയമ്പത്തൂർ ഓർത്തഡോക്സ് പള്ളിവികാരിയായി സേവനമനുഷ്ഠിച്ചിരുന്നു. കോയമ്പത്തൂർ പള്ളിയുടെ ആരംഭകാലത്ത് വളരെയേറെ ബുദ്ധിമുട്ടുകൾ സഹിച്ചും ധീരമായ നേതൃത്വം കൊടുത്തും അതിനെ ഒരു വലിയ സ്ഥാപനമാക്കി വളർത്തി. അതിനുശേഷം വട്ടശ്ശേരിൽ തിരുമേനിയുടെയും ബസേലിയോസ് കാതോലിക്കാ ബാവ തിരുമനസ്സിലെയും തീരുമാനപ്രകാരം അദ്ദേഹത്തെ കോയമ്പത്തൂരിൽ നിന്നും വരുത്തി റമ്പാൻ പട്ടം കൊടുത്തു. വളരെക്കാലം പരുമല സെമിനാരിയുടെ മേൽനോട്ടം ഇദ്ദേഹത്തിനായിരുന്നു. കുറിലോസ് തിരുമേനിയെ മെത്രപ്പോലീത്താ ആക്കിയശേഷം, അദ്ദേഹം നടത്തിവന്നിരുന്ന ഓതറ ദയറായും അനാഥാലയവും റമ്പാച്ചനെ ഏൽപിക്കുകയും ചെയ്തു. എന്നാൽ അസുഖം ബാധിച്ചതിനെ തുടർന്ന് കുറച്ചുകാലം സ്വഭവനത്തിൽ വന്ന് താമസിച്ചു. എന്നാൽ തോമസ് മാർ അത്താനാസിയോസ് തിരുമേനി ദയറാ ഏറ്റെടുത്തശേഷം റമ്പാച്ചനെ വീണ്ടും ദയറായിൽ കൊണ്ടുപോയി താമസിപ്പിച്ചു. ഇദ്ദേഹം ഒരു സുറിയാനി പണ്ഡിതനായിരുന്നു. അനേകം വൈദീകരും, ശെമ്മാശന്മാരും ഇദ്ദേഹത്തിന്റെ കീഴിൽ സുറിയാനി അഭ്യസിച്ചിട്ടുണ്ട്. 1992 ജൂലൈ മാസം 23-ാം തീയതി ദിവംഗതനായി. സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് പള്ളിയുടെ വടക്കുവശത്തായി മദ്ബഹായോട് ചേർന്ന് പണിക്കഴിപ്പിച്ചിട്ടുള്ള കല്ലറയിൽ കബറടക്കപ്പെട്ടു.

**IV -ഔസേപ്പ് മത്തായി (മത്തായിക്കുഞ്ഞ്- മനയംമണ്ണിൽ)**



പ്രധാന തൊഴിൽ കൃഷിയായിരുന്നു. ഇദ്ദേഹം ഒരു വലിയ കലാ രസികനായിരുന്നു. അനേകം കവിതകൾ രചിച്ചിട്ടുണ്ട്. പുത്തൻകാവ് മാമ്മൂട്ടിൽ കീവറിച്ചന്റെ മകൾ ഏലിയാമ്മയായിരുന്നു ഭാര്യ. 1957 ഡിസംബർ മാസം 11-ാം തീയതി 86-ാമത്തെ വയസിൽ നിര്യാതനായി. ഭാര്യ ഏലിയാമ്മ 1957 ജൂൺ 30-ാം തീയതി നിര്യാതയായി. ഇവർക്ക് എം. എം. ജോസഫ് (കുഞ്ഞു ഞ്ഞ്), എം. എം. വറുഗീസ് (കീവറിച്ചൻ), എം. എം. ഏബ്രഹാം (ഉണ്ണൂണ്ണി), എം. എം. മത്തായി (മത്തായിച്ചൻ) എന്ന ആൺമക്കളും, ആച്ചിക്കുഞ്ഞ്, ഏലിയാമ്മ, തങ്കമ്മ എന്ന മൂന്നു  പെൺമക്കളും ജനിച്ചു. മകൾ ആച്ചിക്കുഞ്ഞിനെ എടത്വാ വരിക്കളത്തിൽ കല്ലുപുരയ്ക്കൽ ഔസേപ്പച്ചൻ വിവാഹം കഴിച്ചു. ഏലിയാമ്മയെ വള്ളംകുളത്ത് കണ്ടത്തിൽ കണ്ണങ്കര മാത്തുള്ള മാപ്പിള്ള വിവാഹം കഴിച്ചു. തങ്കമ്മയെ വെൺമണി മരത്തുംമൂട്ടിൽ തച്ചപ്പള്ളിൽ ജോർജ് വിവാഹം കഴിച്ചു.

**V -എം. എം. ജോസഫ് (കുഞ്ഞൂഞ്ഞ്)**



ഇദ്ദേഹം ഒരു അദ്ധ്യാപകനായിരുന്നു. 1969 മെയ് മാസം 2-ാം തീയതി 78-ാമത്തെ വയസിൽ നിര്യാതനായി. കറ്റോട്ട് കണ്ടത്തിൽ ആഞ്ഞലിമൂട്ടിൽ മാത്തുള്ള മാപ്പിളയുടെ മകൾ മറിയാമ്മയായിരുന്നു ഭാര്യ. മറിയാമ്മ 1990 ജൂലൈ 10-ാം തീയതി മരണമടഞ്ഞു. എം. എം. മാത്യു (മാത്തുക്കുട്ടി) ജോർജ് ജോസഫ് (ജോർജ്), ഏബ്രഹാം ജോസഫ് (ബേബി), എം. എം. ജോസഫ് (തമ്പി), കുഞ്ഞപ്പൻ, എം. എം. പീലിപ്പോസ് (അച്ചൻകുഞ്ഞ്) എൻ. ജോസഫ് (തമ്പാച്ചൻ) എന്ന് ഏഴ് ആൺമക്കളും ഏലിയാമ്മ, ശോശാമ്മ, മറിയാമ്മ, അന്നാമ്മ, സൂസമ്മ, അമ്മിണി, ആച്ചിയമ്മ എന്ന് 7 പെൺമക്കളും ജനിച്ചു. ഏലിയാമ്മയെ ഡിൻഡികൽ ചെറുവത്തൂർ സി. പി. ചെറിയാൻ വിവാഹം കഴിച്ചു. ശോശാമ്മ 6-ാമത്തെ വയസിൽ മരണമടഞ്ഞു. മറിയാമ്മയെ മാവേലിക്കര കൊല്ലനേത്ത്

ജോർജ് കുട്ടി വിവാഹം കഴിച്ചു. അന്നമ്മയെ കിഴക്കൻ ഓതറ പാത്തക്കാട്ടിൽ പി. ജെ. ജോൺ വിവാഹം കഴിച്ചു. സൂസമ്മയെ ആഞ്ഞിലിത്താനം  കല്ലൂർ താഴ്ചയിൽ കെ. വി. കുര്യൻ വിവാഹം കഴിച്ചു. അമ്മിണിയെ കരുനാഗപ്പള്ളിൽ കാവുങ്കൽ ജോർജ് വിവാഹം കഴിച്ചു. ആച്ചിയമ്മയെ പുലിയൂർ പൂവത്തിൽ പി. വി. ചാക്കോ വിവാഹം കഴിച്ചു.

**VI -എം. എം. മാത്യു (മാത്തുക്കുട്ടി)**

കൈപ്പുണ്ണ്യമുള്ള ഒരു ഹോമിയോ ഡോക്ടർ ആയിരുന്നു. കോഴഞ്ചേരി കുറുന്തോട്ടിക്കൽ വർക്കിയേച്ചന്റെ മകൾ ഏലിയാമ്മയായിരുന്നു ഭാര്യ. 1996 മേയ് രണ്ടാം തീയതി മരണമടഞ്ഞു. ഏലിയാമ്മ 1977 ജൂലൈ 6-ാം തീയതി നിര്യാതയായി. ജോസഫ് മാത്യു (ജോയി), എം. എം. വറുഗീസ് (വറുഗീസ്കുട്ടി) എന്ന് രണ്ട് പുത്രന്മാരും മേരി, എൽസി എന്ന് രണ്ട് പുത്രിമാരും ഉണ്ട്. മേരിയെ ചെങ്ങന്നൂർ ചുള്ളിമല ശാന്താലയത്തിൽ എ. സി. ജോർജ് വിവാഹം കഴിച്ചു. എൽസിയെ ആനിക്കാട് ഏണാട്ട് ജോർജ് മാത്യു വിവാഹം കഴിച്ചു.

**VII -ജോസഫ് മാത്യു (ജോയി)**



*ജോയ് , ഭാര്യ തങ്കമ്മ*

പ്രധാന തൊഴിൽ കൃഷി. പുളുക്കീഴ് കുരിയിലോടിക്കൽ കോശി മാത്യുവിന്റെ മകൾ തങ്കമ്മയാണ് ഭാര്യ. എം. ജെ. മാത്യു (സജി), ബിജു ജോസഫ് എന്ന് രണ്ട് പുത്രന്മാരും മോളിക്കുട്ടി എന്ന് ഒരു പുത്രിയും ഉണ്ട് . മോളിക്കുട്ടിയെ ഇരിങ്ങാലക്കുട മൂലായിൽ എം. പി. ആൻറണിയുടെ മകൻ സേവിയർ വിവാഹം കഴിച്ചു.

**VIII -മാത്യു  (സജി)**



*സജി, ഭാര്യ ഐവി, പുത്രൻ ഡേവിഡ്*

വിദ്യാഭ്യാസത്തിനുശേഷം റിനസ് ലോജിസ്റ്റിക്സ് ഭിവണ്ടിയിൽ മെയിന്റനൻസ് എക്സിക്യൂട്ടീവായി ജോലി ചെയ്യുന്നു. പൂത്രീക്ക മേലേത്ത് എം. പി. പൈലിയുടെ മകൾ ഐവിയാണ് ഭാര്യ. ഐവി. കല്യാണിലെ ഒരു സ്വകാര്യ ആശുപത്രിയിൽ ലാബ് ടെക്നീഷ്യനായി ജോലി ചെയ്യുന്നു. ഇവർക്ക് ഡേവിഡ് മാത്യു എന്ന ഒരു പുത്രൻ. ഡേവിഡ് ഡിഗ്രി പാസ്സായ ശേഷം സ്വിസ് സ്റ്റീൽ പ്രൈവറ്റ് ലിമിറ്റഡ് അംബർനാഥിൽ ജോലി ചെയ്യുന്നു

**VIII -ബിജു ജോസഫ്**



*ബിജു, മകൾ ഏയ്ഞ്ചൽ, ഭാര്യ മേരി*

മാരേട്ട് കുടുബയോഗ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ബിജു ബോംബെയിൽ ഒരു ട്രാവൽ ഏജൻസിയിൽ ജോലി നോക്കുന്നു. എറണാകുളം  വരാപ്പുഴ കടേപ്പറമ്പിൽ കെ.വി. ആന്റണിയുടെയും, ഫ്ളോറി ആന്റണിയുടെയും  മകൾ മേരി (സുനി) യാണ് ഭാര്യ. മേരി മുംബയിൽ ഒരു ഹോസ്പിറ്റലിൽ നേഴ്സ് ആയി ജോലി ചെയുന്നു. ഇവർക്ക് ഏയ്ഞ്ചൽ ബിജു മാരേട്ട് എന്ന ഒരു പുത്രി. ഏയ്ഞ്ചൽ പത്താം ക്ലാസ് വിദ്യാർഥിനി ആണ്.

**VII -എം. എം. വറുഗീസ് (വറുഗീസ്കുട്ടി)**



വര്ഗീസേകുട്ടിയും, ഭാര്യ ലീലാമ്മയും കുടുംബവും.

വിദ്യാഭ്യാസത്തിനുശേഷം കോഴിക്കോട്ട് ഒരു കമ്പനിയിൽ ജോലി സ്വീകരിച്ചു. പിന്നീട് ഗൾഫിൽ ജോലി സ്വീകരിച്ചു. ഇപ്പോൾ നാട്ടിൽ തിരിച്ചു വന്ന് സ്ഥിരതാമസമാക്കിയിരിക്കുന്നു. കൊച്ചി സ്റ്റോക്ക് എക്സ്ചെയിഞ്ച് മെയിൻ ബ്രോക്കറായി സേവനമനുഷ്ഠിക്കുന്നു. ചെറു പ്രായത്തിൽ തന്നെ അദ്ധ്വാനശീലനായിരുന്ന ഇദ്ദേഹം തന്റെ സ്വന്തം  കഴിവുപയോഗിച്ച് ധാരാളം വസ്തുവകകളും ധനവും സമ്പാദിച്ചു എന്നത് അഭിനന്ദനാർഹമാണ്. പാണ്ടനാട് ആയിക്കോളിൽ കെ. വി. തോമസിൻറ മകൾ ലീലാമ്മയാണ് ഭാര്യ. ലീലാമ്മയും ഗൾഫിൽ നേഴ്സ് ആയി സേവന മനുഷ്ഠിച്ചിരുന്നു. ലീലാമ്മ 2021 ഒക്ടോബര് 19 ന്  നിര്യാതയായി.  മാത്യൂസ് ( വിനോദ്) എന്നൊരു മകനും ലിൻസി എന്നൊരു മകളും ഉണ്ട്. ലിൻസി കുണ്ടറ സാം കോശി ലിൻസിയെ വിവാഹം ചെയ്തു  ഇവർക്ക് കെവിൻ ,കെസിയ എന്ന രണ്ടു മക്കൾ.സ്കൂൾ വിദ്യാർത്ഥികളാണ്.
സാം കോശി സ്വന്തമായി ഒരു ഫിനാൻഷ്യൽ കൺസൾട്ടൻസി നടത്തുന്നു.


**VIII -ഡോ. മാത്യൂ മാരേട്ട് (വിനോദ്)**

ഡോക്ടർ മാത്യൂസ് വർഗീസ് മാരേട്ട് ഗവൺമെൻറ് ഹെൽത്ത് സർവീസിൽ ഡോക്ടറാണ് ,ഭാര്യ ബിനിജ മിൽമ കൊല്ലം എൻജിനീയറാണ് ,മക്കൾ ആൻ മേരി മാത്യൂസ് ,ഹന്ന എലിസബത്ത് മാത്യൂസ് , വിദ്യാർഥിനികൾ ആണ്

**VI -ജോർജ് ജോസഫ് (ജോർജ്)**

പ്രധാന തൊഴിൽ കൃഷിയായിരുന്നു. കുണ്ടറ മാറനാട്ട് പെരുമ്പള്ളിൽ ഉമ്മൻ പണിക്കരുടെ മകൾ അന്നമ്മയാണ് ഭാര്യ. 1989 ഫെബ്രുവരി 21-ാം തീയതി നിര്യാതനായി.അന്നമ്മയും നിര്യാതയാണ്. സാലി, ലാലമ്മ എന്ന് രണ്ട് പുത്രിമാർ ഉണ്ട്. സാലിയെ മല്ലപ്പള്ളിൽ ഇലവുങ്കൽ ഐപ്പ് വിവാഹം കഴിച്ചു. ലാലമ്മയെ നഞ്ഞ്യാർകുള്ളങ്ങര കാങ്കാലിൽ റജി ശാമുവേൽ വിവാഹം കഴിച്ചു.

**VI -ഏബ്രഹാം ജോസഫ് (ബേബി)**



നാഗർ കോവിലിൽ നിന്നും മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഡിപ്ലോമ പാസ്  ആയതിനു ശേഷം FACT യിൽ ജോലിയിൽ പ്രവേശിക്കുന്നു, പിന്നീട്  മദ്രാസ് ഇന്റഗ്രൽ കൊച് ഫാക്ടറിയിൽ  (ICF) സേവനം അനുഷ്ഠിച്ചുവരവേ (25 വർഷം) 1978 ഡിസംബർ  7നു  നിര്യാതനായി.
മൃതദേഹം നാട്ടിലെത്തിച്ച് സെൻറ് സ്റ്റീഫൻ പള്ളിയിൽ സംസ്ക്കരിച്ചു.
മദ്രാസ്സിൽ  ആത്മീയ പ്രവർത്തനങ്ങളിൽ സജീവസാനിധ്യമായിരുന്ന  ഇദ്ദേഹം  കല്ലൂപ്പാറ ഓർത്തഡോക്സ്സ്  സിറിയൽ കൺവൻഷൻ സ്ഥാപകരിൽ ഒരാളായിരുന്നു.
കുമ്പനാട് പ്ളാക്കീഴ് തോമസിന്റെ മകൾ മേരി ഏബ്രഹാം (കൊച്ചു മറിയാമ്മ)ആണ്  ഭാര്യ.
ഇവർക്ക് രണ്ട് ആൺ  മക്കൾ, റോയി, സന്തോഷ്.



എബ്രഹാം ജോസഫിന്റെ ഭാര്യ കൊച്ചുമറിയാമ്മ, മകൻ റോയ്

**VII -വറുഗീസ്  എബ്രഹാം( സന്തോഷ് )**



സന്തോഷും കുടുംബവും.

സന്തോഷ്  റയിൽവേയിൽ ജോലി ചെയ്യുന്നു, കുടുംബ സമ്മേദം മദ്രാസിൽ താമസിക്കുന്നു. മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ മെമ്പർ ആണ്. കോട്ടയം തെക്കേതട്ടിൽ സി.പി എബ്രഹാമിന്റെ  മകൾ ജിഷ എബ്രഹാം ആണ് ഭാര്യ. ജിഷ മദ്രാസ് മെഡിക്കൽ മിഷൻ ഹോസ്പിറ്റലിൽ സീനിയർ നഴ്സിംഗ് സൂപ്പർവൈസർ ആയി ജോലി നോക്കുന്നു. ഇവർക്ക് രോഹൻ വറുഗീസ്  CS (Chartered Secretary),MBA,  B Com. എന്ന ഒരു പുത്രനും, മിന്നു വറുഗീസ് B.TECH   ( IT) എന്ന ഒരു പുത്രിയും. മിന്നു Madras, MNCയിൽ Software Engineer ജോലി ചെയ്യുന്നു.

**VII -റോയ്**

ഗൃഹ കാര്യങ്ങളിൽ മാതാവിനെ സഹായിക്കുന്നു, അവിവാഹിതൻ.

**VI -എം. എം. ജോസഫ് (തമ്പി)**



*എം.എം. ജോസഫ്ഉം , ഭാര്യ തങ്കമ്മയും*

പ്രധാന തൊഴിൽ കൃഷി. കോഴഞ്ചേരി പുന്നയ്ക്കാട്ട് കുലത്താക്കൽ അവറാച്ചൻ മകൾ തങ്കമ്മയാണ് ഭാര്യ. തമ്പി 1998 ഒക്ടോബര് 26 നു നിര്യതനായി. ബിനു എന്നൊരു മകൻ മാത്രം.

**VII -ബിനു.**



*ബിനു, ഭാര്യ ജിനു, പുത്രൻ അലൻ*

ബിനു വിദ്യാഭ്യാസത്തിനു ശേഷം കുറച്ചുനാൾ ബോംബെയിൽ ജോലി നോക്കി. തലവടി തൈപ്പറമ്പിൽ ടി.സി. ജോണിന്റെ മകൾ ജിനു ആണ് ഭാര്യ. ജിനു നേഴ്‌സ് ആയി അലഹബാദിൽ ജോലിനോക്കുന്നു .ഇവർക്ക് അലൻ ബിനു ജോസഫ് എന്ന ഒരു മകൻ.

**VI -കുഞ്ഞപ്പൻ**

നന്നെ ചെറുപ്പത്തിൽ ബാംഗ്ലൂരിൽ പോയി അവിടെ ജോലി സ്വീകരിച്ച് സ്ഥിരതാമസമാക്കിയിരിക്കുന്നു. മറ്റ് വിവരങ്ങൾ ലഭ്യമല്ല.

**VI -എം. എം. പീലിപ്പോസ് (അച്ചൻകുഞ്ഞ്)**



ഭോപ്പാൽ കെമിക്കൽസ് ലിമിറ്റഡിൽ ജോലി ചെയ്തിരുന്നു . ചെന്നിത്തല കൊച്ചുവീട്ടിൽ അമ്മിണിയാണ് ഭാര്യ. അമ്മിണി 2012 ജനുവരി 20 നു നിര്യാതയായി. ജോജി എന്നൊരു മകൻ മാത്രം.

**VII -ജോജി മാരേട്ട് ഫിലിപ്പോസ്**



*ജോജി, ഭാര്യ ജ്യുലി*

ജോജി ഗുജറാത്ത് വഡോദരയിൽ ജോലിചെയ്യുന്നു. ഭാര്യ ജ്യുലി ചാലാപ്പള്ളി മേത്താനം കൂടാനിക്കൽ കെ.എം. വര്ഗീസിന്റയും അന്നമ്മയുടേയും പുത്രിയാണ് . ജ്യുലിയും വഡോദരയിൽ തന്നെ ഡൽഹി പബ്ലിക് സ്കൂളിൽ അദ്ധ്യാപികയായി കോലി ചെയ്യുന്നു.

**VI -എൻ. ജോസഫ് (തമ്പാച്ചൻ)**

പ്രധാന തൊഴിൽ കൃഷി. മാരേട്ട് കുടുംബയോഗത്തിന്റെ വൈസ് പ്രസിഡന്റ് ആയും സെക്രട്ടറി ആയും സേവനം അനുഷ്ഠിച്ചിട്ടുണ്ട്   കീക്കൊഴൂർ കൊടുപുരയിടത്തിൽ കെ. ഇ. വറുഗീസിന്റെ മകൾ മോളിക്കുട്ടിയാണ് ഭാര്യ. ജാസ് ജോസഫ് എന്നൊരു മകനും ജാൻസി എന്നൊരു മകളും ഉണ്ട്. ജാൻസിയെ പാലക്കാട് വിക്കി വിവാഹം കഴിച്ചു. രണ്ടു പേരും ഡൽഹിയിൽ ഹോസ്പിറ്റലിൽ നേഴ്സായി ജോലി ചെയ്യുന്നു. ഇവർക്ക് അയാൻ എന്ന ഒരു പുത്രൻ.

**VII -ജാസ് ജോസഫ്**

ജസ് മാവേലിക്കര ശ്രീകണ്ഠപുരം ആശുപത്രി പി.ആർ.ഒ ആയി ജോലി ചെയ്യുന്നു.
ചിറ്റാർ പള്ളിപ്പറമ്പിൽ രാജന്റെ മകൾ റിൻസിയാണ് ഭാര്യ. റിൻസി തിരുവല്ല പുഷ പഗിരി ആശുപത്രിയിൽ നേഴ്സിങ്ങ് സൂപ്പർവൈസറാണ്. ഇവർക്ക് അവാറ്റസ് എന്ന ഒരു പുത്രനുണ്ട്

**V -എം. എം. വറുഗീസ് (കീവറിച്ചൻ)**



ഒന്നാം ലോകമഹായുദ്ധകാലത്ത് മെസപ്പെട്ടോമിയ, സിറിയ മുതലായ രാജ്യങ്ങളിൽ പട്ടാള സേവനം അനുഷ്ഠിച്ചശേഷം മടങ്ങിവന്ന് തിരുവിതാംകൂർ പോലീസ് സർവ്വീസിൽ ഉദ്യോഗം സ്വീകരിച്ച് പ്രഗൽഭനായ ഒരു പോലീസ് ഇൻസ്പെക്ടറായി പെൻഷൻപറ്റി ജീവിച്ചു വരവെ 1970 ജൂലൈ 20-ാം തീയതി നിര്യാതനായി. കൊല്ലകടവിൽ കളിയിക്കൽ കൊച്ചോയിച്ചൻ മകൾ കുഞ്ഞമ്മയാണ് ഭാര്യ. കുഞ്ഞമ്മ 1996 മെയ് 20-ാം തീയതി മരണമടഞ്ഞു. രാജൻ മാരേട്ട് എന്നൊരു മകനും മോളി, കുഞ്ഞൂഞ്ഞമ്മ, ബേബി എന്ന് 3 പെൺമക്കളും ഉണ്ട്.
മോളിയെ ചെങ്ങന്നൂർ കണ്ണന്താനത്ത് ഷെവലിയർ ജോർജ് വറുഗീസ് കണ്ണന്താനം വിവാഹം കഴിച്ചു. കുഞ്ഞൂഞ്ഞമ്മയെ കുറിയന്നൂർ വലിയ കാലായിൽ ജോർജ് വിവാഹം കഴിച്ചു. ബേബിയെ മാവേലിക്കര വടക്കേത്തലയ്ക്കൽ ജോയി വിവാഹം കഴിച്ചു.

**VI -രാജൻ മാരേട്ട്**



*രാജൻ മാരേട്ട്, ഭാര്യ രമണി*

എം. എം. വറുഗീസിന്റെ ഏക മകൻ. ഒരു നല്ല വോളിബോൾ താരമായിരുന്നു. വിമോചനസമര കാലം മുതൽ കുറെക്കാലം സജീവ രാഷ്ട്രീയത്തിൽ പ്രവർത്തിച്ചിരുന്നു. സ്വന്തമായി ഒരു ബസ്സ് സർവ്വീസ് നടത്തിയിരുന്നു. പിന്നീട് കുറച്ചുകാലം ബിസിനസ് മേഖലയിൽ പ്രവർത്തിച്ചു. തുടർന്ന് ഗൾഫിൽ ജോലി സ്വീകരിച്ചു.. ഇദ്ദേഹം കല്ലൂപ്പാറ പഞ്ചായത്ത് മെമ്പർ ആയിരുന്നു. മാന്നാത്ത് തച്ചേരിൽ റ്റി. ജെ. പോളിന്റെ മകൾ രമണിയാണ് ഭാര്യ. രേണു എന്ന് ഒരു മകൾ മാത്രം. രേണുവിനെ മാവേലിക്കര കല്ലടാൽ പാപ്പച്ചന്റെ മകൻ മേജർ ഡോ. സുനിൽ മാത്യു വിവാഹം കഴിച്ചു. രാജൻ 2007 ജൂൺ 11 നും, രമണി 2018 ഫെബ്രുവരി 8 നും നിര്യാതരായി.

**V -എം. എം. ഏബ്രഹാം (ഉണ്ണൂണ്ണി)**



*എം.എം. എബ്രഹാം ഭാര്യ അച്ചാമ്മ*

ഇൻഡ്യൻ മിലിട്ടറി  സർവ്വീസിൽ (എം. ഇ. എസ്.) വിഭാഗത്തിൽ സൂപ്രണ്ടായി സേവനമനുഷ്ഠിച്ചിരുന്നു. 1966 ജനുവരി 16-ാം തീയതി 56 -ാ മത്തെ വയസിൽ നിര്യാതനായി. മദ്രാസ്  കിൽപെക് സെമിത്തേരിയിൽ സംസ്കരിച്ചു.. മല്ലപ്പള്ളി അപ്പക്കോട്ട് എ. സി. മാത്യുവിന്റെ മകൾ അച്ചാമ്മ (കുഞ്ഞമ്മ) യാണ് ഭാര്യ. ഇതിൽ മാത്യൂസ് മാരേട്ട് എന്നൊരു മകൻ മാത്രം. കുഞ്ഞമ്മ 1997 മാർച്ച് 11 നു  മദ്രാസിൽ വച്ച് മരണമടഞ്ഞു. കിൽപെക്ക് സെമിത്തേരിയിൽ സംസ്കരിച്ചു.

**VI -മാത്യൂസ് എബ്രഹാം മാരേട്ട് (ബാബു)**



*മാത്യൂസ് എബ്രഹാം മാരേട്ട്, ഭാര്യ സ്റ്റെല്ല*

മാത്യൂസ് എബ്രഹാം മാരേട്ട്  (ബാബു), മദ്രാസ് ക്രിസ്ത്യൻ കോളജ് ഹൈസ്കൂൾ, താംബരം കോളേജ്, നിസാം കോളേജ്  ഹൈദരാബാദ്, മാർത്തോമ കോളേജ്  തിരുവല്ല, ഇവിടെ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദം.

മലയാള മനോരമയിൽ ഔദ്യോഗിക ജീവിതം ആരംഭിച്ച അദ്ദേഹം പിന്നീട് കോട്ടയം ചിങ്ങവനം ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ (Tecil) അഡ്മിനിസ്ട്രേഷൻ ആൻഡ് സെയിൽസ് സീനിയർ മാനേജരായിരുന്നു.

ചെന്നൈയിലെ ഇന്റഗ്രേറ്റഡ് ഫിനാൻസ് കമ്പനി ലിമിറ്റഡ് (IFCL) വൈസ് പ്രസിഡന്റായിരുന്നു. ലയൺസ് ക്ലബ് ഓഫ് തിരുവല്ലയുടെ പ്രസിഡന്റായും കേരള ലയൺസ് ക്ലബ് ഇന്റർനാഷണലിന്റെ ജോയിന്റ് സെക്രട്ടറിയായും പ്രവർത്തിച്ചു.

ഇന്റർനാഷണൽ ലയൺസ് ക്ലബ്ബിന്റ മെൽവിൻ ജോൺസ് ഫെലോഷിപ്പ് അവാർഡ് ജേതാവ് കൂടിയാണ് ഇദ്ദേഹം .

അദ്ദേഹം ഒരു പ്രമുഖ കായിക വ്യക്തിത്വമായിരുന്നു.  തിരുവല്ല മാർത്തോമ്മാ കോളേജിലെ സ്പോർട്സ് ആൻഡ് ഗെയിംസ് ജനറൽ ക്യാപ്റ്റനായി അദ്ദേഹം തുടർച്ചയായി 4 വർഷം കോളേജിന്റെ വ്യക്തിഗത ചാമ്പ്യനായിരുന്നു.

പത്തനംതിട്ട ജില്ലാ ക്രിക്കറ്റ് അസോസിയേഷൻ പ്രസിഡന്റ്, കേരള ക്രിക്കറ്റ് അസോസിയേഷൻ കൗൺസിൽ അംഗം എന്നീ നിലകളിൽ  തമിഴ്നാട്, ആന്ധ്രാപ്രദേശ് (ഹൈദരാബാദ്) ടീമുകൾക്കെതിരായ രഞ്ജി ട്രോഫി മത്സരങ്ങൾക്ക് ആതിഥേയത്വം വഹിച്ചു. ഓൾ ഇന്ത്യ ഇന്റർ യൂണിവേഴ്സിറ്റി ചാമ്പ്യൻഷിപ്പിൽ ഒസ്മാനിയ യൂണിവേഴ്സിറ്റി ഹൈദരാദാദിനെയും അത്‌ലറ്റിക്സിൽ ആന്ധ്രാപ്രദേശ് സംസ്ഥാനത്തെയും ബാബു പ്രതിനിധീകരിച്ചു.

ഭാര്യ ശ്രീമതി സ്റ്റെല്ല മാത്യൂസ് (അനു) തിരുവല്ല ലയനസ് ക്ലബ്ബിന്റെ പ്രസിഡന്റും കേരള ലയനസ് ക്ലബ്ബ് ഓഫ് ഇന്റർനാഷണലിന്റെ വൈസ് പ്രസിഡന്റുമായിരുന്നു.

തിരുവല്ല തെങ്ങുമഠത്തിൽ  കുടുംബാംഗമാണ് അനു, പിതാവ് പരേതനായ ടി.സി.മാത്യൂസ് (IRS) അസി.  സെൻട്രൽ എക്സൈസ് ആൻഡ് കസ്റ്റംസ് കളക്ടർ.  അമ്മ പരേതയായ ശ്രീമതി കുഞ്ഞമ്മ.  ഇവർക്ക് എബി എന്ന ഒരു പുത്രനും  ആശ, മീര എന്നി 2 പുത്രിമാരും ഉണ്ട്

**VII -ഏബ്രഹാം മാത്യൂസ്( എബി )**



*എബ്രഹാം മാത്യൂസ്, ഭാര്യ അമൃത,മക്കൾ ആര്യ, ആഷ്യ*

എബ്രഹാം മാത്യൂസ് മാരേട്ട്(എബി)  കോർപ്പറേറ്റുകൾ നടത്തുന്ന ഇടപാടുകൾക്ക് ഉപദേശം വാഗ്ദാനം ചെയ്യുന്ന ഒരു കൺസൾട്ടിംഗ് സ്ഥാപനം  ചെന്നൈയിൽ നടത്തുന്നു.  കോട്ടയം കല്ലൂപ്പറമ്പിൽ വീട്ടിൽ ജോർജ് ചെറിയാന്റെയും പുഷ്പ ജോർജിന്റെയും മകൾ അമൃതയാണ് ഭാര്യ. ഇവർക്ക് ആര്യ എന്നൊരു പുത്രനും, ആഷ്യ എന്നൊരു പുത്രിയും ഉണ്ട്.



*ഐസിഎസ്ഇ സ്കൂളുകളുടെ അന്തർ സംസ്ഥാന ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ആര്യ തമിഴ്നാട് സംസ്ഥാനത്തെ പ്രതിനിധീകരിച്ചു.*


**VII-ആഷ**



*ബാബുവിന്റെ മകൾ ആഷ, ഭർത്താവ് ദിനു, മക്കൾ തമാരാ, റഹാൻ*

മൂത്ത മകൾ ആഷ  ചെന്നൈയിൽ ഒരു നാഷണൽ റിയൽ എസ്റ്റേറ്റ് ഡെവലപ്പറിനൊപ്പം റെസിഡൻഷ്യൽ ബിസിനസ് റീജിയണൽ ഹെഡ് ആയി ജോലി ചെയ്യുന്നു.  കോട്ടയം പള്ളം വടക്കേപറമ്പിൽ അലക്സാണ്ടർ കുര്യന്റയും  പ്രേമിയുടേയും പുത്രൻ ദിനു കുര്യൻ അലക്സാണ്ടർ ആഷയെ വിവാഹം ചയ്തു.  ചെന്നൈയിൽ സ്വന്തമായി കോർപ്പറേറ്റ് ഉപദേശക സ്ഥാപനം നടത്തുകയാണ് അദ്ദേഹം.  രണ്ട് കുട്ടികളുമായി അവർ അനുഗ്രഹീതരാണ്.  മൂത്ത മകൾ തമാരാ ബാംഗ്ലൂരിലെ സെന്റ് ജോസഫ് കോളേജിൽ ഒന്നാം വർഷ വിഷ്വൽ കമ്മ്യൂണിക്കേഷൻസ് പഠിക്കുന്നു, ഇളയ മകൻ  റഹാൻ ചെന്നൈയിലെ ശിഷ്യ സ്കൂളിൽ പത്താം ക്ലാസിൽ പഠിക്കുന്നു.

**VII -മീര**




*ബാബുവിന്റെ മകൾ മീര, ഭർത്താവ് വിനോദ്, മക്കൾ  അഹാന , നിതാര*

ഇളയ മകൾ മീര, രാംകോ ഗ്രൂപ്പ് അസോസിയേറ്റ് ആയ പേരന്റ് സർക്കിളിന്റെ പേരന്റിംഗ് മാസികയിൽ എഡിറ്റർ/സീനിയർ മാനേജരായി ജോലി ചെയ്യുന്നു.  മടത്തുംകോലോത്തു ഡോ.എം.കെ.വിശ്വനാഥിന്റെയും ലതയുടേയും  മകൻ ലഫ്റ്റനന്റ് കേണൽ വിനോദ് മീരയെ

വിവാഹം ചയ്തു. ഇദ്ദേഹം ഇന്ത്യൻ ആർമിയിലാണ്. ഇവർക്ക് രണ്ടു മക്കൾ. മൂത്ത മകൾ അഹാന നേവൽ പബ്ലിക് സ്കൂളിൽ ഏഴാം ക്ലാസിലും ഇളയ മകൾ നിതാരയ്ക്ക് 3 വയസ്സുമാണ്.

**V -എം. എം. മത്തായി Ex. MLA (മത്തായിച്ചൻ)**



*എം. എം. മത്തായി, ഭാര്യ കുഞ്ഞമ്മ*

വടക്കേത്തലയ്ക്കൽ കുടുംബയോഗത്തിന്റെ പുനരുദ്ധാരകനും, ഉപദേഷ്ടാവും; മാരേട്ട് കുടുംബയോഗത്തിന്റെ പുനരുദ്ധാരകനും, രക്ഷാധികാരിയും ആയിരുന്ന ഇദ്ദേഹം വടക്കേത്തലക്കൽ കുടുബാംഗങ്ങളെ സംബന്ധിച്ചും പ്രത്യേകിച്ച് മാരേട്ട് ശാഖയെ സംബന്ധിച്ചും ചിരസ്മരണീയനായ വ്യക്തിയാണ്. കേരളത്തിലെ രാഷ്ട്രീയ മണ്ഡലത്തിലാകട്ടെ കക്ഷിഭേദമെന്യേ സമാദരണീയനുമായിരുന്നു. വിദ്യാർത്ഥിയായിരുന്ന കാലത്ത് ഇദ്ദേഹം ഇൻഡ്യൻ നാഷനൽ കോൺഗ്രസിലെ യുവജന വിഭാഗത്തിൽ ആദ്യമായി പ്രവർത്തനമാരംഭിച്ചു. ക്രൈസ്തവ, ഈഴവ, മുസ്ലീം സമുദായങ്ങൾ അവരുടെ അവകാശങ്ങൾക്കുവേണ്ടി നടത്തിയ നിവർത്തന പ്രക്ഷോഭണങ്ങളിൽ കൂടി സജീവ രാഷ്ട്രീയ രംഗത്ത് കടന്നു വന്നു. 22-ാമത്തെ വയസിൽ അഭിഭാഷകനായി തിരുവല്ലായിൽ പ്രാക്ടീസ് ആരംഭിച്ചെങ്കിലും നിവർത്തന പ്രക്ഷോഭണങ്ങളിലും ഉത്തരവാദിത്വഭരണത്തിനും വേണ്ടി സ്റ്റേറ്റ് കോൺഗ്രസ് ആരംഭിച്ച പ്രക്ഷോഭണങ്ങളിലും പങ്കെടുക്കുകമൂലം ഒരു തികഞ്ഞ രാഷ്ട്രീയ പ്രവർത്തകനായിട്ടാണ് അന്നുമുതൽ അറിയപ്പെട്ടിരുന്നത്. സ്വാതന്ത്ര്യ സമരങ്ങളിൽ പങ്കെടുത്ത് പ്രക്ഷോഭണങ്ങൾ നയിച്ചതിനും മറ്റുമായി അഞ്ച് പ്രാവശ്യം ജയിൽവാസം അനുഭവിച്ചിട്ടുണ്ട്. വിവിധ കേസുകളിലായി 5 വർഷക്കാലം കഠിനതടവിന് ശിക്ഷിക്കപ്പെട്ട ഇദ്ദേഹം രണ്ടര വർഷക്കാലം ജയിൽ വാസം അനുഭവിച്ചിട്ടുണ്ട്. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം വീണ്ടും അഭിഭാഷകവൃത്തിയിലേക്ക് മടങ്ങിയെങ്കിലും അതോടൊപ്പം തന്നെ സജീവ തൊഴിലാളി പ്രവർത്തനങ്ങളിലും ഏർപ്പെട്ടു. പല തൊഴിലാളി പ്രസ്ഥാനങ്ങളുടെയും സ്ഥാപക നേതാക്കളിലൊരാളാണ്. പമ്പാ റിവർ ഫാക്റ്ററി വർക്കേഴ്സ് യൂണിയൻ, മദ്ധ്യതിരുവിതാംകൂർ മോട്ടോർ വർക്കേഴ്സ് യൂണിയൻ, ഇസ്റ്റേൺ എസ്റ്റേറ്റ് വർക്കേഴ്സ് യൂണിയൻ എന്നിവ അവയിൽ ചിലതുമാത്രം. 3 പ്രാവശ്യം കല്ലൂപ്പാറ നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ച് തിരുകൊച്ചി, കേരള നിയമ സഭകളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. മരച്ചീനി അഡ്വൈസറി കമ്മറ്റി, പോസ്റ്റ് ആന്റ് ടെലഗ്രാഫ് അഡ്വൈസറി കമ്മറ്റി, യോഗിക്ക് അഡ്വൈസറി കമ്മറ്റി, ലൈബ്രറി ഗ്രഡേഷൻ കമ്മറ്റി മുതലായ ഗവൺമെന്റ് കമ്മറ്റികളിൽ അംഗമായി പ്രവർത്തിച്ചിട്ടുണ്ട്. സംഘടനാ വിഭാഗത്തിൽ താലൂക്ക് കമ്മറ്റി സെക്രട്ടറി, ഡിസ്ട്രിക്ക് കോൺഗ്രസ് കമ്മറ്റി സെക്രട്ടറി, ഡി. സി. സി. പ്രസിഡന്റ്, നിയമസഭാ പാർട്ടി എക്സിക്യൂട്ടിവ് കമ്മറ്റി മെമ്പർ എന്നീ നിലകളിൽ ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്. രാഷ്ട്രീയ പ്രവർത്തനങ്ങൾക്കിടയിലും കൃഷിയിലും വ്യവസായത്തിലും ഉള്ള താല്പര്യം നഷ്ടപ്പെടുത്തിയിരുന്നില്ല. കല്ലൂപ്പാറ സിൻഡിക്കേറ്റ് ബാങ്ക് എന്നൊരു സ്ഥാപനം രജിസ്റ്റർ ചെയ്ത്, ചിട്ടി, ബാങ്കിങ്ങ് കോൺട്രാക്കറ്റ് മുതലായവ വളരെ പ്രശസ്തമായ രീതിയിൽ നടത്തി വന്നിരുന്നു.

പ്രസ്തുത സ്ഥാപനത്തിന്റെ ചെയർമാൻ ആയിരുന്നു ഇദ്ദേഹം. സമുദായിക രംഗത്ത് പത്തനംതിട്ട കാതോലിക്കേറ്റ് കോളജ്, ഗവേണിങ്ങ് ബോർഡ് മെമ്പർ, കല്ലൂപ്പാറ സിറിയൻ കൺവൻഷൻ ജനറൽ സെക്രട്ടറി എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. സജീവ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ നിന്നും വിരമിച്ച് കൃഷിയിലും, സാമൂഹ്യ പ്രവർത്തനങ്ങളിലും ശ്രദ്ധ പതിപ്പിച്ചു വരവെ സ്തുത്യർഹമായ രാജ്യ സേവനത്തിന് ഇൻഡ്യൻ പ്രധാന മന്ത്രിയിൽ നിന്നും താമ്രപത്രവും പെൻഷനും നിയമസഭാ സമാജികർക്കുള്ള പെൻഷനും ലഭിച്ചിരുന്നു. മാരേട്ട് കുടുംബയോഗത്തിന്റെ രക്ഷാധികാരി കൂടിയായിരുന്ന ഇദ്ദേഹം ഇളംതലമുറയെ സംഘടിപ്പിക്കുന്നതിലും നേരായ മാർഗത്തിലൂടെ നയിക്കുന്നതിലും പ്രത്യേകം താല്പര്യം കാട്ടിയിരുന്നു. ശാരീരിക അസ്വാസ്ഥ്യം മൂലം ഏറെക്കുറെ ശയ്യാവലംബിയായിരുന്ന ഇദ്ദേഹം 1997 ഫെബ്രുവരി 15-ാം തീയതി നിര്യാതനായി. തടിത്തറയിൽ മാത്തൻ വൈദ്യന്റെ മകൾ മറിയാമ്മയായിരുന്നു ആദ്യ ഭാര്യ. ഇതിൽ മോഹൻ എന്നൊരു മകനും ലീലാമണി എന്നൊരു മകളും ജനിച്ചു. തിരുവല്ല കോടിയാട്ട് ചാണ്ടിക്കുഞ്ഞിന്റെ മകൾ കുഞ്ഞമ്മയാണ് രണ്ടാം ഭാര്യ. ഇതിൽ ഷാജി മത്തായി, ജോസ് മത്തായി എന്ന് രണ്ട് പുത്രന്മാർ ഉണ്ട്. കുഞ്ഞമ്മ 2000 ഒക്ടോബർ 10 ന് നിര്യാതയായി.



*എം.എം. മത്തായിയുടെ സഹോദരികൾ*
*ആച്ചിക്കുഞ്ഞ്, ഏലിയാമ്മ, തങ്കമ്മ*

**VI -ലീലാമണി BSc. MEd.**



ഇരവിപേരൂർ ശങ്കരമംഗലത്ത് അഴകിത്തറ മണ്ണിൽ തോമസ് മാത്യു വിവാഹം കഴിച്ചു. ലീലാമണി ചിന്മയാനന്ദാ സ്കൂൾ പ്രിൻസിപ്പൽ ആയിരുന്നു. കൂടാതെ വടക്കേത്തലയ്ക്കൽ മഹാകുടുംബയോഗത്തിന്റെ എറണാകുളം ചാപ്റ്റർ ആദ്യ സെക്രർട്ടറിയും. ലീലാമണി 2021 ആഗസ്റ്റ് 13 ന് നിര്യാതയായി, ഇരവിപേരൂർ മർത്തോമ ദേവാലയത്തിൽ സംസ്കരിച്ചു.

**VI -മോഹൻ മത്തായി BSc, MA, MBA**



*മോഹൻ, ഭാര്യ ആനി*

ദീർഘകാലം അമേരിക്കയിൽ ഉദ്യോഗസ്ഥനായിരുന്നു. ഇപ്പോൾ ജോലിയിൽ നിന്നും വിരമിച്ച് സ്വദേശത്തു തിരിച്ചെത്തി ഇടപ്പള്ളിയിൽ കുടുംബസമേതം സ്ഥിരതാമസ്സമാണ്. അടൂർ അറപ്പുരയ്ക്കൽ എൻ. ജി. ചാക്കോയുടെ മകൾ ഡോ. ആനി മോഹൻ (MSc. PhD.) ആണ് ഭാര്യ. ഇവർക്ക് മക്കൾ ഇല്ല.

**VI -ഷാജി മത്തായി മാരേട്ട് MA., B. Ed.**



*ഷാജി, ഭാര്യ സാലി, പിന്നിൽ നിൽക്കുന്നത്*
*മകൻ അരുൺ, ഭാര്യ നമിത, മകൻ നെയ്ഥൻ, ഷാജിയുടെ പുത്രി മെർലിൻ*

മാരേട്ട് യൂത്ത് വിങ്ങിന്റെ പ്രഥമ പ്രസിഡന്റായിരുന്നു.
ബറോഡായിൽ ഗുജറാത്ത് റിഫൈനറി ഹൈയർ സെക്കൻട്രി സ്കൂളിന്റെ പ്രിൻസിപ്പലായി ദീർഘകാലം സേവനമനുഷ്ഠിച്ചു. ജോലിയിൽ നിന്നും വിരമിച്ച് ഇപ്പോൾ ഗുജറാത്ത് വിദ്യാഭ്യാസ മേഘലയിൽ പ്രവർത്തിക്കുന്ന ഒരു ചാരിറ്റബിൾ ട്രസ്റ്റിന്റെ സെക്രർട്ടറിയായി

സേവനമനുഷ്ഠിക്കുന്നു. ഇദ്ദേഹം ഇംഗ്ലീഷ് മലയാളം ഭാഷകളിൽ ഒരു മികച്ച പ്രസംഗകൻ കൂടിയാണ്. നിരണം മട്ടയ്ക്കൽ പുതുക്കേരിൽ ജോർജ് കുട്ടിയുടെ മകൾ സാലി MSc, BEd ആണ് ഭാര്യ. സാലിയും ബറോഡായിൽ ഗുജറാത്ത് റിഫൈനറി ഹൈയർ സെക്കൻട്രി സ്കൂൾ അദ്ധ്യാപികയായിരുന്നു. അരുൺ എന്നൊരു മകനും മെർലിൻ Bcom(Hon) L.L.B എന്നൊരു മകളും ഉണ്ട്. മെർലിൻ J.P. Morgan എന്ന കമ്പനിയിൽ ലീഗൽ അഡ്വൈസറായി ജോലി ചെയ്യുന്നു.

**VII -അരുൺ മത്തായി മാരേട്ട് M.S.W**

അരുൺ ബറോഡയിൽ സ്വന്തം ബിസിനസ്സ് നടത്തുന്നു. കോട്ടയം പുന്നാപറമ്പിൽ പി.ജെ. കോശിയുടെ മകൾ നമിത മാരേട്ട് M.Com ആണ് ഭാര്യ. നമിത Deloitte & Touche എന്ന കമ്പനിയിൽ ആഡിറ്ററായി ജോലി നോക്കുന്നു. ഇവർക്ക് നെയിഥൻ മത്തായി മാരേട്ട് എന്ന ഒരു പുത്രൻ.

**VI -ജോസ് മത്തായി മാരേട്ട്**




*ജോസ്, ഭാര്യ ബീന, മകൾ ബെക്കി*

മാരേട്ട് കുടുംബയോഗത്തിന്റെ സെക്രട്ടറി, വടക്കേത്തലയ്ക്കൽ യൂത്ത് വിംഗ് പ്രസിഡന്റ് എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. സി. ഇ. എസ്. ഡിപ്ലോമാ നേടിയ ശേഷം കുടുംബസമേതം അമേരിക്കയിൽ ജോലി ചെയ്യുന്നു. പാമ്പാടി കുളത്താമാക്കൽ കെ.കെ. ചാണ്ടിയുടെ മകൾ ബീനയാണ് ഭാര്യ. ബെക്കി എന്ന ഒരു പുത്രിയും.
ബെക്കി അമേരിക്കയിൽ മിറ്റ ( ഫേസ്ബുക്ക് )കമ്പനിയിൽ സീനിയർ മാനേജരായി ജോലി ചെയ്യുന്നു

## മാരേട്ട് ശാഖ.

**III - നൈനാ അവിര മാരേട്ട്**




മാരേട്ട് തറവാട്ടിൽ  താമസിച്ചു. 1090(1914) ചിങ്ങം 11-ാം തീയതി നിര്യാതനായി. കല്ലൂപ്പാറ വലിയ പള്ളിയിൽ സംസ്കരിച്ചു. പ്രധാന തൊഴിൽ കൃഷിയായിരുന്നു. വെണ്ണിക്കുളത്ത് തുണ്ടിയിൽ മറിയാമ്മയായിരുന്നു ആദ്യ ഭാര്യ. ഇതിൽ നൈന എന്നൊരു മകൻ ജനിച്ചു. മറിയാമ്മയുടെ മരണ ശേഷം തുമ്പമൺ തെക്കേവീട്ടിൽ സാറമ്മയെ വിവാഹം കഴിച്ചു. ഇതിൽ ഉമ്മുമ്മൻ, ഫിലിപ്പോസ്, കോര, എ. പീലിപ്പോസ് എന്ന നാലു  പുത്രന്മാരും ഏലിയാ, മറിയ, അച്ചാര് എന്ന് മൂന്നു പുത്രിമാരും ജനിച്ചു. ഫിലിപ്പോസ് ചെറുപ്പത്തിലേ നിര്യതനായി.ഏലിയാമ്മയെ പോരുവഴി അമ്പാട്ട് വിവാഹം കഴിച്ചു. അച്ചാരെ വെണ്ണിക്കുളത്ത് പെരുമ്പ്രാൽ  വിവാഹം കഴിച്ചു. മറിയയെ മാന്നാർ അരികുപുറത്ത് പാപ്പി വിവാഹം കഴിച്ചു.

**IV -നൈന**

സമ്പാദ്യശീലനായിരുന്നു. മാരേട്ട് കുടുംബത്തിനുവേണ്ടി ധാരാളം വസ്തുവകകൾ സമ്പാദിച്ചു. ഇരവിപേരൂർ ശങ്കരമംഗലത്ത് കരിക്കാട്ട് ഉമ്മച്ചന്റെ മകൾ മറിയാമ്മയായിരുന്നു ഭാര്യ. ഏബ്രഹാം (ഏബ്രഹാം മാർത്തോമ്മ) എന്നൊരു മകനും മറിയാമ്മ, ആച്ചിക്കുഞ്ഞ് എന്ന് രണ്ടു പുത്രിമാരും ജനിച്ചു. മകൾ മറിയാമ്മയെ തിരുവല്ല ചാലക്കുഴിയിൽ പൗലോച്ചൻ വിവാഹം കഴിച്ചു. ആച്ചിക്കുഞ്ഞിനെ തുമ്പമൺ തെക്കേവീട്ടിൽ കടമ്പനാട് കിഴക്കേതിൽ ചാക്കോച്ചൻ വിവാഹം കഴിച്ചു.

**V -ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്താ**



മലങ്കര ഓർത്തഡോക്സ് സഭയിൽ ഒരു പ്രശസ്ത കുടുംബമായ മാരേട്ട് കൊല്ലവർഷം 1056 തുലാമാസം 17-ാം തീയതി ജനിച്ചു. മാർത്തോമ്മാ -സഭയിലെ മെത്രാപ്പോലീത്താ ആയിത്തീർന്ന ഒരു വൈദീക ശ്രേഷ്ഠനായിരുന്നു ഇദ്ദേഹം. ഒരു അല്മെനിയായിരിക്കുമ്പോൾ തന്നെ മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുക എന്നുള്ള പദവിയും, മലങ്കര സുറിയാനിക്കാരുടെ കൂട്ടത്തിൽ രണ്ടാമതായും മാർത്തോമ്മാ സഭയിൽ ഒന്നാമതായും വൈദീകപട്ടം ഏറ്റ് ഗ്രാഡ്വേറ്റ് എന്ന് പദവിയും ഇദ്ദേഹത്തിനായിരുന്നു. ഒന്നാമത്തെ ബിരുധദാരി വൈദീകൻ ഫാദർ പി. റ്റി. ഗീവറുഗീസ് (മാർ ഈവാനിയോസ്) ആയിരുന്നു. മാർത്തോമ്മാ സഭയിൽ ഇന്നുവരെ ഉണ്ടായിട്ടുള്ള മെത്രാന്മാരിൽ എതിർ സ്ഥാനാർത്ഥികളില്ലാതെ സർവ്വ സമ്മതനായി പട്ടക്കാരും, അത്മായ പ്രതിനിധികളുമടങ്ങുന്ന ആലോചന സഭയിലും തെരഞ്ഞെടുക്കപ്പെട്ടവർ രണ്ടുപേർ മാത്രമായിരുന്നു. മക്കൾ ജനിച്ചശേഷം നൈനാച്ചൻ അകാലചരമം പ്രാപിച്ചു. ഭർത്താവിന്റെ മരണശേഷം നൈനാച്ചന്റെ ഭാര്യ മറിയാമ്മ സ്വഗ്രഹമായ ഇരവിപേരൂർ ശങ്കരമംഗലത്ത് കരിക്കാട്ട് പോയി താമസിച്ചു. ഏകമാതുലനായ കരിക്കാട്ട് ഉമ്മച്ചൻ ഭാഗിനേയനെ പുത്രനിർവിശേഷമായ വാത്സല്യത്തോടെയാണ് വളർത്തിയത്. മാർത്തോമ്മാ വിശ്വാസികളായ മാതൃഗൃഹത്തിൽ വളർന്നതിനാൽ ഇദ്ദേഹവും മാർത്തോമ്മാ വിശ്വാസിയായിത്തീർന്നു. തിരുവല്ല ഇംഗ്ലീഷ് മിഡിൽ സ്കൂളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചു. കോട്ടയം സി. എം. എസ്. ഹൈസ്കൂളിലും ത്രിശിനാപ്പള്ളി എസ് പി. ജി. കോളേജിലും മദ്രാസ് ക്രിസ്ത്യൻ കോളജിലും ഇദ്ദേഹം ഇംഗ്ലീഷ് വിദ്യാഭ്യാസം തുടർന്നു. പഠിക്കുന്ന കാലത്തുതന്നെ ഭക്തിശിരോമണികളായിരുന്ന റവ. മൂർ (സി. എം. എസ് കോളേജ്), ശ്രീ. ഐ. ഇട്ടി, റവ. പെക്കൻഹാം വാഷ് (എസ്. പി. ജി. കോളജ്), റവ. ഡോ. സ്കിന്നർ (എം. സി. സി), മദ്രാസ്, റവ. ഡോ. ഹോഗു എന്നിവരുമായുള്ള സഹവാസം ഇദ്ദേഹത്തിന് വളരെ പ്രയോജനപ്പെട്ടു. ബി. എ. ഡിഗ്രി കരസ്ഥമാക്കിയശേഷം 1085 ൽ കൂടിയ ആലോചനാസഭ എപ്പിസ്കോപ്പാ സ്ഥാനത്തേക്ക് ഐകകണ്ഠേന തെരഞ്ഞെടുത്തു. തിത്തൂസ് രണ്ടാമൻ മാർത്തോമ്മ മെത്രാപ്പോലീത്തായിൽ നിന്ന് 1086 മേടം 19-ാം തീയതി ശെമ്മാശുപട്ടം സ്വീകരിച്ചു. 1087 കർക്കടകത്തിൽ കാനഡാ യിൽ റ്റോറൻറോ പട്ടണത്തിലെ വിക്ലിഫ് കോളേജിൽ വൈദീക പഠനത്തിനായി പോയി. അവിടെ നിന്ന് എം. എയും ഡി. ഡിയും ഡിഗ്രികൾ എടുത്ത ശേഷം മടക്കയാത്രയിൽ ഇംഗ്ലണ്ട് മുതലായ പാശ്ചാത്യ രാജ്യങ്ങളിൽ സന്ദർശനം നടത്തുകയും കെസ്വിക്ക് മുതലായ മഹായോഗങ്ങളിൽ സംബന്ധിക്കുകയും ചെയ്തു. 1090 തുലാമാസത്തിൽ സസുഖം നാട്ടിൽ തിരി ച്ചെത്തി. 1927ൽ ഇദ്ദേഹം പാലസ്തീൻ നാടും സന്ദർശിച്ചു. 1091 വൃശ്ചികം 20-ാം തീയതി ഇരവിപേരൂർ മാർത്തോമ്മാ പള്ളിയിൽ വച്ച് കശീശാപട്ടം സ്വീകരിച്ചു. കുറച്ചുകാലം

ഇടവക വികാരിയായും പൊതുപ്രവർത്തകനായും സേവനമനുഷ്ഠിച്ചു. 1093 ധനു 14-ാം തീയതി മലങ്കരയുടെ തീത്തൂസ് ദ്വിദീയൻ മാർത്തോമ്മാ മെത്രാപ്പോലിത്താ, തോഴിയൂർ മെത്രാപ്പോലീത്താ യുടെ സഹകരണത്തോടുകൂടി ഇദ്ദേഹത്തെ എപ്പിസ്കോപ്പായായി സ്ഥാനാഭിഷേകം ചെയ്തു. 1093 മുതൽ 1119 വരെ ഇദ്ദേഹം സഫ്രഗൻ മെത്രാപ്പോലീത്താ ആയിരുന്നു. സഭയുടെ നാനാവിധമായ പുരോഗതിക്കായി ഇദ്ദേഹം പ്രവർത്തിച്ചു. സ്ത്രീജന സേവികാസംഘം, യുവജനസഖ്യം, വനിതാ മന്ദിരം, അനാഥശാലകൾ മുതലായവ സ്ഥാപിക്കുന്നതിൽ മുൻകൈ എടുത്തു. മാരാമൺ കൺവൻഷൻ ഏറ്റെടുത്ത്  തന്റെ ഉജ്വലമായ പ്രസംഗങ്ങൾ കൊണ്ടും ഡോ. സ്റ്റാൻലി ജോൺസ് മുതലായ ജഗൽ പ്രസിദ്ധരായ മിഷ്യനറിമാരെ വരുത്തി പ്രസംഗിപ്പിച്ചും ആ മഹായോഗം കൂടുതൽ ആകർഷകമാക്കുകയും അനുഗ്രഹപ്രദമാക്കുകയും ചെയ്തു. 1943ൽ തീത്തൂസ് ദ്വിതീയൻ മെത്രാപ്പോലീത്താ കാലം ചെയ്തപ്പോൾ ഇദ്ദേഹം തൻറ സഭയുടെ മെത്രാപ്പോലീത്തായായി അവരോധിക്കപ്പെട്ടു. പ്രമേഹരോഗം പിടിപെട്ടും കഠിനാദ്ധ്വാനം മൂലം ആരോഗ്യം ക്ഷയിച്ചതിനാലും നാല് വർഷം മാത്രമെ ഇദ്ദേഹത്തിന് മെത്രാപ്പോലീത്തയായി ഭരിക്കുന്നതിന് സാധിച്ചുള്ളു. ഇദ്ദേഹത്തിന്റെ ബഹുമുഖമായ നേട്ടങ്ങൾ എക്കാലത്തും സ്മരിക്കപ്പെടും. 1947 സെപ്റ്റംബർ 1-ാം തീയതി ഇദ്ദേഹം കാലം ചെയ്തു.

**IV -ഉമ്മുമ്മൻ മാരേട്ട് മാരുമണ്ണിൽ**

പ്രധാന തൊഴിൽ കൃഷിയായിരുന്നു. ഇദ്ദേഹത്തിന് 36-ാമത്തെ വയസ്സിൽ അസുഖം ബാധിച്ച് സഹോദരൻ എ. പീലിപ്പോസ് മദ്രാസിൽ പഠിക്കുന്ന കാലത്ത് ഒരു ഓപ്പറേഷനുവേണ്ടി മദ്രാസിൽ കൊണ്ടുപോകയും ഓപ്പറേഷനോടുകൂടി 1906 മാർച്ച് 8-ാം തീയതി മദ്രാസിൽ വച്ച് നിര്യാതനാവുകയും മദ്രാസിൽ കിക്ക് ശ്മശാനത്തിൽ സംസ്കരിക്കുകയും ചെയ്തു. പുത്തൻകാവ് മാമ്മൂട്ടിൽ കൊച്ചീത്തമ്മയായിരുന്നു ഭാര്യ. ഭാര്യ 32-ാമത്തെ വയസിൽ മരണമടഞ്ഞു. എം. ഒ. ഏബ്രഹാം (കൊച്ചുകുഞ്ഞ്), എം. ഒ.  ഈപ്പൻ (കൊച്ചീപ്പച്ചൻ), എം. ഒ. നൈനാൻ (കുഞ്ഞേനാച്ചൻ) എന്ന് മൂന്ന് ആൺ മക്കൾ ജനിച്ചു.

**V -എം. ഒ. ഏബ്രഹാം (കൊച്ചുകുഞ്ഞ്)**

സിവിൽ എൻജിനീയറിങ്ങ് കരസ്ഥമാക്കി  കുറച്ചുനാൾ ഉദ്യോഗം നോക്കിയിരുന്നു. ജോലി ഉപേക്ഷിച്ച് വീട്ടിൽ തിരിച്ചെത്തി കൃഷി കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തി കഴിഞ്ഞുവന്നു. 1973 നവംബർ 26-ാം തീയതി 85-ാമത്തെ വയസിൽ നിര്യാതനായി. കല്ലൂപ്പാറ അമ്പാട്ടു ഭാഗം സെന്റ് മേരീസ് കത്തോലിക്കാ പള്ളിയിൽ സംസ്കരിച്ചു. അയിരൂർ കുരുടാമണ്ണിൽ ശീമോന്റെ മകൾ അന്നാമ്മയായിരുന്നു ഭാര്യ. അന്നാമ്മയെയും മരണശേഷം ലൂർഡ് മാതാ പള്ളിയിൽ (ഈട്ടിക്കൽ പള്ളി )  സംസ്കരിച്ചു. എം. എ. ഉമ്മൻ (ഉമ്മച്ചൻ), എം. എ. സൈമൺ (കൊച്ചുണ്ണൂണ്ണി), എം. എ. പീലിപ്പോസ് (പീലിപ്പോച്ചൻ), എം. എ. ആൻറണി, എം. എ. ജോസഫ് (ഔസേപ്പച്ചൻ) എന്ന് 5 പുത്രന്മാരും, കെച്ചീത്തമ്മ, മറിയാമ്മ, സാറാമ്മ, ത്രസ്യാമ്മ  എന്ന് 4 പുത്രിമാരും ജനിച്ചു. കൊച്ചീത്തമ്മ കന്യാസ്ത്രീയായി ഡൽഹിയിൽ സേവനമനുഷ്ഠിച്ചു വരവെ നിര്യാതയായി. മറിയാമ്മയെ കാവാലം കനകപ്പാലം മണലിൽ ജോസഫ് വിവാഹം കഴിച്ചു. സാറാമ്മയെ എരുമേലി പുല്ലുകാട്ട് ഫിലിപ്പ് വിവാഹം കഴിച്ചു. ത്രസ്യാമ്മയെ ഇലന്തൂർ താഴയിൽ തോമസ് കുട്ടി വിവാഹം കഴിച്ചു.

**VI - <u>എം.എ. ഉമ്മൻ</u> (ഉമ്മച്ചൻ )**



*ഉമ്മച്ചനും ഭാര്യ ശോശാമ്മയും*

.ഇന്റർമീഡിയറ്റ് പാസ്സായശേഷം, വൈദീക പട്ടം സ്വീകരിക്കാൻ സിലോൺ കാൻഡി സെമിനാരിയിൽ പഠിച്ചുകൊണ്ടിരിക്കെ പഠനം പൂർത്തികരിക്കാതെ തിരികെയെത്തി. കൂത്രപ്പള്ളിൽ ഇലവും മൂട്ടിൽ ഔസേപ്പ് ( കൂത്രപ്പള്ളി ദൈവം) മകൾ ശോശാമ്മയെ വിവാഹം കഴിച്ചു. ജഗന്തൻ , മാർട്ടിൻ, ഫെലിക്സ് മേരി ദാസ് എന്നീ പുത്രന്മാരും റോസമ്മ, മല്ലിക, ലൂസി, ജമ്മ എന്നീ പുത്രിമാരും ജനിച്ചു. റോസമ്മ അവിവാഹിതയായി മരിച്ചു. മല്ലികയെ ഇരവിപേരൂർ കടവിൽ മാത്യൂസ് വിവാഹം കഴിച്ചു. ലൂസിയെ ആളൂർ വടക്കേപീടികയിൽ Hon. Capt. വി. ജെ. ഇട്ടൂപ്പ് മകൻ കേണൽ ആൻറണി വിവാഹം കഴിച്ചു. ജമ്മയെ മുളന്തുരുത്തി താന്നിക്കുഴിയിൽ റിട്ടയർഡ് എസ്. ബി. റ്റി.മാനേജർ റ്റി. സി. കുര്യൻ മകൻ ജോയ് കുര്യൻ വിവാഹം കഴിച്ചു. എം.എ. ഉമ്മാൻ 1974 സെപ്തംബര് 17 നും, ഭാര്യ ശോശാമ്മ 1998 ജൂൺ 20 നും നിര്യാതരായി . രണ്ടു പേരെയും അമ്പാട്ടുഭാഗം സിന്റ്. മേരീസ് മലങ്കര കാത്തോലിക്ക ദേവാലയത്തിൽ സംസ്കരിച്ചു.

**VII -ജഗന്തൻ**



*ജഗന്തനും കുടുംബവും*
*(ഇടത്തു നിന്നും: എമിൽ, വിമ്മ്യ, മേരി, ജഗന്തൻ )*


ബിരുദാനന്തരബിരുദ പഠനശേഷം ഗൾഫു രാജ്യങ്ങളിൽ ജോലിചയ്തു. മുത്തൂറ്റ് ഫൈനാൻസിയേഴ്സ് പുനാ ശാഖയിൽ മാനേജർ ആയും പ്രവർത്തിച്ചു. കൂത്താട്ടുകുളം ഓലികുന്നേൽ ഉലഹന്നാൻ മകൾ മേരിയെ വിവാഹം കഴിച്ചു. M.Sc നഴ്സിംഗ് പാസ്സായി ലെഫ്റ്റനന്റ് കേണൽ തസ്തികയിൽ നിന്ന് വിരമിച്ച ശേഷം പൂനെ ഫർഗൂസൺ നഴ്സിംഗ് കോളേജ്

പ്രിൻസിപ്പൽ ആയും മേരി പ്രവർത്തിച്ചു.  എമിൽ ( സോഫ്റ്റ്‌വെയർ എഞ്ചിനീയർ) ഏക മകനാണ് . ഭാര്യ വിമ്മ്യ ( സോഫ്റ്റ്‌വെയർ എഞ്ചിനീയർ) .

**VII -മാർട്ടിൻ**

B.Sc , L .L .B  ബിരുദധാരിയാണ്. ഗൾഫ് നാടുകളിൽ ഉദ്യോഗങ്ങൾ വഹിച്ച ശേഷം ഇപ്പോൾ സ്വിട്സര്ലാണ്ടിൽ കുടുംബമായി താമസമാണ്. കുറവിലങ്ങാട്  കൂട്ടിലാമ്പൽ   ജോൺ മകൾ മേരിയാണ്  ഭാര്യ. മക്കൾ ഡോക്ടർ സംഗീത, ഡോക്ടർ സ്മിത.


**VII -ഫെലിക്സ് മേരി ദാസ്**



*ഫെലിക്സ്, ഭാര്യ തെരേസ,  പുത്രി ആഗ്നൽ, പുത്രൻ ഗ്ലാഡ്‌വെൽ*

സസ്യ ശാസ്ത്രത്തിൽ ബിരുദം നേടിയ ശേഷം നിയമത്തിൽ ബിരുദാനന്തരബിരുദം പൂനെ യൂണിവേഴ്‌സിറ്റിയിൽ നിന്നും കരസ്ഥമാക്കി. പൂനെ യൂണിവേഴ്‌സിറ്റി സെനറ്റ് മെമ്പർ, സ്റ്റുഡന്റ് സ്‌കൌൺസിൽ മെമ്പർ എന്നീ നിലകളിലും പ്രവർത്തിച്ചിരുന്നു. കേരളാ ഹൈക്കോടതിയിൽ അഭിഭാഷകനായിരിക്കെ 1992 ൽ മുൻസിഫ് മജിസ്‌ട്രേറ്റ് ആയി. ജില്ലാ-സെഷൻസ് ജഡ്ജിയായി വിരമിച്ച ശേഷം മാരേട്ട് കുടുംബയോഗ പ്രെസിഡന്റായി പ്രവർത്തിച്ചു വരുന്നു. നിറമുള്ള ചിന്തകൾ എന്ന കാവ്യ സമാഹാരത്തിന്റയും, അഹം ബ്രഹ്മാസ്മി എന്ന ലേഖന സമാഹാരത്തിന്റയും  കർത്താവാണ്. ഭാര്യ തെരേസ രാമപുരം തടത്തിൽ പുത്തൻപുരയിൽ റ്റി . ജെ . ആന്റണി( റിട്ട. അദ്ധ്യാപകൻ) മകൾ. തെരേസ നിയമത്തിൽ ബിരുദാനന്തര ബിരുദധാരിയാണ്. കേരള ഹൈക്കോടതിയിൽ അഭിഭാഷകയായും, സേലം സെൻട്രൽ ലോ കോളേജിൽ അധ്യാപികയായും  പ്രവർത്തിച്ചിട്ടുണ്ട്.  മാക്സ്‌വെൽ(എഞ്ചിനീയർ ) , ഗ്ലാഡ്‌വെൽ ( എഞ്ചിനീയർ) എന്നീ രണ്ടു പുത്രന്മാരും , ഡോക്ടർ ആഗ്നൽ എന്ന  ഒരു പുത്രിയും  ഉണ്ട്. കർണാടക സ്വദേശിനി അക്കമഹാ ദേവി ഹിരേമഠ് (എഞ്ചിനീയർ) ആണ്  മാക്സ്‌വെല്ലിന്റെ ഭാര്യ. ഇരുവരും എൻജിനീയേഴ്‌സായി അമേരിക്കയിൽ ജോലി നോക്കുന്നു.

**മാക്സ്‌വെൽ ഫെലിക്സ്**



*ഫെലിക്സിന്റെ മൂത്ത പുത്രൻ  മാക്സ്‌വെൽ, ഭാര്യ അക്കമഹാ ദേവി ഹിരേമഠ്*

**VI -എം. എ.സൈമൺ (കൊച്ചുണ്ണൂണ്ണി)**

വിദ്യാഭ്യാസത്തിനുശേഷം കുറച്ചു വർഷക്കാലം മിലട്ടറി സർവ്വീസിൽ സേവനമനുഷ്ഠിച്ചു. അതിനുശേഷം തിരുവനന്തപുരത്ത് മെട്രോളജി ഡിപ്പാർട്ട്മെൻറിൽ ഉദ്യോഗസ്ഥനായി സേവനമനുഷ്ഠിച്ച് പെൻഷൻ പറ്റി. തിരുവനന്തപുരം ജവഹർ നഗറിൽ സ്ഥിരതാമസമാക്കിയിരിക്കുന്നു. പാമ്പാടി കോവുകുന്നേൽ അന്നമ്മയാണ് ഭാര്യ. അന്നമ്മ അദ്ധ്യാപികയായിരുന്നു. സൈമണും ഭാര്യ അന്നമ്മയും നിര്യാതരായി. രണ്ടുപേരെയും തിരുവനന്തപുരത്ത് സംസ്കരിച്ചു. ഷിബു എസ്. മാരേട്ട്, അജു എസ്. മാരേട്ട്, ബിജു എസ് മാരേട്ട് എന്ന് മൂന്ന് പുത്രന്മാരും മൻജു എസ് മാരേട്ട് എന്ന ഒരു പുത്രിയും ഉണ്ട്. മൻജു എസ് മാരേട്ട് വിവാഹിതയാണ്.

**VII -ഷിബു എസ്. മാരേട്ട് (MSc, BE)**

എസ്. എസ്. എൽ. സി. മുതൽ ഡിഗ്രി വരെ എല്ലാ ക്ലാസുകളിലും ഫസ്റ്റ് ക്ലാസ്സ് വാങ്ങി വിജയിച്ച ഒരാളാണ്. മാസഗോൺ ഡോക്ക് മാംഗളൂരിൽ അസിസ്റ്റന്റ് മാനേജരായി ജോലി നോക്കുന്നു. കോഴിക്കോട്ട് സി. പി. ദേവസിക്കുട്ടിയുടെ മകൾ ഡോ. പ്രഭ (MSC PHD) യാണ് ഭാര്യ. പ്രഭ ICAR കാസർകോട്ട് സൈന്റിസ്റ്റായി ജോലി നോക്കുന്നു. ഷെറിൻ എന്നൊരു മകൻ.


**VII -അജു എസ് മാരേട്ട് BSc BE (ഇലട്രിക്കൽ എൻജിനീയർ)**

എസ്. എസ്. എൽ. സി. മുതൽ ഡിഗ്രി വരെ ഫസ്റ്റ് ക്ലാസ്സ് വാങ്ങി വിജയിച്ചു. എൻ. റ്റി. പി. സി. രാമഗുണ്ടത്ത് സേവനമനുഷ്ഠിക്കുന്നു. (ഡപ്യൂട്ടി സൂപ്രണ്ട്) ഉള്ളൂർ സെന്റ് തോമസ് കോട്ടേജിൽ സി. കെ. തോമസിന്റെ മകൾ മോളി MSc, BEd ആണ് ഭാര്യ. മോളി അദ്ധ്യാപികയായി സേവനമനുഷ്ഠിക്കുന്നു.

**VII- ബിജു എസ് മാരേട്ട് (BSc BE)**

ഇദ്ദേഹം എസ്. എസ്. എൽ. സി. മുതൽ ഡിഗ്രി വരെ ഫസ്റ്റ് ക്ലാസ്സ് വാങ്ങി വിജയിച്ചു. ഇദ്ദേഹം സിവിൽ എൻജിനീയർ ആണ്. മദ്രാസിൽ ഇൻഡ്യൻ എയർലൈൻസിൽ മെയിൻറൻസ് എൻജിനീയറായി സേവനമനുഷ്ഠിക്കുന്നു. വിവാഹിതനാണ്.

**VI -എം. എ. ഫീലിപ്പോസ് (ബി. കോം.) (പീലിപ്പോച്ചൻ)**



തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിൽനിന്നും 1956 ൽ ബി. കോം പാസ്സാവുകയും കെ.സ്.ർ.ടി.സി യിൽ ഡി.ടി.ഒ ആയി റിട്ടയർ ചയ്തു, തിരുവനന്തപുരം നാലാഞ്ചിറയിൽ സ്ഥിരതാമസമാക്കി.

. ചേപ്പാട്ട് ഞാപ്പള്ളിൽ ഗിരാസ്താർ പാപ്പച്ചന്റെ മകൾ ഏലിയാമ്മ( കുഞ്ഞമ്മ) യാണ് ഭാര്യ. എ. പീലിപ്പോസ് (ജിജി), ഡി. പി. മാരേട്ട് (ബിജു), സൈമൺ പി. മാരേട്ട് (ബോബി) എന്ന് മൂന്ന് പുത്രന്മാരും ജോളി പി. മാരേട്ട്, ജാസ്മിൻ മാരേട്ട് എന്ന് രണ്ടു പുത്രിമാരും ഉണ്ട്.

**VII -ഡോ .എ. ഫീലിപ്പോസ് MSW, Ph.D (ജിജി)**




*ജിജി, ഭാര്യ ആഷ, മാതാവ് കുഞ്ഞമ്മ*

തിരുവനന്തപുരം മാർ ഈവാനിയോസ് കോളജ്, ലയോള കോളജ് അണ്ണാമല യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ നിന്നും ബിരുദവും സാമൂഹ്യപ്രവർത്തനത്തിൽ പോസ്റ്റ് ഗ്രാഡ്വേറ്റ് ബിരുദവും നേടിയശേഷം തിരുവനന്തപുരം വൈ. എം. സി. എ. റൂറൽ ഡവലപ്പ്മെന്റ് പ്രോജക്റ്റ് ഓഫീസർ, കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈൻഡ് പ്ലെയിന്റ് ഓഫീസർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കേന്ദ്ര സാമൂഹ്യ ക്ഷേമ ബോർഡിൽ പ്രൊജക്റ്റ് ഓഫീസർ, കേരളം, ലക്ഷദ്വീപ്, ത്രിപുര, ആൻഡമാൻ എന്നീ സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിൽ സെക്രട്ടറിയായും കേരള സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചാലൻജ്ഡ് ഡയറക്ടർ ആയും പ്രവർത്തിച്ചു കേന്ദ്ര സാമൂഹ്യ ക്ഷേമ ബോർഡിൽ നിന്നും ജോയിന്റ് ഡയറക്ടർ ആയി റിട്ടയർ ചെയ്തു. 2021 ലെ ഏറ്റവും നല്ല സാമൂഹിക പ്രവർത്തകനുള്ള ഭിം റാവു അംബേക്കർ അവാർഡിന് അർഹനായി. ഇപ്പോൾ തിരുവനന്തപുരത്തു ബോധോദയ കൗൺസിലിംഗ് സെന്ററിൽ ചീഫ് കൗൺസിലർ ആയി ജോലി ചെയ്യുന്നു. ഭാര്യ വയലത്തല കുഴിയമ്മണ്ണിൽ സി.എൻ. വർഗ്ഗീസിന്റെ മകൾ  ആഷാ എബ്രഹാം

നാലാഞ്ചിറ സർവോദയാ വിദ്യാലയത്തിൽ ഹൈസ്കൂൾ വിഭാഗം( I.C.S.E) അദ്ധ്യാപികയായി ജോലി നോക്കുന്നു.

**VII-ജോളി പി. മാരേട്ട് (MSc, BEd)**



*പീലിപ്പോച്ചന്റെ മൂത്ത മകൾ  ജോളി, ഭർത്താവ് അനിയനും കുടുംബവും*

ജോളി പി. മാരേട്ടി (MSc BEd) നെ തിരുവനന്തപുരം ഉള്ളൂർ ബേബി സ്റ്റോർ ഉടമ തെക്കേടത്ത് വിജയവിലാസിൽ വി. ഐ. മത്തായിയുടെ മകൻ അഡ്വ. ജോസഫ് മാത്യു (അനിയൻ)-നോട്ടറി പബ്ലിക്, വിവാഹം കഴിച്ചു. ജോളി പട്ടം സെൻറ് മേരീസ് ഹൈസ്കൂൾ അദ്ധ്യാപികയായി റിട്ടയർ ചയ്തു. ഇവർക്ക് അഞ്ജു , അന്നു  എന്ന രണ്ടു പുത്രിമാർ. പുത്തൻകാവ് ആലുമൂട്ടിൽ പ്രൊഫ. എ. പി ജോർജിന്റെ പുത്രൻ രഞ്ജിത്ത് അഞ്ജുവിനെ ചയ്തു.ഇവർക്ക് ജൊഹാൻ എന്ന ഒരു പുത്രനും ജിയാ എന്ന പുത്രിയും. അഞ്ചു എം.ടെക്. കമ്പ്യൂട്ടർ സയൻസ് കഴിഞ്ഞു ടെക്നോപാർക്കിൽ ജോലി ചെയുന്നു. പത്തനംത്തിട്ട പുത്തൻപീടിക വടുതല മേലേതിൽ ജോർജ് ഡാനിയേൽ മകൻ മെൽവിൻ അന്നുവിനെ വിവാഹം ചയ്തു. ഇവർക്ക് മന്ന എന്ന പുത്രിയും ലൂക്ക് എന്ന പുത്രനും.അന്നു  എം .ഡി.സ് (ദന്ത ഡോക്ടർ) കഴിഞ്ഞു സ്വന്തവുമായി ഒരു ക്ലിനിക് നടത്തുന്നു.

**VII-ഡോ.ജാസ്മിൻ മാരേട്ട് BSc, B.Tech, M.Tech, PhD, Dip(CAD)**




*പീലിപ്പോച്ചന്റെ രണ്ടാമത്തെ മകൾ ജാസ്മിൻ , ഭർത്താവ് ജോസ്, മക്കൾ ജിബി, ജിനോ, ജോയൽ*

ഡോ.ജാസ്മിൻ മാരേട്ടിനെ തിരുവനതപുരം  കുമാരപുരത്ത് കുന്നത്തേടത്ത്  ശാസ്ത്രരത്ന പ്രൊഫ. ഡോ. കെ. റ്റി. ആഗസ്റ്റിൻറ മകൻ ജോസ് അഗസ്റ്റിൽ (റെഞ്ചി) വിവാഹം കഴിച്ചു. ജോസ്

അഗസ്റ്റിൻ അഗ്രികൾച്ചറൽ ഓഫീസർ ആണ് .ഇവർക്ക് ഡോ. ജിബി കുന്നത്തേടം (ഡോക്ടർ), ഡോ. ജിനോ കുന്നത്തേടം (ദന്തഡോക്ടർ), ജോയൽ കുന്നത്തേടം (കാന്റർബറി യൂനിവേഴ്സിറ്റിയിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥി), എന്ന് മൂന്നു പുത്രന്മാർ. ഡോ.ജാസ്മിൻ മാരേട്ട് കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്നും B.Tech, M.Tech,PhD(സയൻസ് ആൻഡ് ടെക്നോളജി) , എന്നിവ കരസ്ഥമാക്കി. തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിൽ B.Sc കെമിസ്ട്രി എടുത്തു. ഈ അവസരത്തിൽ ജാസ്മിൻ കോളേജ് യൂണിയൻ വൈസ് ചെയർവുമൺ ആയിരുന്നു. തിരുവനന്തപുരം ഹിന്ദുസ്ഥാൻ ലാടക്സ് ലിമിറ്റഡിൽ ശാസ്ത്രജ്ഞയായി ജോലി ചെയ്തിരുന്നു. കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ തന്നെ അദ്ധ്യാപികയും സെനറ്റ് മെമ്പറും ആയിരുന്ന ജാസ്മിൻ മാരേട്ട് ഇപ്പോൾ ന്യൂസിലാൻഡിൽ സെന്റ് കെവിൻസ് കോളേജിൽ കമ്പ്യൂട്ടർ സയൻസ് വിഭാഗം മേധാവിയാണ്. ഇവർ കഴിഞ്ഞ 26 വർഷക്കാലമായി കുടുംബസമേതം ന്യൂസിലാൻഡിൽ താമസിക്കുന്നു.

**VII -ഡി. പി. മാരേട്ട് M.A(ബിജു)**



*ഡി.പി. മാരേട്ടും, കുടുംബവും*

തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജില്നിന്നും ബി.എ ഇക്കണോമിക്സ്, തിരുവനന്തപുരം ആർട്സ് കോളേജിൽ നിന്നും എം.എ ഇക്കണോമിക്സ്, പ്രസ് ക്ലബ്ബിൽ നിന്നും ജേർണലിസം ഡിപ്ലോമ എന്നിവ നേടിയ ശേഷം കേന്ദ്ര ഗവൺമെന്റ് സെൻട്രൽ സയൻസ് ആൻഡ് ടെക്നോളജി (C.S.I.R ) വിഭാഗത്തിൽ സീനിയർ അക്കൗണ്ട്സ് ഓഫീസർ ആയും, ഇപ്പോൾ കേന്ദ്ര ഗവണ്മെന്റ് സ്ഥാപനമായ നാഷണൽ സെന്റര് ഫോർ എർത്ത് സയൻസ് സ്റ്റഡീസിൽ( C.E.S.S) രെജിട്രാർ ആയും ജോലി നോക്കുന്നു. ടെലിവിഷൻ അവതാരകനായും, നല്ല ഒരു ഗായകനായും, മികച്ച ഒരു പ്രസംഗകനായും ശ്രദ്ധ നേടിയിട്ടുണ്ട്. അടൂർ പാണൻതുണ്ടിയിൽ ഡോ. പി. വി. ജോർജിന്റെ മകൾ ആശ (എം. എസി.,എം.ഫിൽ, ബി. എഡ്.) ആണ് ഭാര്യ. തിരുവനതപുരം വഴുതക്കാട് കാർമൽ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപികയാണ് . ഇവർക്ക് ഫിലിപ്പ് ഡാനിയേൽ മാരേട്ട് (സച്ചു ), ജോർജ് ഡാനിയേൽ മാരേട്ട് (സോജു) എന്ന രണ്ടു പുത്രന്മാരും, ഷാലു ഡാനിയേൽ മാരേട്ട് എന്ന ഒരു പുത്രിയും ഉണ്ട്. ഫിലിപ്പ് ഡാനിയേൽ മാരേട്ട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസേർച് (IISER ), വിതുരയിൽ ഇന്റഗ്രേറ്റഡ് Ph.D ക്കു പഠിക്കുന്നു. ജോർജ് ഡാനിയേൽ മാരേട്ട് തിരുവനതപുരം ഗവൺമെന്റ് എഞ്ചിനീയറിംഗ്

കോളേജിൽ അവസാന വർഷ മെക്കാനിക്കൽ വിദ്യാർഥിയാണ്. പുത്രി ഷാലു .ബാർട്ടൺ എഞ്ചിനീയറിംഗ്  കോളേജിൽ നിന്നും ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് ബി.ടെക് പൂർത്തിയാക്കി.

**VII -ഡോ.സൈമൺ പി. മാരേട്ട് (ബോബി ) MBBS, MS, FRCS**



*ഡോ.സൈമൺ പി. മാരേട്ട്, ഭാര്യ ഷൈബി, മക്കൾ മാറിയ, മിഖ*

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും MBBS ഉം, മദ്രാസ് മെഡിക്കൽ കോളേജ്, എം.ജി,ആർ.യൂണിവേഴ്സിറ്റിയിൽ നിന്നും ഓർത്തോപീഡിക് സര്ജറിയിൽ മാസ്റ്റർ ബിരുദവും കരസ്ഥമാക്കി, ഇപ്പോൾ ഇംഗ്ലണ്ടിൽ ജോലി ചെയ്യുന്നു ഭാര്യ ഷൈബി ചങ്ങനാശ്ശേരി കോടാമ്പള്ളത്തു കുടുംബാംഗം ആണ്. ഇവർക്ക് മാറിയ, മിഖ എന്ന രണ്ടു പുത്രിമാർ ഉണ്ട്.

**VI -എം. എ. ആൻറണി (AMIE)**



*ആന്റണി, ഭാര്യ സൂസന്ന*

അസമിലെ ഒരു പോളിടെക്നിക്കിൽ സിവിൽ എഞ്ചിനീയറിംഗിൽ ലക്ചററായും തുടർന്ന് യുഎഇയിൽ (ഗൾഫ്) സിവിൽ എഞ്ചിനീയറായും ജോലി ചെയ്ത ആന്റണി 1980 കളിൽ കേരളത്തിലെ കൊല്ലത്ത് സ്ഥിരതാമസമാക്കിയ കുടുംബത്തോടൊപ്പം താമസിക്കാൻ മടങ്ങി. മടങ്ങിയെത്തിയ ആന്റണി, ചില പ്രാദേശിക എഞ്ചിനീയറിംഗ് പ്രോജക്റ്റുകളിൽ ഏർപ്പെടുകയും കൊല്ലം കടപ്പാക്കട സെന്റ് തോമസ് മലങ്കര കത്തോലിക്കാ പള്ളിയുടെ കെട്ടിടത്തിൽ നിർമാണ മേൽനോട്ടത്തിൽ ഏർപ്പെടുകയും ചെയ്തു, അവിടെ അദ്ദേഹം ഒരു കാലഘട്ടം സഭാ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു. ഫ്രാൻസിസിന്റെയും മാർഗരറ്റ് ലൂയിസിന്റെയും രണ്ടാമത്തെ മകളായ സൂസന്ന ലൂയിസിനെ (എംഎസ്സി ഫിസിക്സ്) വിവാഹം കഴിച്ച അദ്ദേഹം കേരളത്തിലെ കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജിൽ ഫിസിക്സ് പ്രൊഫസറായിരുന്നു. 1999-ൽ വിരമിച്ച സൂസന്ന, കൊല്ലത്ത് ആന്റണിക്കൊപ്പം കൊല്ലം കടപ്പാക്കടയിലെ മാരേട്ട് അമലഭവനിൽ

താമസിക്കുന്നു. ആന്റണിക്കും സൂസന്നയ്ക്കും മൂന്ന് മക്കളുണ്ട്, എം എ എബ്രഹാം (അബു), ജോണി മാരേട്ട്, ജോസ് മാരേട്ട് എന്നിവരെല്ലാം ഇന്ത്യയ്ക്ക് പുറത്ത് താമസിക്കുന്നു.

**VII -ഡോ .എം. എ. ഏബ്രഹാം(അബു)**



*അബു, മറിയ, ഇസബെല്ലാ, ആൻഡ്രെ*

അബു ജനറൽ പ്രാക്ടീഷണറായി ജോലി ചെയ്യുന്ന ഒരു ഡോക്ടറാണ് (GP); ഇംഗ്ലണ്ടിലെ ഡെർബിഷെയറിലെ ചെസ്റ്റർഫീൽഡിൽ, അവിടെ അദ്ദേഹം കുടുംബത്തോടൊപ്പം താമസിക്കുന്നു & സർജറിയിലെ മുതിർന്ന പങ്കാളിയാണ്. പരേതനായ ഡോക്ടർ എബ്രഹാം ജോർജിന്റെയും (പുതിച്ചിറ കുടുംബം) ശ്രീമതി രമണി എബ്രഹാമിന്റെയും മകൾ മേരിയെയാണ് അദ്ദേഹം വിവാഹം കഴിച്ചത്. മേരി ഡെർബിഷയറിൽ വളർന്നു, നിലവിൽ ആംബർ വാലി ബറോ കൗൺസിലിൽ ഹ്യൂമൻ റിസോഴ്സ് മേധാവിയായി ജോലി ചെയ്യുന്നു.
അവർക്ക് രണ്ട് മക്കളുണ്ട്: ഇസബെല്ലെ (21), ആന്ദ്രെ (18). ഇംഗ്ലണ്ടിലെ ഡർഹാം കൗണ്ടിയിലെ ഡർഹാം സർവകലാശാലയിൽ ആസ്ട്രോഫിസിക്സിൽ പഠിക്കുകയാണ് ഇസബെല്ലെ. ആന്ദ്രെ തന്റെ എ-ലെവലുകൾ പൂർത്തിയാക്കി 2023-ൽ യൂണിവേഴ്സിറ്റിയിൽ പോകാൻ തയ്യാറെടുക്കുകയാണ്.

**VII -ജോണി മാരേട്ട് B. Tech**



*ജോണി, ദീപ, ആതിര*

കോഴിക്കോട് എൻഐടിയിൽ നിന്ന് കമ്പ്യൂട്ടർ സയൻസിലും എഞ്ചിനീയറിംഗിലും ബിടെക് പൂർത്തിയാക്കിയ ജോണി, ഫ്രാൻസിലെ ബാംഗ്ലൂരിലും അനെക്സിയിലും ഇൻഫോസിസിൽ ജോലി ചെയ്തു. അതിനുശേഷം അദ്ദേഹം യുഎസ്എയിലേക്ക് മാറി, അവിടെ അദ്ദേഹം ഇപ്പോൾ ഒറിഗോണിലെ ബീവർട്ടണിൽ കുടുംബത്തോടൊപ്പം താമസിക്കുന്നു. എംബിഎ പൂർത്തിയാക്കിയ അദ്ദേഹം നിലവിൽ യുഎസ്എയിലെ ഒറിഗോണിലെ ബീവർടണിലുള്ള NIKÈ യിൽ സോഫ്റ്റ്‌വെയർ എഞ്ചിനീയറിംഗ് ഡയറക്ടറായി ജോലി ചെയ്യുന്നു. നൈക്കിൽ ഇൻസൈറ്റ്സ് അനലിസ്റ്റായി ജോലി ചെയ്യുന്ന ഇമ്മാനുവലിന്റെയും ജോസ് ലിൻ മാത്യൂസിന്റെയും (പാലാ) മകൾ ദീപയെ അദ്ദേഹം വിവാഹം കഴിച്ചു. ഇവർക്ക് ഒരു മകളുണ്ട്, ആതിര (18) അവൾ സ്കൂൾ പഠനം പൂർത്തിയാക്കി 2023 ൽ യൂണിവേഴ്സിറ്റി വിദ്യാഭ്യാസം ആരംഭിക്കാനുള്ള തയ്യാറെടുപ്പിലാണ്.

**VII -ഡോ .ജോസ് മാരേട്ട്**




*ജോസ്, സൈമൺ*

ജോസ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്ന് എംബിബിഎസും വെല്ലൂരിലെ ക്രിസ്ത്യൻ മെഡിക്കൽ കോളേജിൽ നിന്ന് ഡിപിഎമ്മും പൂർത്തിയാക്കിയ ശേഷം തുടർ പഠനത്തിനായി യുകെയിലെ ഇംഗ്ലണ്ടിലേക്ക് മാറി. MRCPsych യോഗ്യതകൾ പൂർത്തിയാക്കിയ അദ്ദേഹം നിലവിൽ വെസ്റ്റ് ലണ്ടനിലെ കമ്മ്യൂണിറ്റി സർവീസസിൽ കൺസൾട്ടന്റ് സൈക്യാട്രിസ്റ്റായി പ്രവർത്തിക്കുന്നു - സൈക്കോസിസ്, ഹോംലെസ്സ്നെസ് ടീമുകളിലെ ആദ്യകാല ഇടപെടൽ എന്നിവയിൽ പ്രവർത്തിക്കുന്നു. അദ്ദേഹം തന്റെ ഭർത്താവ്, ജോൺ

ഹെമ്മിംഗ്സ്  ഡോറീൻ ഡ്യൂക്കിന്റെ മകൻ സൈമൺ ഹെമ്മിംഗ്സിനൊപ്പം യുകെയിലെ ലണ്ടനിലെ ടൂട്ടിംഗിൽ താമസിക്കുന്നു, കൂടാതെ ഹ്യൂമൻ റിസോഴ്‌സിലെ റിവാർഡ് ഡയറക്ടറുമാണ്. അവർക്കു  കുട്ടികളില്ല.

**-എം. എ. ജോസഫ് (ഔസേപ്പച്ചൻ)**



*ഔസേപ്പച്ചനും ഭാര്യ ശാന്തമ്മയും*

പ്രധാന തൊഴിൽ കൃഷി, ചേപ്പാട്ട് ഞാപ്പള്ളിൽ പാപ്പച്ചന്റെ  മകൾ ശാന്തമ്മയാണ് ഭാര്യ. മാത്യു ജോസഫ്(അജു), ഏബ്രഹാം ജോസഫ്( അനിൽ) എന്ന് രണ്ട് ആൺമക്കളും അന്നമ്മ ജോസഫ് (അനിത) എന്ന് ഒരു മകളും ഉണ്ട്. അന്നമ്മയെ കുറുപ്പുംതറ ആനിത്തോട്ടത്തിൽ മാത്യൂവ്‌ന്റെ മകൻ നെൽസൺ വിവാഹം ചെയ്തു. നെൽസൺ ഒരു സ്വകാര്യ സ്ഥാപനത്തിലും, അന്നമ്മ ഹോസ്പിറ്റൽ സ്റ്റാഫ് നേഴ്‌സ്ആയും കുവൈറ്റിൽ ജോലി ചെയുന്നു. ഇവർക്ക് മിന്നി  മരിയ ആൻ മരിയ എന്ന് രണ്ടു പുത്രിമാരും, നേഹൽ എന്ന ഒരു പുത്രനും. ഔസേപ്പച്ചൻ 2023 മാർച്ചു 12 നു നിര്യാതനായി, അമ്പാട്ടുഭാഗ സെന്റ് . മേരീസ് ദേവാലയത്തിൽ സംസ്കരിച്ചു.




*ഔസേപ്പച്ചനും കുടുംബവും*

**VII -മാത്യു ജോസഫ് (അജു)**



*അജു, ഭാര്യ ഷിനിമോൾ, മകൻ ക്രിസ്റ്റി*

അജു മെക്കാനിക്കൽ വിദ്യാഭ്യാസത്തിനു ശേഷം ദുബായിൽ ഒരു ഇലക്ട്രോമെക്കാനിക്കൽ സ്ഥാപനം നടത്തുന്നു. കോട്ടയം കുറിച്ചി, കുഴിമറ്റം, എണ്ണശേരിൽ മാത്യുവിന്റെ മകൾ ഷിനിമോൾ ( കൊച്ചുമോൾ) ആണ് ഭാര്യ.

കൊച്ചുമോൾ ദുബായിൽ ഒരു ഹിസ്പിറ്റലിൽ റേഡിയോഗ്രാഫർ ആയി ജോലിചെയ്യുന്നു. ഇവരുടെ ഏകമകൻ ക്രിസ്റ്റി മാത്യു ദുബായിൽ പ്രാഥമീക വിദ്യാഭ്യാസത്തിന് ശേഷം യൂറോപ്യൻ രാജ്യമായ മാൾഡൊവയിൽ MBBS പഠനം നടത്തുന്നു.

**VII -ഏബ്രഹാംജോസഫ് (അനിൽ)**



*അനിൽ, ഭാര്യ ബിന്ദു, മകൻ അലൻ, മകൾ അനായ*

അനിൽ ഇലക്ട്രിക്കൽ ഇഞ്ചിനീയറിംഗ് നു ശേഷം ദുബായിൽ ഒരു എം ഈ പി കമ്പനി നടത്തുന്നു. മാരേട്ട് കുടുംബയോഗത്തിന്റെ യൂത്ത് വിങ്ങ് സെക്രർട്ടറി, വടക്കേതലക്കൽ മഹാകുടുബയോഗത്തിന്റെ യൂത്ത് വിങ്ങ് സെക്രട്ടറി എന്നീ നിലകളിലും UAE,Ajman ഇന്ത്യൻ അസോസിയേഷൻ മാനേജിങ് കമ്മറ്റി മെമ്പർ, Sharjah മലങ്കര catholic പള്ളിയുടെ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ചെങ്ങന്നൂർ, പെണ്ണുക്കര മ

റ്റത്തേത്തു മോഡിയിൽ MM ബേബികുട്ടിയുടെ മകൾ ബിന്ദുആണ് ഭാര്യ. ബിന്ദു ഒരു ഹോസ്പിറ്റലിൽ ഡെപ്യൂട്ടി സി.എൻ.ഒ ആയി ജോലി ചെയ്യുന്നു. ഇവരുടെ മൂത്തമകൻ അലൻ എബ്രഹാം ദുബായിൽ വിദ്യാഭ്യാസത്തിനു ശേഷം IIIT കോട്ടയം കോളേജിൽ ബിടെക് CSE ക്കു ചേർന്നു. പുത്രി അനായ വിദ്യാർത്ഥിനി ആണ്

**V -എം. ഒ. ഈപ്പൻ (കൊച്ചീപ്പച്ചൻ)**

പ്രധാന തൊഴിൽ കൃഷിയായിരുന്നു. കല്ലൂപ്പാറ വലിയപള്ളി ട്രസ്റ്റിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1980 ജൂൺ മാസം 12-ാം തീയതി നിര്യാതനായി. ചേന്നങ്കേരി ചെമ്പിക്കളത്തിൽ ചാക്കോച്ചന്റെ മകൾ അന്നമ്മയാണ് ഭാര്യ. അന്നമ്മ 1988 ഒക്ടോബർ 14-ാം തീയതി നിര്യാതയായി.
എം. ഇ. തോമസ് (ബേബി), എം. ഇ. ജേക്കബ് (മോനി), എം. ഇ. ഏബ്രഹാം (തങ്കച്ചൻ) എന്ന പുത്രന്മാരും കുഞ്ഞമ്മ, മേരിക്കുട്ടി, ഏലിക്കുട്ടി എന്ന പുത്രിമാരും ജനിച്ചു. കുഞ്ഞമ്മയെ കോന്നിയിൽ മുരുപ്പേൽ എം. എം. ജോഷ്വാ വിവാഹം കഴിച്ചു. മേരിക്കുട്ടിയെ വാകത്താനത്ത് കോച്ചേരിൽ അന്ത്രയോസ് വിവാഹം കഴിച്ചു. ഏലിക്കുട്ടി 8-ാമത്തെ വയസിൽ മരിച്ചു.

**VI -എം. ഇ. തോമസ് (ബേബി)**



മൈസൂറിൽ ഒരു എസ്റ്റേറ്റിൽ കുറച്ചുകാലം ജോലി നോക്കിയിരുന്നു. ജോലി വേണ്ടെന്നുവച്ച് നാട്ടിൽ തിരിച്ചെത്തി ടെക്സ്ടൈൽ ബിസിനസ് നടത്തിയിരുന്നു. കോന്നി തെക്കനേത്ത് തോമസിന്റെ മകൾ ശോശാമ്മയാണ് ഭാര്യ. ഷിബു എം. തോമസ്, നിബു എം. തോമസ് എന്ന് രണ്ട് പുത്രന്മാരും വൽസമ്മ, സാലി, കൊച്ചുമോൾ എന്ന് മൂന്ന് പുത്രിമാരും ഉണ്ട്. വൽസമ്മയെ കോട്ടയം ഇല്ലിക്കൽ ചാക്കോച്ചന്റെ മകൻ ജോർജ് ചാക്കോ വിവാഹം കഴിച്ചു. സാലിയെ ഡോ. റോയി ഏബ്രഹാം (ബെൽഗാം) വിവാഹം കഴിച്ചു. കൊച്ചുമോളെ നിരണത്ത് കടപ്ര പാറക്കാട്ട് ബേബിയുടെ മകൻ രാജൻ പി. വറുഗീസ് വിവാഹം കഴിച്ചു.


**VII -ഷിബു എം. തോമസ് M Com**



*ഷിബു, ഭാര്യ സുജ, മക്കൾ*

ഇദ്ദേഹം ഒരു നല്ല കൗൺസിലർ ആണ് കൂടാതെ ബിസിനസ് പ്രൊമോഷണൽ ക്ലാസുകളും മോട്ടിവേഷണൽ ക്ലാസുകളും നടത്തുന്നു. ചെങ്ങന്നൂർ കല്ലിശ്ശേരി തേക്കാട്ടിൽ വി. റ്റി. തോമസിന്റെ മകൾ സുജയാണ് ഭാര്യ. സുജ സെന്റ് മേരീസ് സെൻട്രൽ സ്കൂൾ അദ്ധ്യാപികയാണ്.ഡോക്ടർ നിക്കി സൂസൻ തോമസ്, നിവ്യ മറിയം തോമസ് എന്ന 2 പുത്രികൾ ഉണ്ട്. നിവ്യ നിയമ വിദ്യാർഥിനിയാണ് . ഇവർ തിരുവല്ല കുറ്റൂർ എന്ന സ്ഥലത്തു കുടുംബ സമേതം താമസിക്കുന്നു.

*നിക്കി സൂസൻ തോമസ് കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ്, ബാച്ചിലർ ഓഫ് ഡെന്റൽ സർജറി (ബിഡിഎസ്) രണ്ടാം റാങ്ക് ജേതാവാണ്*



**നിബു എം. തോമസ്**



*റയൻ, നിബു, ഭാര്യ ജ്യോതി , സാറാ*

തിരുവല്ല മാർ തോമ കോളേജിലെയും തൃശൂർ ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജിലെയും പഠനത്തിന് ശേഷം
എം. ജി. യൂണിവേഴ്‌സിറ്റി എൻജിനിയറിങ്ങ് കോളജിൽ ലക്ചറർ ആയി ജോലിയിലിരിക്കെ സോഫ്റ്റ്‌വെയർ എഞ്ചിനീയർ ആയി ഉദ്യോഗം ലഭിച്ചു ലണ്ടനിൽ പോയി. അവിടെ മാരേട്ട് സോഫ്റ്റ്‌വെയർ എന്ന കമ്പനി നടത്തുന്നു. വെണ്ണിക്കുളം മാരുതോട്ടത്തിൽ പി.സി. മാത്യുവിന്റെ മകൾ ജ്യോതിയാണ് ഭാര്യ. ജ്യോതി ലണ്ടനിൽ റിസേർച് സയന്റിസ്റ്റ് ആയി ജോലി നോക്കുന്നു. ഇവർക്ക് റയൻ (എം.ബി.ബി.എസ്. വിദ്യാർഥി) എന്ന ഒരു പുത്രനും, സാറാ എന്ന ഒരു പുത്രിയും.

**VI -എം. ഇ. ജേക്കബ് (മോനി)**




*എം.ഇ. ജേക്കബ്, ഭാര്യ അച്ചാമ്മ.*

സ്വന്തമായി ഒരു ടെക്സ്‌റ്റൈൽ കട നടത്തിയിരുന്നു.. മാരേട്ട് കുടുംബ യോഗ സെക്രട്ടറി, കല്ലൂപ്പാറ ഓർത്തഡോക്സ് കൺവൻഷൻ ജോയിന്റ് സെക്രട്ടറി എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. മേപ്പാടം മണലേൽ ചാക്കോച്ചന്റെ മകൾ അച്ചാമ്മയാണ് ഭാര്യ. അച്ചാമ്മ 2019 ജനുവരി 10 നു നിര്യതയായി. റോസമ്മ, ലൂസി, സോമി എന്ന് മൂന്ന് പുത്രിമാരും മനു ജെ. മാരേട്ട് എന്ന് ഒരു പുത്രനും ഉണ്ട്. റോസമ്മയെ ഇരവിപേരൂർ പൂത്തേടത്ത് മണ്ണിൽ കൊച്ചുണ്ണൂണ്ണിയുടെ മകൻ സജി

വിവാഹം കഴിച്ചു. ലൂസിയെ പനയംപാല പീലിക്കുഴിയിൽ വറുഗീസിന്റെ മകൻ രാജൻ വിവാഹം കഴിച്ചു. സോമി (BSc.) യെ എടത്വായിൽ ഇടത്തിൽ ബാബുവിന്റെ മകൻ ഷിബു വിവാഹം കഴിച്ചു.

**VII -മനു ജെ. മാരേട്ട്**



*മനു, ഭാര്യ ബീന, മിബിൻ , മെൽവി*

മനു അബുദാബിയിൽ ജോലിചെയ്യുന്നു. ഭാര്യ അത്തിക്കയം പുന്നവീട്ടിൽ ജയിംസിന്റെ മകൾ ബീന അബുദബിയിൽ തന്നെ ഹോസ്പിറ്റൽ നേഴ്സ് ആയി ജോലി നോക്കുന്നു. ഇവർക്ക്  മിബിൻ എന്ന ഒരു പുത്രനും, മെൽവി  എന്ന ഒരു പുത്രിയും ഉണ്ട്.

**VI -എം. ഇ. ഏബ്രഹാം (തങ്കച്ചൻ)**



*എം.ഇ. ഏബ്രഹാം, ഭാര്യ പൊന്നമ്മ*

പുതുശ്ശേരി എം.ജി,ഡി ഹൈ സ്കൂളിൽനിന്നും സ്കൂൾ വിദ്യാഭ്യാസവും പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ നിന്നും ഇന്റർമീഡിയറ്റും കഴിഞ്ഞു ഇന്ത്യൻ എയർ ഫോഴ്‌സ്‌ൽ ചേരുകയും, അവിടെ 15 വർഷക്കാലം സേവനം അനുഷ്ഠിക്കുകയും ചയ്തു. എയർ ഫോഴ്‌സ്‌ലെ പരിശീലനത്തിന്റെ ഭാഗമായി കാനഡ, അമേരിക്ക, ന്യൂയോർക് എന്നീ രാജ്യങ്ങൾ സന്നർശിക്കുവാൻ അവസരം ലഭിച്ചു. എയർ ഫോഴ്‌സ്‌ൽ നിന്നും വിരമിച്ച ശേഷം ഡൽഹി, ബോംബെ, മദ്രാസ് എന്നെ സ്ഥലങ്ങളിൽ ജോലിയിൽ ഇരുന്നിട്ടുണ്ട്. ഡൽഹി ഗാസിയബാദിൽ ഇലക്ട്രോണിക്സ് ആൻഡ് കംപ്യൂട്ടേഴ്‌സ് എന്ന കമ്പനിയിൽ ഓഫീസറായി ജോലിയിൽ ഇരിക്കുമ്പോൾ കമ്പനിയുടെ ചില പ്രശ്ന പരിഹാരങ്ങൾക്കായി അന്നത്തെ പ്രധാന മന്ത്രി ആയിരുന്ന ഇന്ദിര ഗാന്ധിയെ സന്നർശിക്കുവാൻ കമ്പനിയെ പ്രതിനിധീകരിച്ചു പോകുവാ ഇദ്ദേഹത്തിനിനാണ് അവസരം ലഭിച്ചത്.

പിന്നീട് ജോലി തിരക്കുകളിൽ നിന്നും ഒഴിഞ്ഞു  നാട്ടിൽ തിരിച്ചെത്തി ഗൃഹ കാര്യങ്ങളിലും കൃഷിയിലും ശ്രദ്ധ ചെലുത്തി കഴിഞ്ഞു. നല്ല വായനാ ശീലത്തിലൂടെ നേടിയെടുത്ത അഗാധമായ അറിവ്, ലളിതമായ ജീവിത രീതി, സൗമ്യമായ പെരുമാറ്റ രീതി, അടിയുറച്ച ഈശ്വര വിശ്വാസം ഇവയെല്ലാം എബ്രഹാമിന്റെ സവിശേഷതകളായിരുന്നു.2022 സെപ്തംബര് 9 നു ഇദ്ദേഹം നിര്യാതനായി. പുറമറ്റം മണ്ടകത്തിൽ എം.എം. മത്തായുടേയും തങ്കമ്മ മത്തായുടേയും മകൾ ഏലിയാമ്മ ( പൊന്നമ്മ) യാണ് ഭാര്യ. ഇവർക്ക് റിഗോ എബ്രഹാം എന്ന ഒരു പുത്രനും, റിനി എബ്രഹാം, റൂബി എബ്രഹാം എന്ന രണ്ടു പുതിമാരും ഉണ്ട്. റിമിയെ തോട്ടഭാഗം കവിയൂർ മേളാഹയിൽ എം.കെ. കുര്യന്റെ മകൻ കുര്യൻ കുര്യൻ ( അജിത്ത് ) വിവാഹം ചയ്തു. ഇവർക്ക് സോണിയ മറിയം കുര്യൻ എന്ന ഒരു പുത്രിയും, എബ്രഹാം കുര്യൻ എന്ന ഒരു പുത്രനും. ഇവർ കുടുംബസമേതം സിംഗപ്പൂരിൽ താമസിക്കുന്നു. അബ്രഹാമിന്റെ മകൾ റൂബിയെ കല്ലിശ്ശേരി ആഞ്ഞിലിമൂട്ടിൽ എബ്രഹാം തോമസിന്റെ മകൻ അഡ്വ.റോബി  തോമസ് വിവാഹം ചയ്തു. റൂബി ബാലികാമഠം ഹയർ സെക്കണ്ടറി സ്കൂൾ അധ്യാപികയാണ്. റോബി കല്ലിശ്ശേരിയിൽ ടിയർ ആൻഡ് വീൽ അലൈൻമെന്റ് ബിസിനെസ്സ് നടത്തുന്നു. ഇവർക്ക് റിച്ച ആൻ എബ്രഹാം എന്ന പുത്രിയും, റോഹൻ തോമസ് എബ്രഹാം എന്ന ഒരു പുത്രനും. കല്ലിശേരി പ്രാവിന്കൂട് എന്ന സ്ഥലത്തു താമസിക്കുന്നു.

**VII-റിഗോ എബ്രഹാം**

കോഴഞ്ചേരി കിഴവരമണ്ണിൽ മാത്യുവിന്റെ മകൾ ഷൈനി(MCA) യാണ് ഭാര്യ. ഇവർക്ക് ഷാരൺ റിഗോ,   ഷെയിൻ റിഗോ എന്ന് രണ്ടു മക്കൾ. ഇവർ കുടുംബസമേതം കാനഡായിൽ താമസിക്കുന്നു.

**V -എം. ഒ. നൈനാൻ (കുഞ്ഞേനാച്ചൻ)**




*എം. ഒ. നൈനാൻ ഭാര്യ ശോശാമ്മ*

തിരുവല്ലായുടെ കിഴക്കൻ പ്രദേശത്തെ സംബന്ധിച്ചിടത്തോളം അനവധി നല്ല കാര്യങ്ങൾ ചെയ്തിട്ടുള്ളവരിൽ ഒരു പ്രമുഖനായിരുന്നു. മാരുമണ്ണിൽ കുഞ്ഞേനാച്ചൻ എന്ന പേരിൽ ഏവർക്കും സുപരിചിതനായിരുന്നു. തിരുവല്ലായിലെ പ്രമുഖ കോൺഗ്രസ് പ്രവർത്തകരിൽ ഒരാളായിരുന്നു. കല്ലുപാറയിലുള്ള പൊതുപ്രവർത്തനങ്ങളിലെല്ലാം തന്റെ പ്രായാധിക്യത്ത വകവയ്ക്കാതെ പങ്കുകൊണ്ടിരുന്നു. ശ്രീ. എ. പീലിപ്പോസ് ജഡ്ജിയുടെ നേതൃത്വത്തിൽ രൂപം കൊണ്ട ഗിൽഡ് പ്രവർത്തനങ്ങളിൽ സജീവിമായി പങ്കെടുത്തിട്ടുണ്ട്. പല രാഷ്ട്രീയ കേസുകളിലും പ്രതിയായിരുന്നിട്ടുണ്ട്. തിരുവല്ലായുടെ കിഴക്കൻ പ്രദേശങ്ങളിലെ സ്റ്റേറ്റ് കോൺഗ്രസ് പ്രവർത്തനങ്ങളുടെ നേതൃത്വം ഇദ്ദേഹത്തിൽ നിക്ഷിപ്തമായിരുന്നു. എസ്റ്റേറ്റ് ഉദ്യോഗസ്ഥൻ, നിന്നുപോയ കല്ലൂപ്പാറ ബാങ്ക് ഉദ്യോഗസ്ഥൻ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഒരു

സജീവ രാഷ്ട്രീയ പ്രവർത്തകനായിരുന്നു. ഇദ്ദേഹം ഒരു സ്വാതന്ത്ര്യ സമര സേനാനിയായിരുന്നു. ആയതിനുള്ള പെൻഷൻ ഇദ്ദേഹത്തിനു ലഭിച്ചിരുന്നു. സ്വന്തമായി ഒരു ടെക്സ്റ്റൈൽ കട നടത്തിയിരുന്നു. 1974 നവംബർ 25-ാം തീയതി നിര്യാതനായി. പുറമറ്റം മഠത്തുംഭാഗം സൗത്ത് തച്ചമം പള്ളിയിൽ (കത്തോലിക്കാ പള്ളി) സംസ്കരിച്ചു. മല്ലപ്പള്ളി മോടയിൽ വറുഗീസിന്റെ മകൾ ശോശാമ്മയാണ് ഭാര്യ, ഏബ്രഹാം നൈനാൻ (ഫാദർ ഏബ്രഹാം മാരേട്ട്), ഡോ. ഉമ്മൻ നൈനാൻ (ഉമ്മച്ചൻ), ജോർജുകുട്ടി, ജോർജ് എം. നൈനാൻ എന്ന് നാല് ആൺമക്കളും കൊച്ചീത്തമ്മ, കൊച്ചേലിയാമ്മ എന്ന് രണ്ട് പെൺമക്കളും ഉണ്ട്. ജോർജുകുട്ടി ചെറുപ്പത്തിലേ മരണമടഞ്ഞു. കൊച്ചേലിയാമ്മയെ ചങ്ങനാശ്ശേരി മണക്കുന്നേൽ സക്കറിയ വിവാഹം കഴിച്ചു.

**VI -ഫാദർ ഏബ്രഹാം മാരേട്ട്**
**(മാരേട്ടച്ചൻ)**




1927 ഫെബ്രുവരി 2-ാം തീയതി ഭൂജാതനായ ഇദ്ദേഹം കത്തോലിക്കാ സഭയിലെ മലങ്കര റീത്ത് വിഭാഗത്തിൽപെട്ട ഒരു വൈദീകനാണ്. വിദ്യാഭ്യാസ കാലത്തുതന്നെ വൈദീക പഠനത്തിന് തെരഞ്ഞെടുക്കുകയും 1947 ജൂണിൽ വൈദീക സെമിനാരിയിൽ ചേർന്ന് പഠനം ആരംഭിക്കുകയും ചെയ്തു. 1948 ജനുവരിയിൽ ഉപരിപഠനാർത്ഥം കാൻഡിയിൽ പോകുകയും 1955 ജൂൺവരെ അവിടെ പഠിക്കുകയും ചെയ്തു. പൂനാ പേപ്പൽ സെമിനാരിയിൽ വച്ച് 1956 ജൂൺ 1-ാം തീയതി കശീശാപട്ടം ഏറ്റുവാങ്ങി പൂർണ്ണ വൈദീകനായി ത്തീർന്നു. ഇദ്ദേഹം പല കത്തോലിക്കാ പള്ളികളിലും വികാരിയായിരുന്നിട്ടുണ്ട്. പുസ്തക പാരായണം ഇദ്ദേഹത്തിന്റെ പ്രധാന ഹോബി യാണ്. തന്റെ സ്വന്ത പ്രയത്ന ഫലമായി തമിഴ്, ഹിന്ദി മുതലായ ഭാഷകളിൽ പ്രാവീണ്യം നേടിയിട്ടുണ്ട്. വളരെ ചിട്ടയുള്ള ഒരു ജീവിതത്തിൻറ ഉടമയാണിദ്ദേഹം. ഇപ്പോൾ തിരുവല്ല രൂപതയുടെ കീഴിൽ ഉള്ള പള്ളിമലയിൽ വിശ്രമ ജീവിതം നയിക്കുന്നു.

**VI -സിസ്റ്റർ ജോർജിയ (കൊച്ചിത്തമ്മ)**



കന്യാസ്ത്രീയായി പുഷ്പഗിരി ഹോസ്പിറ്റലിൽ അസിസ്റ്റൻറ് അഡ്മിനിസ്ട്രേറ്ററായി സേവനമനുഷ്ഠിച്ചിരുന്നു. അതിനു ശേഷം തിരുവല്ല മക്ഫാസ്റ് കോളേജിൽ 3 വർഷത്തോളം ഓഫീസിൽ ചുമതല നിർവഹിച്ചു. പിന്നീട് ചെങ്ങരൂർ കോൺവെന്റ് സ്കൂളിൽ ഹോസ്റ്റൽ ഇൻചാർജ് ആയിരുന്നു. 2007 മുതൽ 2014 വരെ ഉള്ള 7 വർഷകാലം തിരുവല്ല അഭയഭവനിൽ അനാഥരുടെ ചുമതല ഏറ്റെടുത്തു സേവനം ചെയ്തു. 2014 മുതൽ 2017 വരെ മണർകാട് കോൺവെന്റിൽ ആയിരുന്നു. സിസ്റ്റർ ഇപ്പോൾ ബഥാനിയാ ഓൾഡ് ഏജ് ഹോമിൽ വിശ്രമ ജീവിതം നയിക്കുന്നു.

**VI -ഡോ. ഉമ്മൻ നൈനാൻ (ഉമ്മച്ചൻ)**



വിദ്യാഭ്യാസത്തിനുശേഷം ദന്ത ചികിത്സയിൽ നൈപുണ്യം നേടുകയും നാട്ടിൽ സേവനമനുഷ്ഠിച്ചു വരവെ അമേരിക്കയിൽ കുടുംബസമേതം പോകുകയും ദീർഘകാലം അവിടെ സ്വന്തമായി ബിസിനസ് നടത്തിവരികയും ചെയ്തിരുന്നു. ഇദ്ദേഹം ഒരു നല്ല ഫുട്ട്ബോൾ താരമായിരുന്നു. ഇരവിപേരൂർ താന്നിക്കൽ ഉണ്ണൂണ്ണിയുടെ മകൾ മേരിക്കുട്ടി (കൊച്ചുമറിയാമ്മ) യായിരുന്നു ആദ്യഭാര്യ. ഇതിൽ സുശീല എന്നൊരു മകളും രാജൻ, ജെയിംസ് എന്ന് രണ്ട് പുത്രന്മാരും ഉണ്ട്. മേരിക്കുട്ടിയുടെ മരണശേഷം കറുകച്ചാൽ കൂതപ്പള്ളിൽ തിരുത്തിക്കാട്ട് ഡേവിഡിന്റെ മകൾ മേരി (തങ്കമ്മ)യെ വിവാഹം കഴിച്ചു. ഇതിൽ ജീനാ എന്നൊരു മകൾ ഉണ്ട്. ആദ്യ ഭാര്യ കൊച്ചു മറിയാമ്മ ഇരവിപേരൂർ സെന്റ് ജോൺസ് ഹൈസ്കൂൾ അദ്ധ്യാപികയായിരുന്നു. രണ്ടാം ഭാര്യ തങ്കമ്മ അമേരിക്കയിൽ നേഴ്സ് ആയിരുന്നു. മകൾ സുശീലയെ മൂവാറ്റുപുഴ വെളിയന്നൂർ വർക്കിക്കുഞ്ഞിന്റെ മകൻ ജോർജുകുട്ടി വിവാഹം കഴിച്ചു. ജീനയെ അമേരിക്കയിൽ ചാഡ് വിവാഹം കഴിച്ചു. ഭർത്താവോടൊപ്പം അമേരിക്കയിൽ താമസിക്കുന്നു. ഉമ്മച്ചൻ 2019 ഏപ്രിൽ 30 നു നിര്യാതനായി, തച്ചമം സെന്റ് ജോസഫ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ സംസ്കരിച്ചു.

**VII -നൈനാൻ ഉമ്മൻ (രാജൻ)**



*രാജൻ മാരേട്ട്, ഭാര്യ ലീല മാരേട്ട്, മകൻ രാജീവ്, ഭാര്യ സുസി, മകൾ രജനി, ഭർത്താവ് സുനിൽ, കൊച്ചുമക്കൾ*

വിദ്യാഭ്യാസത്തിനുശേഷം അമേരിക്കയിൽ ജോലി ചെയ്തിരുന്നു അമേരിക്കയിലെ ഇൻഡ്യൻ സാമൂഹ്യ സംഘടനകളിൽ സജീവമായി പങ്കെടുത്തത്തു. അവിടെയുള്ള അശ്വമേധം എന്ന മലയാള മാസികയുടെ ആദ്യകാല പ്രവർത്തകനാണ്. ആലപ്പുഴ എട്ടുപറയിൽ എൻ. കെ. തോമസിന്റെ മകൾ ലീലാമ്മയാണ് ഭാര്യ. ലീലാമ്മയും അമേരിക്കയിൽ വനമനുഷ്ഠിക്കുന്നു. ഇവർക്ക് രജനി എന്നൊരു മകളും, രാജീവ് എന്ന് ഒരു മകനും ഉണ്ട്. രാജൻ മാരേട്ട് 2020 ജൂൺ 20 നു നിര്യാതനായി. കഴിഞ്ഞ 45 വർഷമായി ഇവർ കുടുംബസമേതം ന്യൂയോർക്കിലാണ്. ഇവരുടെ പുത്രൻ രാജീവ് മാരേട്ട് സൂസിയെ വിവാഹം കഴിച്ചു, എമിലി, ഐെയ്ൽസ് എന്ന രണ്ട് പെൺകുട്ടികളുണ്ട്. ഡോക്ടർ രജനി മാരേട്ട് സുനിലിനെ വിവാഹം കഴിച്ചു, സേവ്യർ ലൂക്കോസ് എന്ന രണ്ട് ആൺകുട്ടികൾ . ലീല മാരേട്ട് ന്യൂയോർക്ക് സിറ്റി പരിസ്ഥിതി സംരക്ഷണ വകുപ്പിൽ ശാസ്ത്രജ്ഞയായി ജോലി ചെയ്തു, ഇപ്പോൾ വിരമിച്ചു.

**VII -ജെയിംസ് എം .ഉമ്മൻ (ജിമ്മി)**



*ജെയിംസും ഭാര്യ അൽഫോൻസയും*

അമേരിക്കയിൽ പഠിച്ച് ബി. എസ്. ഡിഗ്രി എടുത്തശേഷം അവിടെ ത്തന്നെ ജോലി നോക്കുന്നു. മണിമല പ്ലാക്കാട്ട് ജേക്കബ് കുരുവിളയുടെ മകൾ അൽഫോൻസയാണ് ഭാര്യ. അൽഫോൻസായും അമേരിക്കയിൽ ജോലി നോക്കുന്നു. മക്കൾ ഇല്ല.

**VI -ജോർജ് എം. നൈനാൻ (ജോർജ് കുട്ടി)**



വിദ്യാഭ്യാസത്തിനുശേഷം മാരേട്ട് ചിട്ടി ഫണ്ട് എന്ന സ്ഥാപനം ആരംഭിച്ചു നടത്തിവന്നു. പിന്നീട് ഫ്രണ്ട്സ് ഫർണിച്ചേഴ്സ് എന്ന പേരിൽ പുറമറ്റം ജംഗ്ഷനിൽ തന്നെ ഒരു ഫർണിച്ചർ കട നടത്തിയിരുന്നു. അദ്ദേഹം സാമൂഹ്യ, രാഷ്ട്രീയ മണ്ഡലങ്ങളിൽ ഒരു സജീവസാന്നിധ്യം ആയിരുന്നു. കോൺഗ്രസിന്റെ കല്ലുപ്പാറ മണ്ഡലം പ്രസിഡണ്ടായും, പുറമറ്റം മർച്ചൻസ് അസോസിയേഷൻ ട്രഷററായും, സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മാരേട്ട് കുടുംബ കുടുംബയോഗത്തിന്റെ ഒരു ആദ്യകാല പ്രവർത്തകനും ആയിരുന്നു. ആത്മീയ കാര്യങ്ങളിൽ ഉത്സുകനും, തച്ചമം ഇടവകയിൽ ട്രസ്റ്റിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ജോർജ്കുട്ടി 2021 സെപ്റ്റംബർ 7 നു നിര്യാതനായി.. തച്ചമം ദേവാലയത്തിൽ സംസ്കരിച്ചു. ചെങ്ങന്നൂർ കളേക്കാട്ടിൽ ജോണിന്റെയും - അന്നമ്മയുടെയും മകൾ അമ്മുക്കുട്ടി ആയിരുന്നു ആദ്യ ഭാര്യ.അമ്മുക്കുട്ടി 1994 ഫെബ്രുവരി 24 നു നിര്യാതയായി, തച്ചമം ദേവാലയത്തിൽ സംസ്കരിച്ചു. ഇതിൽ അജി, ജോബി എന്ന രണ്ട് പുത്രന്മാരും, ജിജി, ജോമോൾ, ഷിജി എന്ന മൂന്ന് പുത്രിമാരും ഉണ്ട്. മന്ദമരുതി ചൂരക്കുഴിയിൽ മത്തായിയുടെ മകൾ മോളിക്കുട്ടിയാണ് രണ്ടാം ഭാര്യ. ( മരണം 22 ജൂൺ 2008-തച്ചമം ദേവാലയത്തിൽ സംസ്കരിച്ചു )ഇതിൽ മക്കൾ ഇല്ല. ജിജിയെ ചേലക്കൊമ്പ് കുമ്പിളുവേലിയിൽ ജോസഫിന്റെ മകൻ തങ്കച്ചൻ വിവാഹം കഴിച്ചു. ജോമോളെ നെടുംപുറം നാലാം വേലിയിൽ ചെറിയാന്റെ മകൻ സാബു വിവാഹം കഴിച്ചു. ഷിജിയെ യെ മുണ്ടക്കയത്ത് കൂട്ടിക്കൽ വള്ളിയാംതടത്തിൽ ജോസഫിന്റെ മകൻ വിൻസൻറ്( ജോസ് ) വിവാഹം കഴിച്ചു.

**VII -നൈനാൻ എം. ജി. ( അജി )**




*അജി, ഭാര്യ സൂസൻ, മക്കൾ ജെറിൻ, ജസ് വിൻ*

Nave technical Institute, UPൽ നിന്ന് printing Technology കഴിഞ്ഞശേഷം കുറച്ചുനാൾ ബോംബെയിൽ ജോലി ചെയ്തു. വിവാഹത്തിന് ശേഷം സൗദി റിയാദിൽ എത്തുകയും ഏതാണ്ട് 25 വർഷത്തോളം അവിടെ കുടുംബമായി താമസിക്കുകയും  വില്ലാസ്  റോസസ് എന്ന കമ്പനിയിൽ പർച്ചേസ് മാനേജരായി സേവനം അനുഷ്ഠിക്കുകയും ചെയ്തു. ജോലിയിൽ തുടരുമ്പോൾ തന്നെ ഏതാണ്ട് പത്തു വർഷത്തോളം ഒരു സഭയുടെ പാസ്റ്റർ ആയി കർത്താവിനായി പ്രയോജനപ്പെട്ടു. തൻറെ അറുപതാം വയസ്സിൽ ജോലിയിൽനിന്ന് വിരമിച്ച് നാട്ടിലെത്തി. ഇപ്പോൾ വീടിനോട് ചേർന്ന്   പെനിയേൽ പ്രയർ സെൻറർ എന്ന ഒരു പ്രാർത്ഥനാലയം നടത്തിവരുന്നു. ഇദ്ദേഹം നല്ല ഒരു ഫുട്ബോൾ പ്ലെയറും, മികച്ച ഒരു ചെസ്സ് കളിക്കാരനും ആണ്. ഇദ്ദേഹത്തിൻറെ ഭാര്യ മൂത്തേടത്ത് കൊണ്ടൂർ ജോർജിന്റെയും, തങ്കമ്മയുടെയും രണ്ടാമത്തെ പുത്രി സൂസൻ ആണ്. സൗദിയിലെ ഏറ്റവും മികച്ച ഗവൺമെൻറ് ഹോസ്പിറ്റലിൽ ഒന്നായ കിംഗ്  സൗദ്  മെഡിക്കൽ സിറ്റി ഹോസ്പിറ്റലിൽ 20 കൊല്ലം  ഹെഡ് നേഴ്സ് ആയിയും, അഞ്ചുകൊല്ലം കേസ് മാനേജരായും ജോലി നോക്കിയശേഷം വിരമിച്ചു. ഇപ്പോൾ ഭർത്താവിനോട് ചേർന്ന് പ്രയർ സെൻററിൽ പ്രയോജനപ്പെടുന്നു.മൂത്തമകൻ ജെറിൻ എം ബി എ, ഇളയ മകൻ ജസ് വിൻ ബി ബി എ ഇരുവരും വിദേശത്ത് ഉപരിപഠനത്തിനായി ശ്രമിക്കുന്നു.

**VII -ജോൺ ജോർജ് ( ജോബി )**

വിദ്യാഭ്യാസത്തിനുശേഷം എം ആർ എഫ് കോട്ടയം, മലയാള മനോരമ കൊല്ലം എന്നിവിടങ്ങളിൽ ജോലി നോക്കിയിരുന്നു. ഇപ്പോൾ ജോലി ഉപേക്ഷിച്ച് ഗ്രഹ കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു.  അവിവാഹിതനാണ്.

**VI -കൊച്ചേലിയാമ്മ സക്കറിയ** (എം.ഒ. നൈനാന്റെ രണ്ടാമത്തെ മകൾ)




1981 ഫെബ്രുവരി 18ൽ, ഒരു കെ. എസ്. ആർ. റ്റി. സി. ഉദ്യോഗസ്ഥനായിരുന്ന ഭർത്താവ് സക്കറിയായുടെ മരണശേഷം, കോച്ചേലിയാമ്മയേയും മക്കളേയും (സക്കറിയായും കുടുംബവും പുനലൂരിൽ സ്ഥിരതാമസമായിരുന്നു) പുനലൂരിൽ നിന്നും സഹോദരങ്ങൾ കല്ലൂപ്പാറയിൽ കൊണ്ടുവരികയും വീടും പുരയിടവും ക്രമീകരിച്ചു കൊടുത്ത് ഇവരെ പുനരധിവസിപ്പിച്ചു. മാരേട്ട് കുടുംബയോഗം ഇവരെ മാരേട്ട് കുടുംബാംഗങ്ങളായി അംഗീകരിക്കുകയും മാരേട്ട് കുടുംബാംഗങ്ങൾക്കുള്ള എല്ലാ അധികാരവകാശങ്ങളും ഇവർക്ക് ഉണ്ടായിരിക്കും എന്ന് തീരുമാനിക്കുകയും ചെയ്തു. കൊച്ചേലിയാമ്മയും മക്കളും ഇപ്പോൾ മാരേട്ട് കുടുംബയോഗത്തിന്റെ സജീവ പ്രവർത്തകരാണ്. തന്റെ അദ്ധ്വാനശീലം കൊണ്ട് ഭർത്താവിന്റെ മരണശേഷവും തന്റെ കുഞ്ഞുങ്ങൾക്ക് ആവശ്യമായ വിദ്യാഭ്യാസം നൽകുന്നതിന് സാധിച്ചു. കൊച്ചേലിയാമ്മക്കു സാബു, സജി, റജി, സിബി എന്ന് നാല് പുത്രന്മാരുണ്ട്.

**VII -സാബു സക്കറിയ**

വിദ്യാഭ്യാസത്തിനുശേഷം ഗൾഫിൽ ജോലിനോക്കുന്നു. വാഴക്കുള്ളത്ത് കൊട്ടുപ്പള്ളിൽ മത്തായിയുടെ മകൾ വൽസയാണ് ഭാര്യ. വൽസ ഗൾഫിൽ നേഴ്സായി സേവനമനുഷ്ഠിക്കുന്നു. എറാൾഡ്, റിച്ചാർഡ്, റൊണാൾഡ് എന്ന് 3 പുത്രന്മാർ ഉണ്ട്.

**VII -സജി സക്കറിയ**



1

*സജി സക്കറിയയും ഭാര്യ ഷിബിയും*

കെ. എസ്. ആർ. റ്റി. സി. ഉദ്യോഗസ്ഥൻ, മാരേട്ട് കുടംബയോഗ സ്ക്രട്ടറിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. കവിയൂർ താഴത്ത് നിറകണ്ടത്തിൽ ചെറിയാന്റെ മകൾ ഷിബിയാണ് ഭാര്യ. ഷിബി അദ്ധ്യാപികയാണ്. സ്നേഹ, ശിൽപ, സെൽഡാ എന്ന് മൂന്ന് പുത്രിമാർ ഉണ്ട്. സ്നേഹയെ കാഞ്ഞിരപ്പള്ളി ചിറക്കലേത്ത് ജോർജ്ജിന്റെ മകൻ ബിജുവും, ശിൽപയേ കടമ്പനിട്ട വലിയ കാട്ടിൽ ഷാജിയുടെ മകൻ അഭിലാഷും വിവാഹം ചെയ്തു.സ്നേഹക്ക് ക്രിസ്റ്റ്യാനോ എന്ന പുത്രനും, ശിൽപക്ക് അഡലൈൻ എന്ന ഒരു പുത്രിയും. സെൽഡ എം.കോം കഴിഞ്ഞു നഴ്സിംഗ് പഠിക്കുന്നു.

**VII -റജി സക്കറിയ**

വിദ്യഭ്യാസത്തിനുശേഷം കുറച്ചു നാൾ ബോംബെയിൽ ജോലി നോക്കിയിരുന്നു. ഇപ്പോൾ ഗൾഫിൽ ജോലി സ്വീകരിച്ച് കഴിയുന്നു. വൈക്കത്ത് ചെമ്പ് എന്ന സ്ഥലത്ത് ഇടമനപ്പള്ളിൽ തോമസിന്റെ മകൾ ലൗലിയാണ് ഭാര്യ. ലൗലിയും ഗൾഫിൽ ജോലി നോക്കുന്നു. ഇവർക്ക് ജഫി എന്നൊരു പുത്രനും ജെനി എന്നൊരു പുത്രിയും ഉണ്ട്.

**VII - സിബി സക്കറിയ**

പി. ഡി. സിക്കുശേഷം ഹോട്ടൽ മാനേജ്മെന്റ് കോഴ്സ് കഴിഞ്ഞ് ബോംബെയിൽ ജോലി ചെയ്തിരുന്നു . മല്ലപ്പള്ളി കരുവേലിൽ ജോർജ് കുട്ടിയുടെ മകൾ ലതയാണ് ഭാര്യ. ലത ഗൾഫിൽ ജോലിനോക്കുന്നു.

**IV -കോര മാരേട്ട് തോപ്പിൽ**

പ്രധാന തൊഴിൽ കൃഷി. മല്ലപ്പള്ളി കയ്യാലാത്ത് കരുന്നപ്പുഴ കുടുംബാംഗമായ ഏലിയാമ്മയായിരുന്നു ആദ്യ ഭാര്യ. ഇതിൽ സാറാമ്മ, മറിയാമ്മ (കുഞ്ഞൂഞ്ഞമ്മ) എന്ന് രണ്ട് പുത്രിമാർ ഉണ്ടായിരുന്നു. അയിരൂർ മാവേലിൽ ഏലിയാമ്മമായിരുന്നു രണ്ടാം ഭാര്യ. ഇതിൽ കൊച്ചേലിയാമ്മ എന്നൊരു പുത്രി  മാത്രം. ഇദ്ദേഹം 1942 ജനുവരി 28-ാം തീയതി മരണമടഞ്ഞു. കല്ലൂപ്പാറ വലിയപള്ളിയിൽ സംസ്കരിച്ചു. ഭാര്യ ഏലിയാമ്മ 1970-ൽ മരണമടഞ്ഞു. സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് പള്ളിയിൽ സംസ്കരിച്ചു. മകൾ സാറാമ്മയെ മനോരമ ചീഫ് എഡിറ്റർ ആയിരുന്ന കെ. എം. ചെറിയാൻ വിവാഹം കഴിച്ചു. മറിയാമ്മ (കുഞ്ഞൂഞ്ഞമ്മ)യെ തിരുവല്ലാ കളത്തിൽ കെ. എം. മാത്യു വിവാഹം കഴിച്ചു.

**V -കൊച്ചേലിയാമ്മ**




*കൊച്ചേലിയാമ്മ, മകൻ സന്തോഷ്, ഭാര്യ മറിയാമ്മ, മക്കൾ അരുൺ, അനൂപ്*

കൊച്ചേലിയാമ്മയെ പുത്തൻകാവ് മാമ്മൂട്ടിൽ ചാക്കോച്ചന്റെ മകൻ എം. സി. നൈനാൻ (കുഞ്ഞപ്പൻ)( നിര്യാതൻ ) വിവാഹം കഴിച്ച് ദത്തവകാശിയായി. ഇവർക്ക് ദയ, സന്തോഷ്, സത്യു

എന്ന് മൂന്ന് പത്രന്മാരും രാജമ്മ തന്ന ഒരു പുത്രിയും, രാജമ്മയെ നടുവിലയ്യത്ത് സി. ഡാനിയേൽ വിവാഹം കഴിച്ചു.( പരേതൻ). കൊച്ചേലിയാമ്മ 2023 ജൂലൈ 22 നു നിര്യാതയായി.

**V A -എം. സി. നൈനാൻ (കുഞ്ഞപ്പൻ)**





*എം.സി.നൈനാൻ, ഭാര്യ കൊച്ചേ ലിയാമ്മ*

പഠിക്കുന്ന കാലത്തുതന്നെ ഒരു സജീവ രാഷ്ട്രീയ പ്രവർത്തകനായിരുന്നു. സ്വാതന്ത്ര്യസമരകാലത്തു ജയിൽവാസം അനുഭവിച്ചിട്ടുണ്ട്. കല്ലൂപ്പാറ പഞ്ചായത്തിന്റെ ആദ്യ പ്രസിഡൻറായിരുന്നു. ഏലിയാമ്മ (രാജമ്മ) എന്നൊരു മകളും ദയ, സന്തോഷ്, സത്യു എന്ന് മൂന്ന് പുത്രന്മാരും ഉണ്ട്. രാജമ്മയെ കൊല്ലകടവിൽ നടുവിലയ്യത്ത് വൈ. ദാനിയേലിന്റെ മകൻ ജോയി വിവാഹം കഴിച്ചു. എം.സി. നൈനാൻ 1999 മെയ് 9 നും, കൊച്ചേലിയമ്മ 2022 ജൂലൈ 22 നും  നിര്യാതരായി. ഇരുവരേയും പുത്തൻകാവ് സെന്റ് ജോൺസ് ചാപ്പലിൽ  (കുറ്റി പള്ളി) സംസ്കരിച്ചു.

**VI -നൈനാൻ ദയ ജേക്കബ്**



*ദയ, ഭാര്യ കൊച്ചുമോൾ*

വിദ്യാഭ്യാസത്തിനുശേഷം ദീർഘകാലം വിധുര എസ്റ്റേറ്റ് മാനേജരായി വനമനുഷ്ഠിച്ചിരുന്നു. പിന്നീട് കോട്ടയത്ത് മനോരമ ഗ്രൂപ്പിൽ സേവന മനുഷ്ഠിച്ചു. പിന്നീട് കുറച്ചുനാൾ ഗൾഫിൽ ജോലി നോക്കിയിരുന്നു. ഇപ്പോൾ വീട്ടുകാര്യങ്ങളിൽ ശ്രദ്ധചെലുത്തി മുളക്കുഴ പള്ളിപ്പാടിയിൽ മാമൂട്ടിൽ മാർട്ട് ഭവനിൽ  കഴിയുന്നു. തിരുമൂല പൂവള്ളി കണ്ടത്തിൽ പാപ്പച്ചന്റെ മകൾ കൊച്ചുമോളാണ്

ഭാര്യ. എൽസാ എന്നൊരു മകളും ദിലു  എന്ന് ഒരു മകനുമുണ്ട്. മകൾ എൽസയെ തേവലക്കര പൈനുവിളയിൽ പി.വി. കുഞ്ചെറിയ വൈദ്യന്റെ മകൻ മാത്യു വിവാഹം കഴിച്ചു. ഇവർക്ക് ആരോൺ എന്ന ഒരു പുത്രൻ.



*എൽസ, ഭർത്താവ് മാത്യു, പുത്രൻ ആരോൺ*

**VII -ദിലു ജേക്കബ് നൈനാൻ**




*ദിലു, ഭാര്യ ആൻ വീണ, പുത്രി  ഹെയ്സൽ*

തടിയൂർ കൊന്നനിൽക്കുന്നതിൽ കെ.എ. വർഗീസിന്റെ മകൾ ആൻ വീണ വര്ഗീസ് ആണ് ഭാര്യ. ഇവർക്ക് ഹെയ്സൽ എന്ന ഒരു പുത്രി . കുടുംബസമേതം ദുബായിൽ താമസിക്കുന്നു.

**VI -സന്തോഷ്**

കറുകച്ചാൽ പുത്തൻപീടികയിൽ കുര്യൻ, അമ്മിണി ദമ്പതികളുടെ മകൾ മറിയാമ്മയാണ് ഭാര്യ. സന്തോഷും മറിയാമ്മയും ഗൾഫിൽ ജോലിയായിരുന്നു.ഇവർക്ക് അരുൺ, അനൂപ് എന്ന രണ്ട് പുത്രന്മാർ.


**VII- അരുൺ സന്തോഷ്**



ഡോ.അരുൺ, ഭാര്യ സനിത

തിരുവനന്തപുരം പാലാരിവട്ടത്ത് ഒരു ആയുർവേദ ക്ലിനിക്കും ഫിറ്റ്നസ് സെന്ററും നടത്തുന്നു പാലാരിവട്ടം കടവത്രയിൽ ജോർജ്ജിന്റെയും സെറീനയുടെയും മകൾ സുനിതയാണ് ഭാര്യ.

**VII- അനൂപ് സന്തോഷ്**




*അനൂപ്, ഭാര്യ സ്നേഹ, പുത്രൻ ഐഡൻ.*

എം.ബി.എ. മാസ്റ്റർ ബിരുതം കരസ്ഥമാക്കിയ ശേഷം പുതുച്ചേരി എം.ആർ.എഫ്ൽ ജോലി ചെയ്യുന്നു. ഇരവിപേരൂർ പുറത്തും മുറിയിൽ തോമസിന്റെയും സാലിയുടെയും മകൾ സ്നേഹ യാണ് ഭാര്യ. ഇവർക്ക് ഐസൻ എന്നൊരു മകൻ, പോണ്ടിച്ചേരിയിൽ പഠിക്കുന്നു.

**VI -സത്യു**

അവിവാഹിതനായി 2015 ൽമരണമടഞ്ഞു.

**IV -Judge. എ.പീലിപ്പോസ് മാരേട്ട്, MA, BL**



*ജഡ്ജ് മാരേട്ട് എ. ഫിലിപ്പോസും ഭാര്യ ഏലിയാമ്മയും*

1875 ഒക്ടോബർ 15-ാം തീയതി ജനിച്ചു. മദ്രാസ് ക്രിസ്ത്യൻ കോളജിൽനിന്ന് 1904 ൽ എം. എ. ബിരുദവും 1907ൽ മദ്രാസ് ലോ കോളജിൽ നിന്ന് ബി. എൽ. ബിരുദവും നേടി. മലങ്കര ഓർത്തഡോക്സ് സഭയിൽ നിന്ന് ആദ്യമായി എം. എ. ബിരുദം നേടിയത് ഇദ്ദേഹമാണ്. കേരളത്തിൽ തിരിച്ചെത്തി അഭിഭാഷകനായും, സർക്കാർ വക്കീലായും പ്രശസ്തമായ സേവനം അനുഷ്ഠിച്ചു. അനന്തരം തിരുവിതാംകൂർ ജുഡീഷ്യൽ ഡിപ്പാർട്ട്മെൻറിൽ ജഡ്ജിയായി നിയമിതനാകുകയും സീനിയർ ഡിസ്ട്രിക്ക് ജഡ്ജിയായി പെൻഷൻ പറ്റുകയും ചെയ്തു. വടക്കേത്തലക്കൽ കുടുംബത്തെ സംബന്ധിച്ച്, പ്രത്യേകിച്ച് മാരേട്ട് ശാഖയെ സംബന്ധിച്ച് വളരെ പ്രയോജനപ്രദമായ ഡയറിക്കുറിപ്പുകൾ ഇദ്ദേഹം എഴുതി സൂക്ഷിച്ചിരുന്നു. 81-ാമത്തെ വയസിൽ തന്റെ ആത്മകഥ പ്രസിദ്ധീകരിച്ചു. ക്രിസ്തീയ സമുദായത്തിനും മലയാള ഭാഷക്കും ഇതൊരു മുതൽക്കൂട്ടായിരുന്നു. അദ്ദേഹത്തിന്റെ നിഷ്കളങ്കത ജീവിതനിഷ്ഠക്കും ആ കൃതി നിദർശനമായിരുന്നു. അദ്ദേഹം കത്തോലിക്കാ വിശ്വാസിയായിത്തീരുകയും ആ സമുദായത്തിനു വേണ്ടി വളരെ അധികം പ്രവർത്തിക്കുകയും ചെയ്തു. പരിശുദ്ധ പീയൂസ് 12 ആമൻ മാർപാപ്പയിൽ നിന്നും അദ്ദേഹത്തിനു സഭയ്ക്കും അതിന്റെ തലവനും വേണ്ടി ചെയ്യുന്ന സേവനങ്ങളുടെ പേരിൽ പൊതുവേ മാർപ്പാപ്പയ്ക്ക് അർഹരായവർക്ക് പ്രതിഫലം നൽകുന്ന പ്രോ എക്ലീസിയ എറ്റ് പൊന്തിഫിസ് എന്ന ബഹുമതിയും ലഭിച്ചു.



LA SANTITA' DI NOSTRO SIGNORE
PIO P.P. XII
SI E' DEGNATA DI CONFERIRE LA CROCE PRO ECCLESIA ET PONTIFICE
al Sig. A. Philopose
AUTORIZZANDOLO AD ORNARSENE IL PETTO NEI MODI DI USO
DAL VATICANO, [illegible]
IL CARDINALE SEGRETARIO DI STATO
[illegible]

അദ്ദേഹം ദാനം ചെയ്ത സ്ഥലത്താണ് സെൻറ് ജോസഫ് (തച്ചമം ) കത്തോലിക്കാ പള്ളി സ്ഥിതി ചെയ്യുന്നത്. ചെറുപ്പകാലം മുതലെ ആത്മീയ കാര്യങ്ങളിൽ അതീവ തല്പരനും സത്യാന്വേഷിയുമായിരുന്നു. തന്റെ ഉത്തമ ബോദ്ധ്യത്തിന്റെ പേരിൽ സത്യമായ സഭ കത്തേലിക്കാ സഭയാണ് എന്ന് വിശ്വസിക്കുകയും അതിൻപ്രകാരം അങ്ങോട്ട് മാറുകയുമാണുണ്ടായത്. 1961 ഡിസംബർ മാസം 26-ാം തീയതി നിര്യാതനായി. സെന്റ് ജോസഫ് (തച്ചമം) കത്തോലിക്കാ പള്ളിയിൽ സംസ്കരിച്ചു. അടൂർ നെല്ലിമൂട്ടിൽ ഇടിച്ചാണ്ടി മുതലാളിയുടെ മകൾ ഏലിയാമ്മയായിരുന്നു ഭാര്യ. 1972 സെപ്റ്റംബർ 23ന് ഏലിയാമ്മ നിര്യാതയായി. തച്ചമം പള്ളിയിൽ സംസ്കരിച്ചു. ഇവർക്ക് ഏബ്രഹാം മാരേട്ട് (ഉണ്ണൂണ്ണി) , എം. പി. അലക്സാണ്ടർ (ഇടിച്ചാണ്ടിച്ചൻ), ജെ. പി. മാരേട്ട് (ജോണിക്കുട്ടി), എം. പി. തോമസ് (തോമ്മാച്ചൻ), എം.പി. ജോർജ് (ജോർജ് കുട്ടി എന്ന് 5 പുത്രന്മാരും സാറാമ്മ, മറിയാമ്മ, ഏലിയാമ്മ, അച്ചാമ്മ, ആച്ചിയമ്മ, ത്രേസിയാമ്മ , ആനിയമ്മ എന്ന് ഏഴ് പുത്രിമാരും ഉണ്ട്. സാറാമ്മയെ കുറ്റൂർ കണ്ടത്തിൽ കെ. എം. ഈപ്പൻ വിവാഹം കഴിച്ചു. മറിയാമ്മയെ വാകത്താനത്ത് കൈതയിൽ കെ. കെ. ജോർജ് വിവാഹം കഴിച്ചു. ഏലിയാമ്മയെ കൈപ്പട്ടൂർ തേരകത്ത് സി. കെ. തേരകത്ത് വിവാഹം കഴിച്ചു. അച്ചാമ്മയെ പുളിങ്കുന്നിൽ വാച്ചാപറമ്പിൽ സേവ്യർ മാത്യു വിവാഹം കഴിച്ചു. ആച്ചിയമ്മയെ ചങ്ങനാശ്ശേരി തോട്ടാശ്ശേരിൽ ചാക്കോച്ചൻ വിവാഹം കഴിച്ചു. ത്രേസ്യമ്മയെ കാവാലം അരിപറമ്പിൽ തൊമ്മിക്കുഞ്ഞ് ആദ്യം വിവാഹം കഴിച്ചു. രണ്ടാമത് കീഴ്വായ്പൂർ കുത്തുകല്ലുങ്കൽ അഡ്വ. കെ. കെ. ഫിലിപ്പ് വിവാഹം കഴിച്ചു. ആനിയമ്മയെ കാഞ്ഞിരപ്പള്ളി കരിപ്പാപ്പറമ്പിൽ കെ. സി. ചെറിയാൻ വിവാഹം കഴിച്ചു.



***എ. ഫിലിപ്പോസ് ജഡ്ജിയുടെ 12 മക്കൾ-***
*നില്കുന്നത്: ജോണിക്കുട്ടി, ആനിയമ്മ, ത്രേസ്യമ്മ, ജോർജ്കുട്ടി, ആച്ചിയമ്മ, അച്ചാമ്മ, തോമസ്കുട്ടി. ഇരിക്കുന്നത്: സാറാമ്മ, ഇടിചാണ്ടിച്ചൻ, ഉണ്ണുണ്ണി, മറിയാമ്മ, ഏലിയാമ്മ .*



*മാരേട്ട് എ. ഫിലിപ്പോസ് ജഡ്ജി ദാനമായി നൽകിയ തച്ചമം എന്ന പുരയിടത്തിൽ 1931 ൽ സ്ഥാപിച്ച സെന്റ് ജോസഫ് മലങ്കര കത്തോലിക്ക ദേവാലയം*

**V -ഏബ്രഹാം മാരേട്ട് (ഉണ്ണൂണ്ണി)**

ദാതാവാകാശത്താൽ ലഭിച്ച ഭാര്യ ഗൃഹമായ പുതുപ്പള്ളി താഴത്തു വീട്ടിൽ താമസിച്ചു.. ഇൻഡ്യൻ ഡയറി ഡെവലപ്മെന്റ് ഡിപ്ലോമ പാസായിട്ടുണ്ട്. മലയാള മനോരമയിൽ ഉദ്യോഗസ്ഥനായിരുന്നു. കൃഷി സംബന്ധമായ ലേഖനങ്ങൾ ഇദ്ദേഹം തുടർച്ചയായി എഴുതിയിരുന്നു. 1989 ഏപ്രിൽ 12 നു നിര്യാതനായി. പുതുപ്പള്ളിൽ താഴത്ത് അന്നാമ്മയാണ് ഭാര്യ. 1984 ഏപ്രിൽ 14 നു അന്നാമ്മ നിര്യാതയായി. എ. പീലിപ്പോസ്, (പീലിപോച്ചൻ) മാത്യൂസ് മാരേട്ട് (മാത്തുക്കുട്ടി) ജോസഫ് (ജോസ്) എന്ന് 3 പുത്രന്മാരും കൊച്ചേലിയാമ്മ, തങ്കമ്മ, സാറാമ്മ, മറിയാമ്മ എന്ന് നാല് പുത്രിമാരും ഉണ്ട്. കൊച്ചേലിയാമ്മ (BABT) കുണ്ടറ മറുദയാത്ത് പുത്തൻ വീട്ടിൽ യോഹന്നാൻ സക്കറിയ (BSc, BT) വിവാഹം കഴിച്ചു. തങ്കമ്മ (MA, BEd) യെ കോട്ടയത്ത് കഞ്ഞിക്കുഴിയിൽ പാറയിൽ പി. ജെ. മാത്യു (BSc., BT) വിവാഹം കഴിച്ചു. സാറാമ്മയെ മല്ലപ്പള്ളി മോഡയിൽ പി. വി. മാത്യു (ബേബി) വിവാഹം കഴിച്ചു. മറിയാമ്മയെ കുത്താട്ടുകുളത്ത് വൻനിലത്തിൽ ജോസഫ് വി തോമസ് വിവാഹം കഴിച്ചു.

**VI -എ. പീലിപ്പോസ് (BA., BL)**

കോട്ടയം ഡിസ്ട്രിക്റ്റ് കോടതിയിൽ 3 വർഷം അഭിഭാഷകനായിരുന്നു. പുതുപ്പള്ളിൽ സ്വന്തമായി ഒരു ഇംഗ്ലീഷ് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയിരുന്നു . ചെറുപ്പകാലം മുതൽ സാഹിത്യത്തിൽ അഭിരുചിയുള്ള ഇദ്ദേഹം മലായള സാഹിത്യത്തിൽ പല പുസ്തകങ്ങളും രചിച്ചിട്ടുണ്ട്. 20 കവിതകൾ ഉൾക്കൊള്ളുന്ന കാവ്യസമാഹാരം, പീലാത്തോസ് എന്ന ന്യായാധിപൻ, അബ്രഹാമിൻറ ബലി, കുരിശിൻ സന്ദേശം, ലാസർ എന്നിവ അവയിൽ ചിലതുമാത്രം. കല്ലട കയനാംപറമ്പിൽ റ്റി. ജോസഫിന്റെ മകൾ ഏലിസബേത്ത് ആണ് ഭാര്യ. പിലിപ്പോസ് 2016 ഫെബ്രുവരി 16ന് നിര്യാതനായി. ഏബ്രഹാം മാരേട്ട്, ജോസഫ് മാരേട്ട്, മാത്യൂസ് മാരേട്ട് എന്ന് മൂന്നുമക്കൾ ഉണ്ട്.

**VII -ഏബ്രഹാം മാരേട്ട്**

വിദ്യാഭ്യാസത്തിനുശേഷം വെസ്റ്റ് ഇൻഡീസിൽ ജോലി നോക്കുന്നു. ജസിയാണ് ഭാര്യ. ഫിലിപ്പ് എന്നൊരു കുട്ടിയുണ്ട്.

**VII -ജോസഫ് മാരേട്ട്**

വിദ്യാഭ്യാസത്തിനുശേഷം മലയാള മനോരമ തിരുവനന്തപുരം യൂണിറ്റിൽ ജോലി നോക്കുന്നു. ചെന്നിത്തല പുളിത്തിട്ട ദാനിയേലിൻറ മകൾ ഷെർലിയാണ് ഭാര്യ. ഒരു പുത്രൻ മാത്യൂസ് മാരേട്ട് ബി.കോം വിദ്യാർത്ഥിയാണ്

**VI -മാത്യൂസ് മാരേട്ട് (മാത്തുക്കുട്ടി)**



*മാത്യൂസ് മാരേട്ട്, ഭാര്യ* എലിസബേത്ത് *( ഷീല)*

തിരുവല്ലായിൽ താമസം. എൽ. ഐ. സി. ഡിപ്പാർട്ട്മെൻ്റ് ഓഫീസറായി സേവനമനുഷ്ഠിച്ചിരുന്നു. കോട്ടയത്ത് പാലത്തിങ്കൽ കുര്യൻ്റെ മകൾ എലിസബേത്ത് ആണ് ഭാര്യ. ഏബ്രഹാം മാത്യു (എബി), കുര്യൻ മാത്യു(മേബു) എന്ന് രണ്ട് പുത്രന്മാരും അന്നമ്മ മാരേട്ട്, ഏലസിബേത്ത് മാത്യു, ബീനാ മാത്യു എന്ന് 3 പുത്രിമാരും ഉണ്ട്. മാത്യൂസ് 2023 ഡിസംബർ 5 നു നിര്യാതനായി. അന്നമ്മ മാത്യു കോതമംഗലത്ത് എലഞ്ഞിക്കൽ ചെറിയാൻ വക്കീലിൻ്റെ മകൻ തോമസ് ചെറിയാൻ വിവാഹം കഴിച്ചു. ഏലിസബേത്ത് കമ്പ്യൂട്ടർ കോഴ്സ് പാസായശേഷം ബാംഗ്ലൂരിൽ ജോലി നോക്കുന്നു. ബീന ബി.കോം. പാസായശേഷം ബാംഗ്ലൂരിൽ ജോലി നോക്കുന്നു.

**VII -ഏബ്രഹാം മാത്യു Civil Engr. (എബി)**



ഇദ്ദേഹം ഒരു കോൺട്രാക്റ്റർ ആണ്. ഇരുട്ടി വള്ളിത്തോട് കാക്കനാടൻ സെബാസ്റ്റ്യൻ്റെ മകൾ സ്മിതയാണ് ഭാര്യ.

**VII -കുര്യൻ മാത്യു (മേബു)**

ഹോട്ടൽ മാനേജ്മെന്റ് കഴിഞ്ഞു. മദ്രാസിൽ അബാൻ എന്ന സ്ഥാപനത്തിൽ സേവനമനുഷ്ഠിക്കുന്നു.


**VI -ജോസഫ് മാരേട്ട്( ജോസ്)**



*ജോസഫ് മാരേട്ട് , ഭാര്യ മേരിക്കുട്ടി*

ഇദ്ദേഹം ഒരു ഹോമിയോ ഡോക്ടർ ആണ്. കുത്താട്ടുകുളത്ത് ചക്കാലയിൽ ജോണിന്റെ മകൾ മേരിക്കുട്ടിയാണ് ഭാര്യ. ഏബ്രഹാം മാരേട്ട് എന്നൊരു മകനും ജ്യോതി മാരേട്ട് എന്നൊരു മകളും ഉണ്ട്. ജോസ് 2015 ആഗസ്റ്റ് 31 ന് നിര്യാതനായി.

**VII-ഏബ്രഹാം മാരേട്ട് Elect. Eng. (ജോബി)**




*ജോബി, ഭാര്യ മഞ്ജു, മകൾ ആലിനും*

വാകത്താനം തെക്കേൽ മഞ്ജു ആണ് ജോബിയുടെ ഭാര്യ. ജോബി ബിസിനെസ്സ് നടത്തുന്നു. മഞ്ജു അധ്യാപികയാണ്. ഇവർക്ക് ജിത്തു ജോസ് മാരേട്ട്(അഡ്വക്കേറ്റ്)എന്ന പുത്രനും, ആലിൻ മറിയ എബ്രഹാം(Mcom) എന്നൊരു പുത്രിയും.



*ജിത്തു ജോസ്*

**VII- ജ്യോതി മാരേട്ട്**



*ജ്യോതി പുത്രൻ എൽദോ റോയ്, പുത്രി മറിയ റോയ്*

കോട്ടയം കഞ്ഞിക്കുഴി ഇല്ലിക്കമലയിൽ റോയ് ജ്യോതിയെ വിവാഹം കഴിച്ചു. റോയ് 2010 നവംബർ 9 നു നിര്യതനായി. ഇവർക്ക്  മറിയ (Msc - മോളിക്യൂലർ മെഡിസിൻ) എന്നൊരു പുത്രിയും, എൽദോ (Bcom ) എന്നൊരു പുത്രനും.

**V -എം. പി. അലക്സാണ്ടർ MA, BL . (ഇടിച്ചാണ്ടിച്ചൻ)**



*ഇടിചാണ്ടിച്ചനും ഭാര്യ തങ്കമ്മയും*

എ. പീലിപ്പോസ് ജഡ്ജിയുടെ രണ്ടാമത്തെ മകൻ. മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്ന് എം. എ. ബിരുദവും, തിരുവനന്തപുരം ലോ കോളജിൽ നിന്ന് ബി. എൽ. ബിരുദവും സമ്പാദിച്ചു. 1937 മുതൽ 1969 വരെ മദ്രാസ് ഗവൺമെൻറിലും കേന്ദ്ര ഗവൺമെന്റിലും സേവനമനുഷ്ഠിച്ചു. ഗവൺമെന്റ് ഓഫ് ഇൻഡ്യ ധനകാര്യം, വ്യവസായം, വിദേശ വ്യാപാരം എന്നീ വകു പ്പുകളിൽ അണ്ടർ സെക്രട്ടറിയായും ഡപ്യൂട്ടി സെക്രട്ടറിയായും സേവന മനുഷ്ഠിച്ചിട്ടുണ്ട്. കയർ ബോർഡ്, കാർഡമം ബോർഡ് എന്നിവയുടെ ചെയർമാൻ ആയിരുന്നു. അതിനോടൊപ്പം തന്നെ സമുദ്രോൽപന്നങ്ങൾ, കശുവണ്ടി, സുഗന്ധദ്രവ്യങ്ങൾ എന്നിവയുടെ എക്സ്പോർട്ട് പ്രമോഷൻ ചെയർമാൻ കൂടിയായിരുന്നു. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ട്രെയിഡ് ഡയറക്റ്റർ ആയി പെൻഷൻ പറ്റി; ബാംഗ്ലൂരിൽ സ്ഥിരതാമസമാക്കി. എന്നാൽ പിന്നീട് എറണാകുളത്തേക്ക് താമസം മാറ്റി. ബാംഗ്ലൂരിൽ 5 വർഷക്കാലം അവലോൺ ഗ്രൂപ്പ് കമ്പനികളുടെ മാനേജരായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1991 മാർച്ച് 26-ാം തീയതി നിര്യാതരായി. എറണാകുളത്ത് സംസ്കരിച്ചു. തിരുവനന്തപുരത്ത് റാവു ബഹദൂർ സി. ജെ. പോളിന്റെ മകൾ റോസ് (തങ്കമ്മ) യായിരുന്നു. ഭാര്യ. 1997 ഫെബ്രുവരി മാസത്തിൽ തങ്കമ്മ നിര്യാതയായി. എറണാകുളത്ത് സംസ്കരിച്ചു. ഫിലിപ്പ് (ബില്ലു) എന്നൊരു മകനും, ഏലിസബേത്ത് (എൽസി), റോസ് (റോസിലിൻ) എന്ന് രണ്ട് പെൺമക്കളും ഉണ്ട്. മകൾ ഏലിസബത്തിനെ (എൽസി) കാഞ്ഞിരപ്പള്ളി കൊല്ലംകുളത്ത് ജി. കെ. ഏബ്രഹാം(മാനേജിങ് ഡയറക്ടർ കൊച്ചിൻ റിഫൈനറി ) വിവാഹം കഴിച്ചു. റോസ് (റോസ്ലിൻ ) നെ എം. റ്റി. മാഞ്ഞൂരാൻ (ഡിവിഷനൽ മാനേജർ CEAT ടയർ ഓഫ് ഇൻഡ്യ കൽക്കട്ട) വിവാഹം കഴിച്ചു ബില്ലു എന്ന ഒറ്റ മകൻ 9-ാമത്തെ വയസിൽ മരണമടഞ്ഞു. സെൻറ് ജോസഫ് (തച്ചമം) കത്തോലിക്കാ പള്ളിയിൽ സംസ്ക്കരിച്ചു.

**V -Col .ജെ. പി. മാരേട്ട് (ജോണിക്കുട്ടി)**



*Col .ജെ. പി. മാരേട്ട് , ഭാര്യ ഷീല*

പീലിപ്പോസ് ജഡ്ജിയുടെ മൂന്നാമത്തെ മകൻ. രണ്ടാം ലോകമഹാ യുദ്ധകാലത്ത് ലെഫ്റ്റൻറ് ആയി ഇന്ത്യൻ ആർമിയിൽ ചേർന്നു. പടിപടിയായി ഉയർന്ന് കേണൽ ആയി പെൻഷൻ പറ്റി. വടക്കേ ഇൻഡ്യാക്കാരി ഷീലയാണ് ഭാര്യ. വിക്രം എന്നൊരു മകൻ മാത്രം. ജെ. പി. മാരേട്ട് ഡൽഹി, വസന്തവിഹാറിൽ സ്ഥിരതാമസമാക്കി. അവിടെ ഷിവിക്സ് എന്ന ഒരു സ്ഥാപനം നടത്തി വന്നു. 2011 സെപ്റ്റബർ 30 നു ഡൽഹിയിൽ വെച്ച് നിര്യതനായി. മൃതശരീരം നാട്ടിൽ എത്തിച്ചു തച്ചമം ദേവാലയത്തിൽ സംസ്കരിച്ചു.

**VI - വിക്രം മാരേട്ട്**



അമേരിക്കയിൽ ഉപരിപഠനം നടത്തി അവിടെ കുറച്ചു നാൾ സേവനമനുഷ്ഠിച്ചു. ഇപ്പോൾ നാട്ടിൽ തിരിച്ചുവന്ന് ഡൽഹിയിൽ ബിസിനസ്സ് നടത്തുന്നു. അവിവാഹിതൻ.

**V -എം. പി. തോമസ് (തോമ്മാച്ചൻ)**




*എം.പി. തോമസും ഭാര്യ അന്നാ മറിയവും(ബേബി)*

പീലിപ്പോസ് ജഡ്ജിയുടെ നാലാമത്തെ മകൻ. ബി. കോം. പാസായ ശേഷം ചങ്ങനാശ്ശേരിയിൽ ട്രേഡ് സെന്റര് എന്ന പേരിൽ സ്വന്തം ബിസിനസ്സ് നടത്തിയിരുന്നു. പുളിങ്കുന്ന് ഇല്ലിപ്പറമ്പിൽ ഷെവലിയർ ഐ. സി. ചാക്കോയുടെ മകൾ അന്നാ മറിയം ചാക്കോയാണ് ഭാര്യ. ജേക്കബ് പി. തോമസ് (കിന്നൻ) എന്നൊരു മകനും, എലിസബത്ത് (കിന്നി), മേരി നോണാ (നോണ), അന്നാ (പാറ്റി) എന്ന് 3 പെൺമക്കളും ഉണ്ട്. മകൾ ഏലിസബേത്തിനെ (M. Tech.) (കിന്നി) റിട്ടയർഡ് ഗവൺമെന്റ് സെക്രട്ടറി (തിരുവനന്തപുരം) സി. കെ. ജോണിന്റെ മകൻ ബാബു ജോൺ വിവാഹം കഴിച്ചു. മകൾ മേരി നോണാ ബി. എസ്. സി. (നോണ)ചങ്ങനാശ്ശേരിൽ ഒളശയിൽ പരേതനായ ഒ. പി. ചാണ്ടിയുടെ മകൻ ജോസ് ചാണ്ടി (ജോസി) എ. സി. എ. വിവാഹം കഴിച്ചു. അന്നാ ജോണിനെ എം. എ.(പാറ്റി) അയർക്കുന്നത്ത് കുഴമറ്റത്തിൽ കെ. കെ. മാത്യുവിന്റെ മകൻ ജോസ് മാത്യു (എൻജി.) വിവാഹം കഴിച്ചു.

**VI -ജേക്കബ് പി. തോമസ് (Engineer.) (കിന്നൻ)**

വിദ്യാഭ്യാസത്തിനുശേഷം അമേരിക്കയിൽ ജോലി നോക്കുന്നു. പെരുമണ്ണൂർ (കൊച്ചി) പയ്യപ്പള്ളിൽ പ്രഫസർ കെ. ജെ. ജോസഫിന്റെ മകൾ ടെസ്സിൻ (Engner.) ആണ് ഭാര്യ. ഒരു മകനും ഒരു മകളും ഉണ്ട്.


**V -എം. പി. ജോർജ് BA. B.Ed (ജോർജ്കുട്ടി)**



*എം. പി.ജോർജ്( ജോർജ് കുട്ടി), ഭാര്യ ചിന്നമ്മ*

മാരേട്ട് എ. ഫിലിപ്പോസ് ജഡ്ജിയുടെ പുത്രന്മാരിൽ ഇളയ ആൾ . അദ്ധ്യാപകനായി മലങ്കര കത്തോലിക്കാ രൂപതയുടെ കീഴിലുള്ള തിരുവനതപുരം, ചേപ്പാട്, കൊളത്തൂപുഴ എന്നീ വിദ്യാലയങ്ങളിൽ സേവനം അനുഷ്ഠിച്ച ശേഷം, മൈലപ്ര റ്റീച്ചേഴ്സ് ട്രെയിനിങ്ങ് സ്കൂൾ ഹെഡ്മാസ്റ്ററായി സേവന മനുഷ്ഠിച്ച് പെൻഷൻപറ്റി, മാരേട്ട് തറവാട്ടിൽ ഗൃഹകാര്യങ്ങളിൽ ശ്രദ്ധ ചെലുത്തി കഴിഞ്ഞുവരവെ 1991 സെപ്റ്റംബർ മാസം 17 -ാം തീയതി 66-ാമത്തെ വയസിൽ നിര്യാതനായി. സെന്റ് ജോസഫ് (തച്ചമം) കത്തോലിക്കാ പള്ളിയിൽ സംസ്കരിച്ചു. കോട്ടാങ്ങൽ പനന്തോട്ടത്തിൽ ഔസേപ്പച്ചന്റെ മകൾ അന്നമ്മ (ചിന്നമ്മ) യാണ് ഭാര്യ. ചിന്നമ്മ 2023 ആഗസ്റ്റ് 28ന് നിര്യാതയായി. തച്ചമം കത്തോലിക്കാ ദേവാലയിത്തിൽ സംസ്കരിച്ചു. ഇവർക്ക് ഫിലിപ്പ്  (അജി), ജോസഫ് (അനിയൻകുഞ്ഞ്) എന്ന് രണ്ട് പുത്രന്മാരും അനിത എന്നൊരു പുത്രിയും ഉണ്ട് . മകൾ അനിതയെ ചണ്ണപ്പേട്ട ഒറ്റപ്ലാക്കൽ സെബാസ്റ്റ്യന്റെ മകൻ ഡോ. മൈക്കിൾ സെബാസ്റ്റ്യൻ വിവാഹം കഴിച്ചു.

**VI -ഫിലിപ്പ് ജോർജ്ജ്(അജി)**



*അജിയുടെ മക്കൾ ( ഇടത്തു നിന്നും)- പ്രെറ്റിയും മകളും, ദീപ്തി, വിക്കി*
*( ഇരിക്കുന്നത്) ഫിലിപ്പ് ജോർജ്(അജി), ഭാര്യ ഡിസ്സി*

ബയോ മെഡിക്കൽ എൻജിനിയറിങ്ങ് ഡിപ്ലോമാ കരസ്ഥമാക്കിയ ശേഷം കുറച്ചുനാൾ തിരുവല്ലാ പുഷ്പഗിരി ആശുപത്രിയിലും പിന്നീട് ഗൾഫിലും (M.O.H) ജോലി നോക്കി നാട്ടിൽ തിരിച്ചെത്തി കൃഷി കാര്യങ്ങളിൽ ശ്രദ്ധചെലുത്തി കഴിയുന്നു. നാടകം മുതലായ കലകളിൽ വളരെ അധികം താല്പര്യം ഉള്ള വ്യക്തിയാണ്. വടക്കേത്തലയ്ക്കൽ മഹാകുടുംബവിക്കിയോഗത്തിന്റെ ജനറൽ സെക്രർട്ടറിയായി പ്രവർത്തിച്ചിരുന്നു. 3 വർഷത്തിലേറെയായി മാരേട്ട് കുടുംബയോഗ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചു വരുന്നു. കൂടാതെ വടക്കേത്തലയ്ക്കൽ മഹാകുടുംബ വെബ്സൈറ്റിന്റെ(www.vadakkethalackalmahakudumbam.com) കോർഡിനേറ്റർ കൂടിയാണ്. പുറമറ്റം ജാഗ്രതാ സമിതി ജനറൽ സെക്രട്ടറിയായി 4 വർഷം സേവനമനുഷ്ഠിച്ചു. സ്വന്തമായി "പരിത്രാണം" എന്ന ഒരു നാടകവും, " ആശാ കിരണം " എന്ന ഒരു ക്രിസ്തീയ ഗാന ആൽബവും രചിച്ചിട്ടുണ്ട്. പുതുപ്പള്ളിൽ ഇല്ലിക്കൽ ഇ. സി. മാത്യു (ഗവ. അഡി. സെക്രട്ടറി) വിന്റെ മകൾ ഡിസിലി (ബി.കോം.) ആണ് ഭാര്യ. ഡിസിലി അയർകുന്നം ബീവറേജ്സ് മാനേജരായും എറണാകുളം റീജണൽ മാനേജരായും ജോലിയിൽ നിന്നും വിരമിച്ചു.. ഇവർക്ക് വിക്കി അന്ന ഫിലിപ്പ്, പ്രെറ്റി  റേച്ചൽ ഫിലിപ്പ്, ദീപ്തി സൂസൻ ഫിലിപ്പ് എന്ന് മൂന്ന് പെൺകുട്ടിൾ.

**VII വിക്കി അന്ന ഫിലിപ്പ്**

വിക്കിയെ കോട്ടയത്ത് പുളിയൻകീഴ് അനിയൻകുഞ്ഞിന്റെ മകൻ എബിൻ വിവാഹം കഴിച്ചു.എബിൻ ബാംഗ്ലൂർ ടി.സി.സ്. കൺസൾറ്റൻറ് ആയി ജോലി ചെയ്യുന്നു . ഇവർക്ക് ഈഥൻ എന്ന  ഒരു പുത്രനും എസ്ഥേർ എന്ന ഒരു പുത്രിയും ഉണ്ട്.



*ഈഥൻ, വിക്കി അന്ന, എസ്ഥേർ, എബിൻ*

**VII പ്രെറ്റി  റേച്ചൽ ഫിലിപ്പ്**



*ഫ്രിദ, പ്രെറ്റി, ഫ്രിവിൻ*

പ്രെറ്റിയെ കട്ടപ്പന കരിക്കിൻമേട്  പുതിയത്തു രാജന്റെ മകൻ  വിവാഹം കഴിച്ചു. ഇവർക്ക് ഫ്രിദ എന്നൊരു പുത്രിയും ഫ്രിവിൻ എന്ന പുത്രനും. പ്രെറ്റി സ്വന്തമായി ഓൺലൈൻ ബിസിനസ് ചെയ്യുന്നു .

**<u>VII ദീപ്തി</u>  സൂസൻ ഫിലിപ്പ്**

ബി.എ. ഡിഗ്രി  പാസ്സായശേഷം എയർപോർട്ട് മാനേജ്മെൻറ് പൂർത്തിയാക്കി.  ഇതോടൊപ്പംതന്നെ ചലച്ചിത്ര  രംഗത്തു അഭിനയിക്കുന്നു. എറണാകുളം ചോറ്റാനിക്കര പാട്ടശ്ശേരിൽ സ്റ്റീഫന്റെ മകൻ റോബിൻ, ദീപ്തിയെ വിവാഹം കഴിച്ചു. റോബിൻ പെർഫെക്റ്റ് കൂൾ എന്ന ഒരു എയർ കണ്ടിഷൻ മെയ്ന്റനൻസ് കമ്പനി സ്വന്തമായി നടത്തി വരുന്നതിനൊപ്പം  ചലച്ചിത്ര രംഗത്തും പ്രവർത്തിക്കുന്നു.



*ദീപ്തി, റോബിൻ*

**VI -ജോസഫ് ജോർജ്ജ് ( അനിയൻകുഞ്ഞ് )**



*അനിയൻകുഞ്ഞ്, റീന, ജെറിൻ*

ബാംഗളൂർ എം.ആർ.എഫിൽ ദീർഘകാലം ജോലി നോക്കിയ ശേഷം കുടുംബസമേതം നാട്ടിലെത്തി മാതാവിനൊപ്പം മാരേട്ട് തറവാട്ടിൽ സ്ഥിരതാമസമാക്കി.

മണലേൽ എം .സി . തമ്പുവിന്റെ മകൾ റീന (BSc, BEd) ആണ് ഭാര്യ. ഇവർക്ക് ജോർജ് ജെ. മാരേട്ട് (ജെറിൻ) എന്നൊരു മകൻ ഉണ്ട്.